# പരിശുദ്ധാത്മ നിറവ്

## രോഗശാന്തിയും ആത്മീയ വിടുതലും
## ദൈവകാരുണ്യ നൊവേനയും
## ദിവ്യകാരുണ്യ നവനാളും




Rev. Dr. Jose Vettiyankal VC LOCL, PhD, MA, MPhil, PhD


പരിശുദ്ധാത്മ നിറവ്, രോഗശാന്തിയും ആത്മീയ വിടുതലും ദൈവകാരുണ്യ നൊവേനയും ദിവ്യകാരുണ്യ നവനാളും



Rev. Dr. Jose Vettiyankal VC is a retreat preacher. Ever since his ordination on Jan 4th 1988, he has been preaching, all over the world. He has also served as tribunal judge in the Archdiocese of Mylapore in Tamil Nadu and defender of Bond in the Archdiocese of Kottayam in Kerala. For a while he was Provincial Superior of the St Joseph Province of the Vincentian Congregation. Fr. Jose is an exorcist in the Archdiocese of Bengaluru and also he is a Historian and a Canonist. At present he serves as the Director of Logos Retreat Centre, Bengaluru, India. He has M.A., M.Phil, PhD in World History & Licentiate in Canon Law.

**Logos Retreat Centre**

No.29, Prakruthi township, 1st Main, P.B.4326
Babusahibpalaya, Near St. Joseph Parish Church
Bengaluru - 560113. Whatsapp: 919845039507

₹.50.00


Publisher: Mr. Ganesh Joseph, Paraclete Consultants, Chennai, India.
Typesetting by: adorndtp@gmail.com
September 2019

# ഈ പ്രാർത്ഥനാപുസ്തകത്തിന്റെ ലക്ഷ്യം

യേശുക്രിസ്തുവുമായി ഒരു ദൃഢമായ ബന്ധം എട്ടുതലങ്ങളിൽ വ്യാപിപ്പിക്കുന്നതുവഴി പരിശുദ്ധാത്മാവിന്റെ അതിശക്തമായ അഭിഷേകത്തിലേക്കും വരദാന ഫലങ്ങളിലേക്കും ആദിമസഭയിലെന്നതുപോലെ വിശ്വാസസമൂഹത്തെ നയിക്കുക എന്നുള്ളതാണ്. ഇപ്രകാരം യേശുവിൽ വസിക്കുമ്പോൾ (യോഹ. 15:7) ജീവിതത്തിലെ സകല പ്രശ്നങ്ങളും തീർന്ന് സകല രോഗങ്ങളിൽ നിന്ന് വിടുതൽ പ്രാപിച്ച് ആദ്യപെന്തക്കുസ്ത് അനുഭവത്തിൽ നിലനിൽക്കാൻ കഴിയും. ഇത്തരത്തിലുള്ള ബന്ധത്തിനും അഭിഷേകത്തിനും സഹായകരമായ ഘടകങ്ങളാണ് 20 പ്രാർത്ഥനകൾ, 14 ആദ്ധ്യാത്മിക ഘടകങ്ങൾ, 5 ആദ്ധ്യാത്മിക ശീലങ്ങൾ (PP 97-112). സൗഖ്യം, അനുഗ്രഹം, അഭിഷേകം മുതലായവ യേശുക്രിസ്തുവുമായി എട്ടു തലങ്ങളിൽ നമുക്കുള്ള ദൃഢമായ ബന്ധത്തിന്റെ ഉപോൽപന്നങ്ങളാണ്.

എട്ടു തലങ്ങളിലുള്ള ബന്ധങ്ങൾ താഴെ കൊടുക്കുന്നു.

1. അനുഗമിക്കുന്നവർ - മത്താ. 4:23-25
2. ശിഷ്യന്മാർ (ഗുരുശിഷ്യ ബന്ധം) - ലൂക്ക 10:1
3. അപ്പസ്തോലന്മാർ (അപ്പസ്തോലിക ബന്ധം) - മത്താ. 10:1-2, മർക്കോ. 3:13-14
4. യേശുവിന്റെ സുഹൃത്തുക്കൾ, സഹോദരി സഹോദരന്മാർ - യോഹ 15:16, യോഹ. 20:17
5. യേശുവിന്റെ സഹപ്രവർത്തകർ - 1കോറി. 3:9
6. ദൈവരാജ്യത്തിന്റെ അംബാസിഡർമാർ - 2കോറി. 5:20
7. യേശുവിന്റെ പകരക്കാർ - ഗലാത്തി 2:20
8. മുന്തിരിയും ശാഖകളും, ഇടയനും ആടുകളും, ഭാര്യയും ഭർത്താവും തമ്മിലുള്ള അഭേദ്യമായ ബന്ധം പോലെ - യോഹ 15:5, 10:16, 2കോറി. 11:2



"എല്ലാവർക്കുംവേണ്ടി അർപ്പിക്കപ്പെടുന്ന ദൈവിക കരുണയ്ക്ക് യാതൊരു അതിരുമില്ല.... ജീവന്റെ വെളിച്ചമായ ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന പാപത്തിന്റെ സ്മാരകശില എടുത്തുമാറ്റുവാൻ കർത്താവ് എപ്പോഴും സന്നദ്ധനാണ്."

- ഫ്രാൻസീസ് മാർപാപ്പ



**His Grace Bernard Moras**

Archbishop of Bengaluru

# പരിശുദ്ധാത്മ നിറവ്

## രോഗശാന്തിയും
## ആത്മീയ വിടുതലും
## ദൈവകാരുണ്യ
## ജപമാലയും നൊവേനയും
## ദിവ്യകാരുണ്യ നവനാളും


Author
**Rev. Dr. Jose Vettiyankal VC** LOCL, PhD, MA, MPhil, PhD



Nihil Obstat
**Fr. John Francis Cheriyavely** VC
M.A, M.Th., Ph.D., STD

Imprimatur
**His Grace Bernard Moras**
Archbishop of Bengaluru
25th February 2015

**Published by**
Website: www.frjosevettiyankal.org
Email:frjosevet@gmail.com

# ഉള്ളടക്കം


| | പേജ് |
|---|---|
| ❖ എങ്ങനെ നിങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം? | 3 |
| ❖ പരിശുദ്ധാത്മ നിറവ് | 4 |
| ❖ പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുന്നതിന് ദിവസവും അനുഷ്ഠിക്കേണ്ട പ്രാർത്ഥനകൾ | 15 |
| ❖ പിശാചിന്റെ ഉപദ്രവങ്ങൾ നീക്കുവാനുള്ള പ്രാർത്ഥന | 36 |
| ❖ ആന്തരിക സൗഖ്യം | 41 |
| ❖ ദൈവകാരുണ്യ ജപമാലയും നൊവേനയും | 51 |
| ❖ ദിവ്യകാരുണ്യ നവനാൾ | 63 |
| ❖ അനുദിന പ്രാർത്ഥനകളും ആദ്ധ്യാത്മിക പരിശീലനങ്ങളും | 97 |


## ത്രികാല ജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു. പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ, കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിലാകട്ടെ. 1 നന്മ.

വചനം മാംസമായി; നമ്മുടെ ഇടയിൽ വസിച്ചു. 1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ; സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഢാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

3 ത്രിത്വസ്തുതി

## എങ്ങനെ നിങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം?

ആത്മീയ ജീവിതത്തിൽ വളർച്ച പ്രാപിക്കുവാനും, സ്വയം നശിക്കാതിരിക്കുവാനും, ദൈവത്തിൽ നിന്ന് എല്ലാ അനുഗ്രഹങ്ങളും സ്വീകരിക്കാനും ദിവസേനയുള്ള പ്രാർത്ഥനകളും ആദ്ധ്യാത്മിക ശീലങ്ങളും മുടക്കം കൂടാതെ ചെയ്യുക. വ്യക്തിപരമായ പ്രാർത്ഥനകൾ, പൊതുപ്രാർത്ഥനകൾ, സവിശേഷ പ്രാർത്ഥനകൾ എന്നീ മൂന്നു ഗണങ്ങളിലായി ആകെ 20 ഇനം പ്രാർത്ഥനകളുണ്ട്. ഇതോടൊപ്പം 5 ആദ്ധ്യാത്മിക പരിശീലനങ്ങൾ കൂടെ ചെയ്യേണ്ടതുണ്ട്.

1. 20 പ്രാർത്ഥനകൾ pp 97-103
2. ആദ്ധ്യാത്മിക പരിശീലനം 1 : ദൈവത്തെ സ്നേഹിക്കാൻ നാലു വഴികൾ pp 104-105
3. ആദ്ധ്യാത്മിക പരിശീലനം 2 : 4 മാർഗ്ഗങ്ങൾ pp 105-106
4. ആദ്ധ്യാത്മിക പരിശീലനം 3 : 5 പൊതു തത്വങ്ങൾ pp 107
5. ആദ്ധ്യാത്മിക പരിശീലനം 4 : സൗഖ്യത്തിന്റെ 10 ആത്മീയ ശ്രോതസ്സുകൾ pp 107-109
6. ആദ്ധ്യാത്മിക പരിശീലനം 5 : 20 ശുശ്രൂഷകൾ pp 110-111

ദൈവം സഭയിലും ലോകത്തിലും നിങ്ങളുടെ സൗഖ്യത്തിനായി ഒരുക്കിയിട്ടുള്ള മേൽപറഞ്ഞ എല്ലാ വ്യവസ്ഥകളും ഉപയോഗപ്പെടുത്തുക. യേശുവുമായി നല്ല ബന്ധം സ്ഥാപിക്കുവാനും, ആത്മീയ ജീവിതത്തിൽ വളർച്ച പ്രാപിക്കുവാനും, എല്ലാ അനുഗ്രഹങ്ങളും അധികാരങ്ങളും ലഭിക്കുവാനും, ദൈവവുമായി എല്ലാ തരത്തിലുമുള്ള ബന്ധം ആസ്വദിക്കുവാനും ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള ദിവസേനയുള്ള പ്രാർത്ഥനകളും ആദ്ധ്യാത്മിക പരിശീലനങ്ങളും (pp 97-112) വഴി സാധിക്കും. അതുകൊണ്ട് യേശുവുമായുള്ള ബന്ധത്തിലും, പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയിലും, സർവശക്തനായ ദൈവത്തെ ആരാധിക്കുന്നതിലും കേന്ദ്രീകൃതമാണ് ഈ പുസ്തകം.

# പരിശുദ്ധാത്മ നിറവ്

**നിങ്ങളുടെ എല്ലാ ജീവിതപ്രശ്നങ്ങളും പരിഹരിക്കപ്പെടാനും ജീവിതത്തിലുടനീളം നല്ല ആരോഗ്യവും സമാധാനവും ഐശ്വര്യവും കൈവരിക്കുന്നതിനും നിങ്ങളിലുള്ള പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുക.**

ജീവിതത്തിൽ ആറു മേഖലകളിലാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

1. ശരീരം
2. ആത്മാവ്
3. മനസ്സ്
4. കുടുംബം
5. സാമ്പത്തികം
6. പൈശാചിക ബന്ധനങ്ങൾ

ഈ ആറു മേഖലകളിലും സൗഖ്യവും വിടുതലും ആവശ്യമാണ്. നിങ്ങളിലുള്ള പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുക വഴി ഇതു സാദ്ധ്യമാകും. ഈ പുസ്തകത്തിലുള്ള പ്രാർത്ഥനകൾ നിങ്ങളിലുള്ള പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കാൻ സഹായിക്കും.

❖ പരിശുദ്ധാത്മാവിനെ വീണ്ടും ഉജ്ജ്വലിപ്പിക്കുക. (2തിമോ. 1:6)

❖ ആദ്യം അവിടുത്തെ രാജ്യം അന്വേഷിക്കുക; അതോടൊപ്പം, മറ്റുള്ളവയെല്ലാം നിങ്ങൾക്ക് സൗജന്യമായി ലഭിക്കും. (മത്താ. 6:33)

❖ എന്താണു ദൈവരാജ്യം? പരിശുദ്ധാത്മാവിലുള്ള ജീവിതമാണത്. (റോമ. 14:17)

❖ നിങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയമാണ്. (1കോറി. 3:16, 6:19)

❖ **പിന്നെ എന്തിന് പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കണം?**

❖ **മൂന്നു കാരണങ്ങളാൽ പരിശുദ്ധാത്മാവ് നിർവീര്യമാകും.**

1. വെറുപ്പ് (1സാമു. 16:14, ദുരാത്മാവിന്റെ ആവാസം)
2. മാരകപാപവും ലഘുപാപവും (1യോഹ. 5:16-17)
3. വാഗ്ദാന ലംഘനം (ന്യായാ. 16:19-21, സാംസൺ)

❖ നിങ്ങൾ പരിശുദ്ധാത്മാവിന്റെ ആലയമായതിനാൽ നിങ്ങളുടെ ഉള്ളിൽ ജന്മനാ ലഭിച്ചതും മാമ്മോദീസായിലൂടെ ഉണർത്തപ്പെട്ടതുമായ പരിശുദ്ധാത്മാവിനെ വീണ്ടും ജ്വലിപ്പിക്കേണ്ടത് ആവശ്യമാണ്. (1കോറി. 3:16, 6:19)

## പരിശുദ്ധാത്മാവിനാൽ നിറയുക എന്ന അർത്ഥം വരുന്ന ആറു പ്രയോഗങ്ങൾ.

1. പരിശുദ്ധാത്മ ജ്വലനം (2തിമോ. 1:6)
2. വീണ്ടും ജനനം (യോഹ. 3:3-5)
3. പരിശുദ്ധാത്മ അഭിഷേകം (1യോഹ. 2:27)
4. പരിശുദ്ധാത്മ നിറവ് (അപ്പ. 2:4, 4:31)
5. പരിശുദ്ധാത്മാവിലുള്ള സ്നാനം (അപ്പ. 1:5)
6. പരിശുദ്ധാത്മാവിലുള്ള വളർച്ച (ലൂക്കാ. 2:52)

# പരിശുദ്ധാത്മാവിന്റെ നിരന്തരമായ നിറവ്

**ഉല്പ. 2:7 –** ദൈവം ആദാമിന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം നിശ്വസിച്ചു.

**അപ്പ. 2:17. ജോയൽ 2:28–** അവസാന നാളുകളിൽ എല്ലാവരുടെയുംമേൽ എന്റെ ആത്മാവിനെ വർഷിക്കും. അന്ത്യനാളുകൾ എന്നത് യേശുക്രിസ്തുവിന്റെ വരവിനു ശേഷമുള്ള കാലമാണ് (ഹെബ്രാ. 1:2).

**മത്താ. 3:11, ലൂക്കാ. 3:16, യോഹ. 1:33–** യേശുക്രിസ്തു പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം നൽകും.

**യോഹ. 20:33–** യേശു അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോടു പറഞ്ഞു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.

**ലൂക്ക. 24:49, അപ്പ. 1:4–** പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ നിങ്ങൾ ഈ നഗരത്തിൽത്തന്നെ വസിക്കുവിൻ.

**അപ്പ. 1:5,8–** ഏറെ താമസിയാതെ നിങ്ങൾക്ക് പരിശുദ്ധാത്മാവിനാൽ സ്നാനം ലഭിക്കും. നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലെമിലും, യൂദയായിലും, സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.

**അപ്പ. 2:1–4–** പെന്തക്കുസ്താദിനം അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

**അപ്പ. 2:38–** നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും പരിശുദ്ധാത്മ ദാനം ലഭിക്കും.

**അപ്പ. 4:31–** അവരെല്ലാവരും വീണ്ടും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

**അപ്പ. 10:44–48 –** വിജാതീയർക്കും പരിശുദ്ധാത്മദാനം.

**അപ്പ. 19:1–7–** അഭിഷേകമുള്ള വ്യക്തിയുടെ കൈവയ്പു വഴി പരിശുദ്ധാത്മ നിറവ്.

# പരിശുദ്ധാത്മാവ് നിറയുന്നതിന്റെ ഉദ്ദേശ്യം

1. യേശു പിതാവിന്റെ അടുക്കലേക്കു പോകുന്നു. തന്റെ ദൗത്യം ഭൂമിയിൽ തുടരണം. "ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് ഞാൻ ചെയ്യുന്നതിലും വലിയ കാര്യങ്ങൾ എന്നിൽ വിശ്വസിക്കുന്ന നിങ്ങളും ചെയ്യും." (യോഹ. 14:12)
2. ആത്മാവു വെളിപ്പെടുന്നതു പൊതുനന്മയ്ക്കുവേണ്ടി. (1 കോറി. 12:7) സഭയെ പണിതുയർത്തുന്നതിനും സുവിശേഷീകരണത്തിനും.
3. വിശുദ്ധരുടെ പൂർണ്ണതയ്ക്ക്. (എഫേ. 4:12-13) "വിശ്വാസത്തിന്റെ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണ ജ്ഞാനത്തിലും എത്തിച്ചേരുകയും ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നതുവരെ കൃപാവരങ്ങൾ തുടർന്നു നൽകപ്പെട്ടുകൊണ്ടിരിക്കും." ദൈവത്വത്തിന്റെ പൂർണ്ണത യേശുവിൽ മൂർത്തീഭവിച്ചിരിക്കുന്നു. (കൊളോ.2:9)
4. സൃഷ്ടിയുടെ ഉദ്ദേശ്യം സാക്ഷാത്ക്കരിക്കാൻ-പൂർണ്ണതയെ പ്രാപിക്കൻ. എഴുതുക എന്ന ലക്ഷ്യത്തോടെ നിർമ്മിക്കപ്പെട്ട പേന നന്നായി എഴുതുവാൻ പര്യാപ്തമാകുമ്പോൾ മാത്രമാണ് അതു പൂർണ്ണതയെ പ്രാപിക്കുക. സത്യാത്മാവു നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും (യോഹ. 16:13). നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ. (മത്താ. 5:48)
5. സഭയുടെ ദൗത്യം പൂർത്തീകരിക്കുവാൻ - "ദരിദ്രരോടു സുവിശേഷം അറിയിക്കാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു (ലൂക്കാ. 4:18).

പരിശുദ്ധാത്മാവു വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ഭൂമിയുടെ അതിർത്തികൾ വരെ നിങ്ങൾ എനിക്കു സാക്ഷികൾ ആകും.” (അപ്പ. 1:8, CCCc 160)

6. യേശുവിനെ മഹത്വപ്പെടുത്താൻ (യോഹ. 16:14)

## പരിശുദ്ധാത്മനിറവിന്റെ 13 പ്രയോജനങ്ങൾ

1. ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധങ്ങൾക്കു മാറ്റമുണ്ടാകും. ദൈവം നമ്മുടെ യഥാർത്ഥ പിതാവും (റോമ. 8:14–17) മാതാവുമാണ് (ഏശ. 66:13, 49:15, CCC 370) മറ്റുള്ളവർ ക്രിസ്തുവിൽ സഹോദരന്മാരും സഹോദരിമാരുമാണ് (1തിമോ. 5:1–2). യേശുക്രിസ്തു രക്ഷകനായി നമ്മുടെ അരികിലുണ്ടാകും. (അപ്പ. 4:12). പരിശുദ്ധാത്മാവു നമ്മുടെ യഥാർത്ഥ സഹായകനാകും (യോഹ. 15:26).

2. യേശുക്രിസ്തു കർത്താവാണ് – അവൻ കർത്താവാണെന്നു നമ്മൾ ഏറ്റുപറയും. പരിശുദ്ധാത്മാവിനാൽ അല്ലാതെ യേശു കർത്താവാണെന്ന് ഏറ്റുപറയുവാൻ ആർക്കും കഴിയുകയില്ല (1കോറി. 12:3). യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയാത്തവൻ രക്ഷ പ്രാപിക്കുകയില്ല. (റോമ. 10:9)

3. വിശ്വാസത്താൽ വിവിധ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുന്നു. (മർക്കോ. 16:17–18)ൽ പ്രതിപാദിക്കുന്ന അഞ്ചു കാര്യങ്ങൾ മറ്റുള്ളവർക്കുവേണ്ടി ചെയ്യുവാൻ കഴിയും. വിശ്വാസത്താൽ മലകളെ വരെ മാറ്റാൻ കഴിയും (മർക്കോ. 11:23).

4. വിശ്വാസത്താൽ യാതൊരു തെറ്റും കൂടാതെ വേദ

വാക്യങ്ങളും സഭയുടെ പ്രബോധനങ്ങളും പാരമ്പ ര്യവും ഗ്രഹിക്കാൻ കഴിയും. അഭിഷേകം നിങ്ങളെ സകലവും പഠിപ്പിക്കുന്നു. (1യോഹ. 2:27, യോഹ. 14:26)

5. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:22-23). ദാന ങ്ങൾ (ഏശ. 11:2). വരങ്ങൾ (1കോറി. 12:8-12, എഫേ. 4:11) എന്നിവ ലഭിക്കും. പിശാചിനും രോഗസൗഖ്യം പോലെയുള്ള വരങ്ങളും ശക്തിയും പ്രകടിപ്പിക്കാൻ കഴിയുമെങ്കിലും അതിന്റെ പരിണിതഫലം തിക്താ നുഭവമായിരിക്കും. അതിലുമുപരി പരിശുദ്ധാത്മാ വിന്റെ ഫലങ്ങൾ അവനിൽ ഉണ്ടാകുകയില്ല. മറിച്ച് പിശാചിന്റെ ഫലങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും. (ഗലാ. 5:19-21)

6. ദൈവത്തെ സ്നേഹിക്കുക വളരെ എളുപ്പമായി രിക്കും (നിയമാ. 6:5, റോമ. 8:28). ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമ നസ്സോടുംകൂടി സ്നേഹിക്കുവാൻ സാധിക്കും. അവർക്ക് സകലവും നന്മയ്ക്കായി പരിണമിക്കും.

7. ഓർമ്മശക്തി വർദ്ധിക്കും - ഞാൻ പറഞ്ഞിട്ടുള്ള തെല്ലാം അവൻ നിങ്ങളെ ഓർമ്മപ്പെടുത്തും. (യോഹ. 14:26)

8. ജീവിതത്തിന്റെ ലക്ഷ്യം വ്യക്തമാകും. (മത്താ. 16:24-26) ആത്മാവിനെ നേടുവാൻ കുരിശുമെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുക.

9. എളുപ്പത്തിൽ ക്ഷമിക്കാൻ സാധിക്കും. മറ്റുള്ളവർ നിങ്ങളോടു ചെയ്ത അതിക്രമങ്ങൾ നിങ്ങൾക്കു മറക്കുവാൻ കഴിയില്ലായിരിക്കും. എന്നാൽ ഒരു മനോ വിഷമവുമില്ലാതെ അവയെ അനുസ്മരിക്കാൻ

നിങ്ങൾക്കു കഴിയും. കാരണം "പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:5). ദൈവം സ്നേഹിക്കുന്നതുപോലെ നമുക്കും മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയും.

10. ഹൃദയത്തിൽ സന്തോഷവും സമാധാനവും നിറയും, ആന്തരികസൗഖ്യം ലഭിക്കുകയും ചെയ്യും. നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. (യോഹ. 16:20)

11. വിവിധ രീതികളിൽ പ്രാർത്ഥിക്കുവാൻ കഴിയും. നീണ്ട പ്രാർത്ഥനകളിൽ വിരസത തോന്നുകയുമില്ല. (റോമ. 8:26)

12. സൗഖ്യവും ആത്മാവിൽ നവചൈതന്യവും ലഭിക്കും. സൗഖ്യം ലഭിച്ചില്ലെങ്കിൽതന്നെ സന്തോഷത്തോടെ കഷ്ടതകൾ സഹിക്കാനുള്ള വരം ലഭിക്കും (2കോറി. 12:9).

13. നിങ്ങളുടെ പ്രവർത്തനമേഖലകളിലെല്ലാം - വ്യവസായത്തിൽ, വിദ്യാഭ്യാസത്തിൽ, ശുശ്രൂഷകളിൽ, കുടുംബജീവിതത്തിൽ, ഔദ്യോഗിക മേഖലകളിൽ വിജയം കൈവരും (ജോഷ്വ 1:8).

## ആത്മാവിനെ ഉജ്ജ്വലിപ്പിക്കുവാൻ 9 മാർഗ്ഗങ്ങൾ

1. **അനുതാപം:** (മർക്കോ. 1:15) ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ. കാരുണ്യപ്രവർത്തികളോടൊപ്പം പ്രായശ്ചിത്ത പ്രവൃത്തികളുടെ അഭ്യാസവും പാപത്തിന്റെ ശിക്ഷയെ അസാധുവാക്കും. (CCC 1472)

2. **അനുരഞ്ജനം:** നിന്റെ ഹൃദയം ശുദ്ധമല്ല. അത് കടുത്ത വിദ്വേഷത്തിലും അനീതിയിലുമാണ്. അതിനാൽ നിനക്ക് പരിശുദ്ധാത്മാവിന്റെ അവകാശമോ, അതിൽ ഭാഗഭാഗിത്വമോ ഉണ്ടാകുകയില്ല. (അപ്പ. 8:21-23)

3. **കർത്താവിലുള്ള വിശ്വാസം:** വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവി ഒഴുകും. പരിശുദ്ധാത്മ ദാനം നിങ്ങൾക്കും, സന്താനങ്ങൾക്കും ലഭിക്കും. വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകാം. (യോഹ. 7:37-39, അപ്പ. 2:38-39, യോഹ. 1:12)

4. **പ്രാർത്ഥന:** ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികമായി നൽകും. (ലൂക്കാ. 11:11-13) (CCCc 534) പ്രാർത്ഥനയുടെ 6 രീതികളും (CCCc 550-556), 3 ആവിഷ്ക്കാരങ്ങളും. (CCCc 569-571) അനുസരിച്ച് പ്രാർത്ഥിക്കുക.

5. **ദൈവവചനവും സഭയുടെ പ്രബോധനവും അത് ശ്രവിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.** പത്രോസിന്റെ പ്രസംഗം ശ്രവിച്ചവർക്ക് അഭിഷേകം (അപ്പ. 10:44-48). ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്തവ എന്നതിൽ സഭയുടെ പ്രബോധനത്തിന്റെ പ്രസക്തി ഉൾക്കൊള്ളുന്നുണ്ട്. (യോഹ. 20:30) (CCCc 19)

6. **കൂദാശകൾ:** പ്രത്യേകിച്ച് കുമ്പസാരവും വി. കുർബാനയും. ഈശോ നമുക്ക് പരിശുദ്ധാത്മാവിനെ ഇന്നു നൽകുന്നത് കൂദാശകളിലൂടെയാണ് (CCCc. 146) കർത്താവിന്റെ ജ്ഞാനസ്നാനം (ലൂക്കാ. 3:21) തൈലാഭിഷേകം (1) സാവൂൾ (1സാമു. 10:1-6).

(2) ദാവീദ് (1സാമു. 16:12-13) ഇവ കൂദാശകളെ സൂചിപ്പിക്കുന്നു.

7. **കരുണയും ദയയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരിക. വി. ഫൗസ്തീനയുടെ വാക്കുകൾ:** നിങ്ങൾ പ്രാർത്ഥന ഉള്ളവരും കരുണ പ്രവർത്തിക്കുന്നവരുമാണെങ്കിൽ നിങ്ങൾക്ക് അമാനുഷിക വരങ്ങൾ ലഭിക്കും. കരുണയെക്കുറിച്ചുള്ള സുവിശേഷ ഭാഗങ്ങൾ കാണുക. (ലൂക്കാ. 6:36, മത്താ. 5:7, CCCc. Appendix B)

8. **കൈവയ്പു സ്വീകരിക്കുക:** അപ്പ. 8:17, 19:6, 2തിമോ. 1:6, ഈ ഭാഗങ്ങളിൽ കാണുന്ന കൈവയ്പുവഴി ആത്മാവിനെ നൽകപ്പെടുന്നു. (CCCc. 265)

9. **കഷ്ടതകൾ:** സ്നാനം ലഭിക്കുവോളം ഞാൻ ഞെരുങ്ങുന്നു; പീഡകളിൽ സന്തോഷം; ക്രിസ്തുവിന്റെ ശക്തി ആവസിക്കുന്നതിന് ബലഹീനതയിൽ സന്തോഷിക്കുന്നു. (ലൂക്കാ. 12:50), 2കോറി. 12:9, കൊളോ. 1:24). കഷ്ടതകൾ ദൈവത്തിൽ നിന്ന് വരുന്നവയല്ല (CCCc72, CCC 2448). അത് നിങ്ങളുടെ ശത്രുവായ സാത്താനിൽ നിന്നും പാപത്തിൽ നിന്നും വരുന്നു (CCCc 1521). എന്നാൽ കഷ്ടത വന്നാൽ ദൈവം അത് നന്മയ്ക്കായി മാറ്റിത്തരും (റോമ 8:28, CCC 312). ദൈവത്തെ സ്നേഹിക്കുന്നവർക്ക് കഷ്ടതകൾ പരിശുദ്ധാത്മ അഭിഷേകത്തിലേക്ക് നയിക്കപ്പെടുവാനുള്ള ഉപാധിയാണ്.

## ആത്മാഭിഷേകം ലഭിച്ചവരുടെ ശുശ്രൂഷാരംഗങ്ങൾ

തിരുസഭയിൽ ശുശ്രൂഷ ചെയ്യാൻവേണ്ടിയാണ് പരിശുദ്ധാത്മാവ് മനുഷ്യർക്ക് വരങ്ങളെ കൊടുക്കുന്നതും, പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുന്നതും (CCCc 160).

## വ്യത്യസ്ത ശുശ്രൂഷകൾ (1കോറി. 12:28-30)

1. അപ്പസ്തോലിക ശുശ്രൂഷ - മെത്രാന്മാർ
2. പൗരോഹിത്യ ശുശ്രൂഷ
3. സന്യാസ ശുശ്രൂഷ
4. പ്രഘോഷണം - റോമ. 10:15, 1കോറി. 9:16
5. ഉപദേശം (കൗൺസലിംഗ്) - പ്രഭാ. 25:4-5
6. മദ്ധ്യസ്ഥപ്രാർത്ഥന - 1തിമോ. 2:1-3
7. രോഗശാന്തി ശുശ്രൂഷ - മർക്കോ. 16:18
8. ആന്തരിക സൗഖ്യ ശുശ്രൂഷ
9. വിടുതൽ ശുശ്രൂഷ - ലൂക്കാ. 13:10-17
10. സാമ്പത്തികക്ലേശ വിടുതൽ ശുശ്രൂഷ - ജോഷ്വ 1:8, നിയമ. 28:1-14
11. കുടുംബ സൗഖ്യ പ്രാർത്ഥന - അപ്പ. 16:31 & 37
12. പ്രേഷിത ശുശ്രൂഷ - ഇടവകയിൽ, സഭാസ്ഥാപനങ്ങളിൽ, ധ്യാനകേന്ദ്രങ്ങളിൽ
13. മതാദ്ധ്യാപനം
14. ദൈവരാജ്യവേലയുടെ സംഘാടനം (പ്രാർത്ഥനാ ഗ്രൂപ്പുകൾ, കൺവെൻഷൻ, ധ്യാനം തുടങ്ങിയവ)
15. ശുശ്രൂഷാമേഖല - (അഗതിമന്ദിരം, വൃദ്ധമന്ദിരം, ആരോഗ്യകേന്ദ്രം, ഭക്ഷണ വിതരണം തുടങ്ങിയവ)
16. ഗാനശുശ്രൂഷ - 2രാജ. 3:15
17. സാക്ഷ്യപ്പെടുത്തൽ - അപ്പ. 1:8
18. ദൈവരാജ്യ പ്രചാരണശുശ്രൂഷ - മറ്റുള്ളവരെ ധ്യാന കേന്ദ്രങ്ങളിലേക്ക് പറഞ്ഞുവിടുക. യാക്കോ. 5:20

19. ദൃശ്യശ്രാവ്യ ശുശ്രൂഷ

20. ദശാംശ ശുശ്രൂഷ - മലാക്കി 3:8-10, ഉല്പ. 14:17-20, ഫിലി. 4:16-20.

## ഏതെങ്കിലും ശുശ്രൂഷ ചെയ്യുവാൻ ദൈവം വിളിക്കുമ്പോൾ മൂന്നു കാര്യങ്ങൾ നിറവേറ്റപ്പെടണം

1. തീവ്രമായ ആഗ്രഹം - ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു - 2കോറി. 5:14.

2. സഭാധികാരികളുടെ അംഗീകാരം - ഗലാ. 2:1-10, റോമ 13:1, ഹെബ്രാ. 13:17.

3. ശുശ്രൂഷയുടെ സദ്ഫലങ്ങൾ പുറപ്പെടുവിക്കണം - യോഹ. 15:16, മത്താ. 7:17-18.

## പരിശുദ്ധാത്മ അഭിഷേകത്തിന് തടസ്സം നിൽക്കുന്ന പാപങ്ങൾ (CCCc അനുബന്ധം ബി)

1. അഹങ്കാരം
2. ദ്രവ്യാഗ്രഹം
3. ദുർമോഹം
4. കോപം
5. കൊതി
6. അസൂയ
7. മടി
8. പരിസര മലിനീകരണം

## പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിക്കുന്നതിന് ദിവസവും അനുഷ്ഠിക്കേണ്ട 8 പ്രാർത്ഥനകൾ

(അഷ്ടാംഗ പ്രാർത്ഥന) ത്രികാലജപത്തിനുശേഷം


1. സമർപ്പണ പ്രാർത്ഥന 15
2. എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥന 18
3. സംരക്ഷണത്തിനും ബന്ധനവിമോചന ത്തിനുമുള്ള പ്രാർത്ഥന 18
4. വ്യക്തിപരമായ നിയോഗങ്ങളോടു കൂടിയ കരുണയുടെ ജപമാല 23
5. ദൈവമാതാവിന്റെ ജപമാല 31
6. സുവിശേഷ വായന 31
7. വചനഭാഗ ധ്യാനം (CCCc 570) 31
8. വി. കുർബ്ബാനയിൽ പങ്കെടുക്കുക. 32


## I. സമർപ്പണ പ്രാർത്ഥന

[എല്ലാറ്റിനെയും ദൈവകരുണയിൽ സമർപ്പിക്കുക. പെട്ടകത്തിലുള്ള സകലത്തെയും ദൈവം ഓർത്തു. അപ്പോൾ വെള്ളപ്പൊക്കം നിലച്ചു. (ഉല്പ. 8:1)]

യേശുവേ, എന്റെ ശരീരത്തെയും ആത്മാവിനെയും മനസ്സിനെയും എന്റെ നിയോഗങ്ങളെയും (30 നിയോഗങ്ങൾ). എന്റെ കുടുംബാംഗങ്ങളെയും, ബന്ധുക്കളെയും, മിത്രങ്ങളെയും, ശത്രുക്കളെയും, എന്റെ മാതൃരാജ്യത്തെയും, ലോകത്തിലെ എല്ലാ രാജ്യങ്ങളെയും, ഈ പ്രപഞ്ചത്തെ മുഴുവനായും അങ്ങയുടെ ദിവ്യകാരുണ്യ ഹൃദയത്തിനും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനും ദൈവിക കരുണയ്ക്കുമായി ഞാൻ സമർപ്പിക്കുന്നു.

## 30 പ്രാർത്ഥനാ നിയോഗങ്ങൾ

### A. ലോകത്തിനുവേണ്ടി

1. അനുതാപവരം ലഭിക്കുന്നതിന്
2. അനുരഞ്ജനവരം ലഭിക്കുന്നതിന്
3. യേശുക്രിസ്തുവിലുള്ള വിശ്വാസം വർദ്ധിക്കുന്നതിന്
4. പ്രാർത്ഥനാവരം ലഭിക്കുന്നതിന്
5. പരിശുദ്ധാത്മ നിറവിന്
6. എല്ലാ പ്രാർത്ഥനാ നിയോഗങ്ങളും പൂർത്തിയാകാൻ
7. യേശുക്രിസ്തുവിന്റെ കരുണയുള്ള മനസ്സും ഹൃദയവും ലഭിക്കുന്നതിന് (നല്ല സമറിയാക്കാരനെപ്പോലെ)

### B. വ്യക്തികൾക്കുവേണ്ടി

1. യേശുക്രിസ്തുവിന്റെ രക്തത്താൽ പാപക്ഷമ ലഭിക്കുന്നതിന്
2. എല്ലാ ബന്ധനങ്ങളിൽ നിന്നുമുള്ള മോചനത്തിന്
3. ജീവിതത്തിന്റെ 6 മേഖലകളിലും സൗഖ്യം ലഭിക്കുന്നതിന് (ശരീരം, ആത്മാവ്, മനസ്സ്, കുടുംബം, സാമ്പത്തികം, പൈശാചിക ബന്ധനങ്ങൾ)
4. പരിശുദ്ധാത്മാവിൽ നിറയുന്നതിന്
5. എല്ലാ പ്രാർത്ഥനാ നിയോഗങ്ങളും നിറവേറുന്നതിന്
6. യേശുക്രിസ്തുവിന്റെ സാക്ഷിയാകുന്നതിന്
7. യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് (സുവിശേഷവൽക്കരണം)

8. മറ്റുള്ളവരോട് ദയാപൂർവ്വം പെരുമാറുന്നതിന്
9. മരണം മൂലം കുടുംബത്തിൽ നിന്നു വേർപെട്ടു പോയ എല്ലാ ആത്മാക്കൾക്കും രക്ഷ ലഭിക്കുന്നതിന്
10. നിത്യജീവൻ പ്രാപിക്കുന്നതിന്

## C. വൈദികർക്കും സമർപ്പിതർക്കും വേണ്ടി

1. മോശയെപ്പോലെ ജനങ്ങളെ നയിക്കുന്നതിന്
2. പ്രാർത്ഥനയിലും തീക്ഷ്ണതയിലും ഏലിയായെപ്പോലെ ആകുന്നതിന്
3. ഭരണകാര്യങ്ങളിൽ ദാവീദിനെപ്പോലെ ആകുന്നതിന്
4. നീതിനിർവ്വഹണത്തിൽ സോളമനെപ്പോലെ ആകുന്നതിന്
5. എല്ലായ്പ്പോഴും ക്രിസ്തുവിനെപോലെ ആകുന്നതിന് - മറ്റൊരു ക്രിസ്തു ആയിത്തീരുന്നതിന്
6. മാർപാപ്പയും സഭയുമായുള്ള ബന്ധത്തിൽ അപ്പസ്തോലന്മാരെപ്പോലെയാകുന്നതിന്
7. എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിന്

## D. വ്യക്തിപരമായ നിയോഗങ്ങൾ

1. കുടുംബത്തിനുവേണ്ടി
2. ശത്രുക്കൾക്കുവേണ്ടി
3. ആന്തരിക സൗഖ്യത്തിനുവേണ്ടി
4. ശാരീരിക സൗഖ്യത്തിനും രോഗപ്രതിരോധ ശക്തിക്കും വേണ്ടി
5. പരിശുദ്ധാത്മനിറവിനു വേണ്ടി
6. വേറെ ഏതെങ്കിലും പ്രത്യേക നിയോഗങ്ങൾ ഉണ്ടെങ്കിൽ അവയും ചേർക്കുക.

## II. എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥന

(എസെക്കിയേൽ 36:25-28ൽ പറഞ്ഞിരിക്കുന്നത് എല്ലാ ജീവജാലങ്ങളിലും നിറവേറണം)

സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയുടെ പുത്രനായ യേശുക്രിസ്തു വഴിയായി അങ്ങയുടെ പരിശുദ്ധ ജലം എല്ലാ മനുഷ്യരുടെമേലും എല്ലാ ജീവജാലങ്ങളുടെ മേലും തളിച്ചാലും! അവയുടെ ശിലാഹൃദയം എടുത്തുമാറ്റണമേ. അങ്ങനെ എല്ലാവരും പുതിയ ഹൃദയവും പുതിയ ആത്മാവും പുതിയ മനസ്സും പ്രാപിക്കട്ടെ. അങ്ങയുടെ കല്പനകളും പ്രമാണങ്ങളും ഈ പുതിയ ഹൃദയത്തിൽ എഴുതിച്ചേർത്താലും. സ്നേഹത്തിന്റെ കല്പന പൂർണ്ണ ഹൃദയത്തോടെ പാലിക്കുവാൻ എല്ലാവരെയും സഹായിക്കണമേ. അങ്ങനെ എല്ലാവരും യേശുക്രിസ്തുവിൽ ഒരേ ഹൃദയവും ഒരേ മനസ്സും ഒരേ ആത്മാവും ഉള്ളവരായിത്തീരട്ടെ.

പിതാവായ ദൈവമേ, ലോകജനതയോട് കരുണ കാണിക്കണമേ. (മർക്കോ. 10:46-50) രക്ഷിതാവായ യേശുവേ, എല്ലാ മനുഷ്യരെയും അഗ്നിയാലും പരിശുദ്ധാത്മാവിനാലും സ്നാനപ്പെടുത്തണമേ (മത്താ. 3:11) പരിശുദ്ധാത്മാവായ ദൈവമേ, എല്ലാ മനുഷ്യരെയും ദൈവവചന പ്രകാരമുള്ള ജീവിതക്രമീകരണത്തിലേക്ക് നയിക്കേണമേ. (ജോഷ്വ 1:8, സങ്കീ. 104:30, ലൂക്കാ. 1:35, സങ്കീ. 105:37)

## III. സംരക്ഷണത്തിനും ബന്ധന വിമോചനത്തിനും വേണ്ടിയുള്ള പ്രാർത്ഥന

### a. സംരക്ഷണ പ്രാർത്ഥന

യേശുവേ, അങ്ങയുടെ വിശുദ്ധ കുരിശിന്റെ നിഴലിൽ

എന്നെ സംരക്ഷിക്കുകയും അങ്ങയുടെ തിരുമുറിവുകളുടെ ഉള്ളിൽ എന്നെ മറയ്ക്കുകയും ചെയ്യണമെ. അങ്ങയുടെ അമൂല്യമായ തിരുരക്തം എന്റെ മേലും ...............മേലും എനിക്കുള്ള എല്ലാവരുടെയുംമേലും തളിക്കണമേ. യേശുവേ, എന്നെ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യണമേ. പരിശുദ്ധ അമ്മേ എന്നെയും.............. യും എനിക്കുള്ളവരെയും അങ്ങയുടെ തിരുവസ്ത്രത്താൽ പൊതിയണമേ. വി. മിഖായേലേ, അപ്പസ്തോലന്മാരേ, സകല സ്വർഗ്ഗീയ വിശുദ്ധരേ, രക്തസാക്ഷികളേ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## b. ബന്ധനവിമോചന പ്രാർത്ഥന

തിന്മയുടെ ശക്തികളായ വെറുപ്പ്, വിദ്വേഷം, കോപം, ഭയം, അസൂയ, അഹങ്കാരം, കാമാസക്തി, രോഗം, വേദന, മാറാവ്യാധികൾ....................... (മറ്റ് അശുദ്ധാരൂപികൾ ഉണ്ടെങ്കിൽ അവയുടെയും പേരുകൾ  പറയുക) എന്നിവയുടെ അശുദ്ധാത്മാക്കളേ, നിങ്ങൾ ഇപ്പോൾ തന്നെ, എന്നിൽ (നിന്നിൽ /അവരിൽ/ഞങ്ങളിൽ) നിന്ന് യേശുക്രിസ്തുവിന്റെ കാൽക്കീഴിലേക്ക് പോകട്ടെ എന്ന് യേശുവിന്റെ നാമത്തിൽ ഞാൻ കല്പിക്കുന്നു. (രോഗത്തിന്റെ പേരു പറയുക) ദുഷ്ടാരൂപികളേ, നിങ്ങൾക്ക് എന്റെ (നിന്റെ/അവരുടെ/ഞങ്ങളുടെ) മേൽ യാതൊരു അധികാരവുമില്ല. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് രക്ഷിക്കപ്പെട്ട ദൈവപൈതലാണു ഞാൻ (നീ/അവർ/ഞങ്ങൾ). സകല ദുഷ്ടാരൂപികളേ, നിങ്ങൾ യേശുക്രിസ്തുവിന്റെ കാൽക്കീഴിൽ നിത്യബന്ധനത്തിൽ കഴിയുക.

പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിന്റെയും ശ്ലീഹന്മാരുടെയും പ്രത്യേകിച്ച് വി. പത്രോസ്, വി. പൗലോസ്

എന്നിവരുടെയും എല്ലാ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശിഷ്യ വി. സെബസ്ത്യാനോസ്, വി. ഗീവർഗ്ഗീസ് എന്നിവരുടെയും എന്റെ പേരിനു കാരണഭൂതനായ ..................ന്റെ മദ്ധ്യസ്ഥവും പരിശുദ്ധ അമ്മയുടെ ശക്തിയേറിയ മദ്ധ്യസ്ഥവും ഞാൻ അപേക്ഷിക്കുന്നു. കർത്താവേ വീണ്ടെടുപ്പിന്റെ പൂർണ്ണമായ അനുഭവത്തിലേക്ക് ഞാൻ (നീ/അവർ/ഞങ്ങൾ) നയിക്കപ്പെടട്ടെ. പരിശുദ്ധാത്മാവേ, എഴുന്നള്ളിവരണമെ; എന്നിൽ (നിന്നിൽ/അവരിൽ/ഞങ്ങളിൽ) വന്നു നിറയണമേ.

യേശുവേ, എന്നെ ആഭിചാരം, ശാപം, ബന്ധനം എന്നിവയിൽ നിന്നും, പൈശാചിക പീഢ, ആവാസം, ആധിപത്യം, പരീക്ഷണങ്ങൾ, പ്രകമ്പനങ്ങൾ, കെണികൾ മുതലായവയിൽ നിന്നും രക്ഷിക്കണമേ. ഹല്ലേലുയ്യ. ആമ്മേൻ.

## കരുണയുടെ ജപമാല

അഞ്ചു ദശകങ്ങളുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണയുടെ ജപമാല ചൊല്ലുന്നത്.

### പ്രാരംഭ പ്രാർത്ഥന

(മൗനമായി നിങ്ങളുടെ നിയോഗങ്ങൾ ഓർക്കുക)

യേശുവേ, അങ്ങയുടെ കുരിശുമരണം വഴിയായി സർവ്വ ആത്മാക്കളുടെയും രക്ഷയ്ക്കായുള്ള ജീവജലത്തിന്റെ ഉറവിടവും കരുണയുടെ കടലും അങ്ങ് തുറന്നു തന്നു. ഓ, ജീവന്റെ ഉറവിടമേ, അനന്തമായ ദൈവിക കരുണയേ, ലോകം മുഴുന്റെമേലും ഞങ്ങളുടെമേലും കാരുണ്യം ചൊരിയണമേ. (D 1319)

കുത്തിമുറിക്കപ്പെട്ട അങ്ങയുടെ ഹൃദയത്തിൽ നിന്നും

കുത്തിയൊഴുകിയ രക്തത്തിന്റെയും വെള്ളത്തിന്റെയും ഉറവയിൽ, ഞാൻ ശരണപ്പെടുന്നു. (D 84)

## കർത്തൃ പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. ആമ്മേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി. കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

## വിശ്വാസ പ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു. പൊന്തിയോസ് പീലാത്തോ

സിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ട്, പാതാളത്തിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽ നിന്നു മൂന്നാം നാൾ ഉയർത്തു സ്വർഗ്ഗത്തിലേക്കെഴുന്നള്ളി സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടെ നിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

**(ജപമാലയുടെ വലിയ മണികളിൽ)**

നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമൂ: ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.

**(ജപമാലയുടെ ചെറിയ മണികളിൽ)**

ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി

ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ.

**(അഞ്ച് ദശകത്തിന്റെ അന്ത്യത്തിൽ)**

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ (D 475). (മൂന്നു പ്രാവശ്യം).

### സമാപന പ്രാർത്ഥന

അനന്തമായ ദയയുടെയും, സ്നേഹത്തിന്റെയും ഇരിപ്പിടമായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഞങ്ങളുടെ ജീവിതം കഷ്ടപ്പാടുകളിലൂടെയും ക്ലേശങ്ങളിലൂടെയും കടന്നുപോകുമ്പോൾ ഞങ്ങൾ ഒരിക്കലും നിരാശപ്പെട്ട് അങ്ങയെ ഉപേക്ഷിച്ച് അങ്ങയിൽ നിന്നും അകന്നുപോകാതെ, അങ്ങയിൽ ആശ്രയിച്ച് വലിയ പ്രതീക്ഷകളോടെ അങ്ങയുടെ തിരുസ്നേഹത്തിന്റെയും കരുണയുടെയും ഇംഗിതത്തിനു കീഴ്പ്പെട്ട്, ജീവിക്കാനുള്ള ഭാഗ്യം ഞങ്ങൾക്കു നൽകണമേ. ആമ്മേൻ.

## IV. വ്യക്തിപരമായ നിയോഗങ്ങളോടു കൂടിയ കരുണയുടെ ജപമാല


| | | | |
|---|---|---|---|
| 1. | പ്രാരംഭ പ്രാർത്ഥന | പേജ് | 20 |
| 2. | കർത്തൃ പ്രാർത്ഥന | | 21 |
| 3. | നന്മനിറഞ്ഞ മറിയമേ | | 21 |
| 4. | വിശ്വാസ പ്രമാണം | | 21 |


## കരുണയുടെ ജപമാലയിൽ അഞ്ചു വ്യക്തിഗത പ്രാർത്ഥനകൾ ചേർത്തു ചൊല്ലുക

### 1. കുടുംബ പ്രാർത്ഥന

[(കുടുംബ തകർച്ചയെ നേരിടുമ്പോൾ, കുടുംബാംഗങ്ങൾക്കു പ്രാർത്ഥനയിൽ താല്പര്യമില്ലാതാകുമ്പോൾ, പ്രാർത്ഥനയിൽ പങ്കെടുക്കാതിരിക്കുമ്പോൾ, ഒരുവന്റെ പ്രാർത്ഥനയ്ക്കും വിശ്വാസത്തിനും തന്റെ കുടുംബത്തെ മുഴുവൻ രക്ഷിക്കാൻ സാധിക്കും. (അപ്പ. 16:31 വായിക്കുക)]

**കുടുംബാംഗങ്ങൾ കൂടെയില്ലാത്തപ്പോൾ എങ്ങനെ**

**പ്രാർത്ഥിക്കണം?** (കൈകൾ വിരിച്ചുപിടിക്കുക, മറ്റു കുടുംബാംഗങ്ങൾ ആത്മാവിൽ സന്നിഹിതരാണെന്നും നിങ്ങളുടെ കരങ്ങൾക്കു കീഴിൽ മുട്ടുകുത്തി നിൽക്കുകയാണെന്നും വിഭാവനം ചെയ്യുക.)

**പ്രാർത്ഥന:** കർത്താവായ യേശുവേ, എന്റെ കുടുംബാംഗങ്ങളും, പ്രത്യേകിച്ച് എന്റെ ജീവിതപങ്കാളിയും ആഗ്രഹിക്കുന്ന രീതിയിൽ അവരെ സ്നേഹിക്കുവാനും ആദരിക്കുവാനും എന്നെ സഹായിക്കേണമേ. കർത്താവേ, ഞാൻ ആഗ്രഹിക്കുന്ന രീതിയിൽ അവരും എന്നെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുമാറാകണമേ. അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറച്ച്, ഞങ്ങൾ, ഒരേ മനസ്സും ഒരേ ഹൃദയവും ഒരേ ആത്മാവും ഉള്ളവരായിതീരട്ടെ. കുടുംബാംഗങ്ങളിൽ അങ്ങയുടെ ഐക്യവും സമാധാനവും പ്രദാനം ചെയ്യണമേ. എന്റെ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും ആവശ്യങ്ങളിലേക്ക് അങ്ങു കടന്നുവരണമേ.

**നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമൂ: ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.**

(കരുണയുടെ ജപമാലയുടെ ആദ്യ ദശകം ഇങ്ങനെ ചൊല്ലുക)

**ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി**

**ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും എന്റെ കുടുംബത്തിന്റെ മേലും കരുണയായിരിക്കണമേ.**

(ദശകത്തിന്റെ അന്ത്യത്തിൽ)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ.... (മൂന്നു പ്രാവശ്യം)

## 2. ശത്രുക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന

(നിങ്ങളുടെ എല്ലാ ശത്രുക്കളും നിങ്ങളുടെ മുൻപിൽ നിൽക്കുന്നു എന്നു വിചാരിച്ചുകൊണ്ട് നിങ്ങൾ കൈകൾ നീട്ടി താഴെപ്പറയുന്ന പ്രാർത്ഥന ചൊല്ലുക)

**പ്രാർത്ഥന:** കർത്താവേ, എന്നെയും എന്റെ കുടുംബാംഗങ്ങളെയും അനുഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി എന്റെ ശത്രുക്കളെയും അവരുടെ കുടുംബാംഗങ്ങളെയും അനുഗ്രഹിക്കണമേ. അങ്ങയുടെ പരിശുദ്ധാത്മാവുകൊണ്ടു അവരെ നിറയ്ക്കണമേ. ഇന്നുമുതൽ അവരെല്ലാവരും എനിക്കും, എല്ലാവർക്കും അനുകൂലമായി നില്ക്കട്ടെ.

**നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമ്പൂർണ്ണമായി ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.**

(ജപമാലയുടെ രണ്ടാം ദശകം ഇങ്ങനെ ചൊല്ലുക)

**ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി**

**ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും എന്റെ എല്ലാ ശത്രുക്കളുടെ മേലും കരുണയായിരിക്കണമേ.**

(ദശകത്തിന്റെ അന്ത്യത്തിൽ)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ.... (മൂന്നു പ്രാവശ്യം)

## 3. ജീവിതത്തിലെ തിക്താനുഭവങ്ങൾക്കെതിരെയും ആന്തരിക സൗഖ്യത്തിനുവേണ്ടിയും ഉള്ള പ്രാർത്ഥന

(കരങ്ങൾ കുരിശാകൃതിയിൽ പിണച്ച് നെഞ്ചിൽനിന്നും അരയടി അകലത്തിൽ ഉയർത്തിപിടിക്കുക. മോശ തടിക്കഷണം കയ്പ്പുവെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമുള്ളതായി മാറി. അതുപോലെ എല്ലാ തിക്താനുഭവങ്ങളും വേദനിപ്പിക്കുന്ന ഓർമ്മകളും വി. കുരിശിന്റെ ശക്തിയിൽ മധുരമുള്ളതായി മാറും. കുരിശിൽ നിന്നുള്ള പ്രകാശ കിരണങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ സുഖപ്പെടുത്തും.)

**പ്രാർത്ഥന:** യേശുവേ, അങ്ങ് ഇന്നലെയും ഇന്നും എന്നും ഒരുവൻ തന്നെയാണ്. അങ്ങ് എന്റെ ഇന്നലെകളിലേക്ക് കടന്നുചെന്ന് എന്റെ മുറിവേറ്റ വികാരങ്ങളെയും തിക്താനുഭവങ്ങളെയും എനിക്കനുകൂലമായും എന്റെ നന്മയ്ക്കായും മാറ്റിത്തരണമേ. യേശുവേ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള തിക്താനുഭവങ്ങളുടെ മേലും, തിരസ്കരണം, ക്ഷമിക്കുവാൻ പറ്റാത്ത അവസ്ഥ, സങ്കടം, ഭയം, ഏകാന്തത, വിരഹം, പരാജയം തുടങ്ങിയ എല്ലാ അധമ വികാരങ്ങളുടെ മേലും അങ്ങയുടെ കരുണ ചൊരിയണമേ. യേശുവേ, അങ്ങ് എന്റെ കയ്പേറിയ അനുഭവങ്ങളുടെ മേൽ ഇറങ്ങി വന്ന് അവയെ മധുരിക്കുന്ന ഓർമ്മകളാക്കി മാറ്റണമേ. എന്നെ അന്യായമായി എതിർക്കുന്നവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യുന്നു. എന്നെ അനുഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി അവരെ അനുഗ്രഹിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമൂ: ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.

(ജപമാലയുടെ മൂന്നാം ദശകം ഇങ്ങനെ ചൊല്ലുക)

**ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി**

**ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും എന്റെ എല്ലാ ആന്തരിക മുറിവുകളുടെ മേലും കരുണയായിരിക്കണമേ.**

(ദശകത്തിന്റെ അന്ത്യത്തിൽ)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ.... (മൂന്നു പ്രാവശ്യം)

## 4. ശാരീരിക സൗഖ്യ പ്രാർത്ഥന

(രോഗമുള്ള ഭാഗത്ത് അല്ലെങ്കിൽ നെഞ്ചിൽ കൈകൾ വച്ച് സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നിങ്ങൾക്ക് ഒന്നുകിൽ സൗഖ്യം ലഭിക്കും, അല്ലെങ്കിൽ സന്തോഷത്തോടെ സഹിക്കുവാനുള്ള കൃപ ലഭിക്കും.)

**പ്രാർത്ഥന:** യേശുവേ, അങ്ങ് മുറിവുകളേറ്റ സൗഖ്യദായകനാണ്. കർത്താവേ ഇപ്പോൾ തന്നെ അങ്ങയുടെ തിരുമുറിവുകളാൽ എന്നെ സുഖപ്പെടുത്തിയാലും. കർത്താവേ അങ്ങ് കാൽവരിയിൽ ചിന്തിയ തിരുരക്തത്താൽ എന്റെ പാപങ്ങളെയും ആദിമാതാപിതാക്കന്മാരിലൂടെ എന്നിൽ വന്ന പാപക്കെടുതികളെയും മോചിക്കണമേ (CCC404). അങ്ങയുടെ ഉയിർപ്പിന്റെ ശക്തിയാൽ എന്റെ മേൽ പരിശുദ്ധാത്മാവിനെ അയയ്ക്കണമേ.

1. ഇന്ന് എന്റെ രോഗത്തിന്റെ അവസാനത്തെ ദിവസമാണ്. ഈ രോഗത്തിന്റെ അരൂപിയെ ഇന്ന് ദൈവം തിരിച്ചുവിളിക്കും. (ലൂക്കാ. 19:10)

2. ഏറെ താമസിയാതെ ഞാൻ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും. (അപ്പ. 1:5)

3. അപ്പോൾ ഞാൻ ഒരു പുതിയ സൃഷ്ടിയാകും. ഈ പുതിയ സൃഷ്ടിയിൽ പഴയ പ്രശ്നങ്ങൾ നിലനിൽക്കുകയില്ല. (2കോറി. 5:17)

4. സ്വർഗ്ഗീയ പിതാവേ, എന്നോട് കരുണ കാണിക്കണമേ (മർക്കോ. 10:46-50)

5. ഈശോയേ എന്നെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തണമേ. (മത്താ. 3:11)

6. ഓ! പരിശുദ്ധാത്മാവേ, എന്നെ വേദപുസ്തകപ്രകാരം ജീവിക്കാനുള്ള കൃപയിലേക്ക് നയിക്കണമെ. അങ്ങനെ വേദപുസ്തകപ്രകാരം ജീവിച്ച്, ജോഷ്വ, 1:8 എന്റെ ജീവിതത്തിൽ പ്രാവർത്തികമാകട്ടെ.

7. യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നിൽനിന്നും രോഗത്തിന്റെ അരൂപിയെ ബഹിഷ്ക്കരിക്കുകയും, ബന്ധിക്കുകയും, യേശുവിന്റെ പാദപീഠത്തിൽ ആക്കുകയും ചെയ്യുന്നു. (മർക്കോ. 16:17-18)

8. ഈ ദുഷ്ടാരൂപികളെല്ലാം യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ യേശുവിന്റെ പാദപീഠത്തിൽ ബന്ധിക്കപ്പെടട്ടെ (വെളി. 22:20). ഈശോ നിങ്ങളെ ശാസിക്കട്ടെ. (യൂദാ. 1:8)

9. യേശുവിന്റെ മുറിവിനാൽ ഞാൻ സുഖം പ്രാപിച്ചുകഴിഞ്ഞു (1പത്രോ. 2:24). യേശുവിന്റെ രക്തത്താൽ എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു കഴിഞ്ഞു. (ഹെബ്രാ. 9:22). എന്നിൽ യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തിവന്നു നിറയുന്നു. (എഫേ. 1:19-20)

10. ഈശോയുടെ അതിദാരുണമായ പീഡസഹനത്തെ പ്രതി എന്റെ മേലും ലോകം മുഴുവന്റെ മേലും എന്റെ രോഗങ്ങളുടെയും കഷ്ടതകളുടെയും മേൽ കരുണയായിരിക്കണമേ.

**നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമൂ: ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.**

**(ജപമാലയുടെ നാലാം ദശകം ഇങ്ങനെ ചൊല്ലുക)**

**ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി**

**ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും, എന്റെ രോഗങ്ങളുടെ മേലും കരുണയായിരിക്കണമേ.**

**(ദശകത്തിന്റെ അന്ത്യത്തിൽ)**

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ.... (മൂന്നു പ്രാവശ്യം)

## 5. പരിശുദ്ധാത്മാ നിറവിനു വേണ്ടിയുള്ള പ്രാർത്ഥന

(കൈകൾ രണ്ടും ഉയർത്തിപ്പിടിച്ചു പരിശുദ്ധാത്മ അഭിഷേകത്തിനായി പ്രാർത്ഥിക്കുക. അഭിഷേകം ലഭിച്ചുകഴിഞ്ഞാൽ എല്ലാ പ്രാർത്ഥനാ നിയോഗങ്ങളും നിറവേറപ്പെടും).

**പ്രാർത്ഥന:** കർത്താവേ, അങ്ങയുടെ വാഗ്ദാനപ്രകാരമുള്ള പരിശുദ്ധാത്മാവിനെ എന്നിൽ നിറയ്ക്കണമേ. പരിശുദ്ധാത്മാവിന്റെ 9 വരങ്ങളും 7 ദാനങ്ങളും 12 ഫലങ്ങളും എന്നിൽ ചൊരിയണമേ. പരിശുദ്ധാത്മാവായ ദൈവമേ, യേശു കർത്താവാണെന്ന് അധരം കൊണ്ട് ഏറ്റു പറയുന്നതിനും യേശുവിന്റെ സാക്ഷിയാകുന്നതിനും എന്നെ അനുഗ്രഹിക്കണമേ.

**നിത്യപിതാവേ, അവിടുത്തെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ദൈവത്വവും ആത്മാവും സമ്പൂർണ്ണം ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച വയ്ക്കുന്നു.**

(ജപമാലയുടെ അഞ്ചാം ദശകം ഇങ്ങനെ ചൊല്ലുക)

**ഈശോയുടെ അതിദാരുണമായ പീഡാ സഹനത്തെ പ്രതി,**

**ആബാ പിതാവേ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും, എന്റെ എല്ലാ നിയോഗങ്ങളുടെ മേലും കരുണയായിരിക്കണമേ.**

(ദശകത്തിന്റെ അന്ത്യത്തിൽ)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ.... (മൂന്നു പ്രാവശ്യം)

സമാപന പ്രാർത്ഥന പേജ് 23

## V. നിങ്ങളുടെ എല്ലാ നിയോഗങ്ങളും നിറവേറ്റുന്നതിന് പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല ചൊല്ലുക.

**ഓരോ ദശകത്തിലും അർപ്പിക്കാവുന്ന നിയോഗങ്ങൾ**

1. കുടുംബബന്ധങ്ങളുടെ ഉറപ്പിനും എല്ലാ കുടുംബങ്ങളുടെയും നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടി.
2. എല്ലാവരുടെയും മാനസാന്തരത്തിനും അനുരഞ്ജനത്തിനും വേണ്ടി.
3. എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുന്നതിന് വേണ്ടി.
4. രോഗസൗഖ്യത്തിനും ശാരീരിക മാനസിക വൈകല്യങ്ങളിൽ നിന്നുള്ള മോചനത്തിനും വേണ്ടി.
5. മാർപാപ്പ, മെത്രാന്മാർ, വൈദികർ, ശുശ്രൂഷികൾ, സമർപ്പിതർ, പ്രേഷിതർ എന്നിവർക്കുവേണ്ടി.

(ആദിമസഭ ജപമാലയ്ക്കു പകരമായി കാനോന നമസ്ക്കാരമാണു പ്രാർത്ഥിച്ചിരുന്നതെങ്കിലും ഇപ്പോൾ കത്തോലിക്കാസഭ ജപമാലയെയും പ്രോത്സാഹിപ്പിക്കുന്നു. CCC 2678)

## VI. വചന വായന

കരുണയുടെ ജപമാലയ്ക്കും, മാതാവിന്റെ ജപമാലയ്ക്കും ശേഷം അതാതു ദിവസത്തെ സുവിശേഷമോ അതല്ലെങ്കിൽ ഏതെങ്കിലും ഒരു സുവിശേഷഭാഗമോ വായിക്കുക.

## VII. ധ്യാനം

അഞ്ചു മിനിട്ടു നേരം വായിച്ച വചനഭാഗത്തെക്കുറിച്ച് മൗനമായി ധ്യാനിക്കുക. (CCCc 570)

## VIII. കുർബ്ബാന

എല്ലാ നിയോഗങ്ങളുടെയും പൂർത്തീകരണത്തിനായി അനുദിനം കുർബാനയിൽ സംബന്ധിക്കുക. സാദ്ധ്യമല്ലെങ്കിൽ ഇടവകയിലെ കുർബാനയിൽ നിയോഗങ്ങൾ വച്ച് ആത്മനാ സംബന്ധിക്കുകയും മത്തായിയുടെ സുവിശേഷം 26:26–30 ധ്യാനിക്കുകയും ചെയ്യുക. ദിവ്യകാരുണ്യ നൊവേനയിലെ പ്രാർത്ഥനകൾ ചൊല്ലുന്നതും നല്ലതാണ്. എന്നാൽ, ഇത് വി. കുർബാനയ്ക്ക് പകരം അല്ല.

## സ്പിരിച്ച്വൽ ഐ.സി.യു. പ്രാർത്ഥന

നിങ്ങളുടെ ജീവിതത്തിൽ ഗുരുതരമായ പ്രശ്നങ്ങളോ പ്രതിസന്ധികളോ രോഗമോ വരുമ്പോൾ ഒമ്പതു ദിവസത്തെ അതിതീവ്രപ്രാർത്ഥന നടത്തുന്നത് അനുഗ്രഹകരമായിരിക്കും.

### ചെയ്യേണ്ട രീതി

1. ദിവസവും ഒമ്പതു കരുണക്കൊന്ത ചൊല്ലുക.
2. ദിവസവും സുവിശേഷത്തിൽ നിന്ന് (വി. മത്തായി മുതൽ വി. യോഹന്നാൻ വരെ) ഒമ്പത് അദ്ധ്യായങ്ങൾ തുടർച്ചയായി വായിക്കുക.
3. ദിവസവും ഒരു മണിക്കൂർ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയിലായിരിക്കുക.
4. ഒമ്പതു ദിവസത്തിനുള്ളിൽ ഒരു നല്ല കുമ്പസാരം നടത്തുക.
5. ഒമ്പതു ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുകയും വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുക.

## തകർന്ന ഹൃദയത്തെ സുഖപ്പെടുത്തുക

വ്യക്തിപരമായ പ്രാർത്ഥനയുടെ ആഴമായ ആവശ്യകത എല്ലാവർക്കും ഇന്ന് അനുഭവപ്പെടുന്നു. അക്രൈസ്തവർ നിറഞ്ഞ ലോകത്ത് ഒരു സത്യക്രിസ്ത്യാനിയായിരിക്കുക എന്നത് ദുഷ്കരമായി തീരുന്നു. അദ്ധ്വാനിക്കുന്നവരോടും ഭാരം വഹിക്കുന്നവരോടും ഈശോ പറഞ്ഞു. "നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." കുടുംബജീവിതത്തിലും, പ്രവർത്തന മേഖലയിലും അഭിമുഖീകരിക്കേണ്ടിവരുന്ന പരീക്ഷണങ്ങളും മനോവ്യഥയും പ്രാർത്ഥനയോടുള്ള ഈ ദാഹത്തെ വർദ്ധിപ്പിക്കുന്നു. തകർന്ന ഹൃദയത്തെ സുഖപ്പെടുത്തുക എന്ന ദൗത്യം നിറവേറ്റാൻ ഈശോ നമ്മോടുകൂടെ വി. കുർബ്ബാനയിൽ കുടികൊള്ളുന്നു.

ഈശോ നമ്മോടുകൂടെ വസിക്കുവാൻ അപ്പത്തിന്റെ രൂപം തിരഞ്ഞെടുത്തു. ഇതിനു വലിയ പ്രതീകാത്മകമായ അർത്ഥമുണ്ട്. അപ്പം ഗോതമ്പിൽ നിന്നാണ് ഉണ്ടാക്കുന്നത്. ഗോതമ്പ് തല്ലിചതച്ച്, അരച്ച് ആണ് അപ്പം ഉണ്ടാക്കുന്നത്. ഈശോ നമുക്കുവേണ്ടി "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പ"മായിത്തീരാൻ തന്നെതന്നെ സമർപ്പിച്ച്, കൽത്തൂണിൽ അടിയ്ക്കപ്പെട്ട്, ഹൃദയനംനുറുങ്ങി, അപമാനഭാരത്താൽ ഞെരുക്കപ്പെട്ടു. വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ. ഇതുവരെ ലോകത്തിൽ പടനീക്കിയിട്ടുള്ള ഏതു സൈന്യത്തേക്കാളും, വിളിച്ചുകൂട്ടപ്പെട്ടിട്ടുള്ള എല്ലാ പോലീസ് സേനകളേക്കാളും അനന്തമായ ശക്തിയാണ്.

ദിവ്യകാരുണ്യ സന്നിധിയിലേക്ക് കടന്നുവരുന്ന എല്ലാവരിലേക്കും ഉത്ഥാനത്തിന്റെ ശക്തി പ്രവഹിപ്പിക്കുന്ന വി. കുർബ്ബാന നമ്മുടെ ഉത്ഥിതനായ കർത്താവാണ്.

നമ്മോടുള്ള അവിടുത്തെ വചനങ്ങൾ അന്നും ഇന്നും ഒന്നുതന്നെയാണ്. "ധൈര്യമായിരിക്കുവിൻ, ഞാനാണ്; ഭയപ്പെടേണ്ടാ" (മർക്കോ. 6:50).

ഈശോ നമുക്കു നൽകിയ ഏറ്റവും വലിയ സമ്മാനം വി. കുർബ്ബാനയാണ്..... അവിടെ അനുദിനം നമുക്കായി അവിടുന്ന് കാത്തിരിക്കുന്നു.

## കുമ്പസാരം:

കുമ്പസാരത്തിലാണ് ഏറ്റവും വലിയ അത്ഭുതം നടക്കു തെന്ന് വി. ഫൗസ്തീനായോട് ഈശോ പറഞ്ഞു. ഇത് നിങ്ങൾക്കുമറിയാം. പതിവായ കുമ്പസാരം ഇല്ലാതെ നിങ്ങളുടെ ശത്രുവായ പിശാചിനെ തോൽപ്പിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. ഇതിന് വേറെയൊരു വഴിയുമില്ല! വി. ഫൗസ്തീനായോട് ഈശോ പറഞ്ഞ ഈ വാക്കു കൾ നിങ്ങൾ ആഴത്തിൽ മനസ്സിലാക്കണം.

## പാപമോചനം എങ്ങനെ ലഭിക്കും?

1. ഇനിമേൽ പാപം ചെയ്യുകയില്ല എന്ന ശക്തമായ തീരുമാനമെടുക്കുക (പ്രഭാഷ. 37:17-18)
2. ശിഷ്ടായുസ്സ് വിശുദ്ധിയോടെ ജീവിക്കുക. (യോഹ. 5:14)
3. ശത്രുക്കളോട് ക്ഷമിക്കുക (മത്താ. 6:14-15)
4. ഉത്തരിപ്പു കടം വീട്ടുക (ലൂക്ക 19:1-10)
5. ഉപവസിച്ചു പ്രാർത്ഥിക്കുക (യോന 3:4-10)
6. ദാനധർമ്മങ്ങൾ ചെയ്യുക (തോബിത് 4:10-11)
7. വൈദികനോടു കുമ്പസാരിക്കുക (യോഹ. 20:23, യാക്കോ. 5:14-16). CIC 988 - ഇനമായും എണ്ണമായും 989 - ആണ്ടിലൊരി ക്കലെങ്കിലും കുമ്പസാരിക്കുക. CCCc 305- മാരകപാപങ്ങളുണ്ടെ ങ്കിൽ വി. കുർബാന സ്വീകരണത്തിനു മുൻപ് കുമ്പസാരിക്കുക.

എല്ലാ അക്രൈസ്തവരും പാപമോചനം ലഭിക്കുന്നതിന് ആദ്യത്തെ 6 കാര്യങ്ങൾ ചെയ്താൽ മതി.

## മിഖായേൽ മാലാഖയോട് പ്രാർത്ഥന

മുഖ്യദൂതനായ വിശുദ്ധ മിഖായേലേ, സ്വർഗ്ഗീയ സൈന്യങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നതശക്തികളോടും അധികാരങ്ങളോടും, ഇരുളടഞ്ഞ ലോകത്തിലെ ഭരണകർത്താക്കളോടും, ഉന്നതങ്ങളിലെ ദുരാത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കേണമെ (എഫേ. 6:12). ദൈവം തന്റെ സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വില കൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽനിന്നും രക്ഷിക്കുവാൻ വന്നാലും, നിന്നെയാണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവു രക്ഷിച്ച ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ നിയോഗിച്ചിട്ടുള്ളതും നിന്നെത്തന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിമപ്പെടുത്തുവാൻ സമാധാനദാതാവായ ദൈവത്തോടു പ്രാർത്ഥിക്കണമെ. അവൻ ഒരിക്കലും മനുഷ്യരെ അടിമപ്പെടുത്തുകയോ, തിരുസ്സഭയെ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കട്ടെ. ഞങ്ങളുടെ പ്രാർത്ഥനകൾ അത്യുന്നതനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുക. അവിടുത്തെ കരുണ ഞങ്ങളുടെമേൽ വേഗം ഉണ്ടാകുമാറാകട്ടെ. ദുഷ്ടജന്തുവും പഴയ സർപ്പവുമായ സാത്താനേയും അവന്റെ കൂട്ടുകാരെയും പിടിച്ചു ബന്ധിക്കുകയും അഗാധപാതാളത്തിൽ ഇട്ട് അടയ്ക്കുകയും ചെയ്യണമെ. അവൻ ഒരിക്കലും ജനങ്ങളെ വഴി തെറ്റിക്കാതിരിക്കട്ടെ. (വെളി. 20:2)

ദൈവമാതാവായ പരിശുദ്ധ അമലോത്ഭവ കന്യാമറിയത്തിന്റെയും മുഖ്യദൂതനായ വിശുദ്ധ മിഖായേലിന്റെയും,

ശ്ലീഹന്മാരായ വിശുദ്ധ പത്രോസിന്റെയും, പൗലോസിന്റെയും സകല പുണ്യവാന്മാരുടേയും മാദ്ധ്യസ്ഥം തേടിക്കൊണ്ട് ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ നാമത്തിൽ അങ്ങയുടെ വിശുദ്ധ ഭരണത്തിന്റെ ശക്തിമത്തായ അധികാരത്തിൽ ആശ്രയിച്ച്, പിശാചിന്റെ ആക്രമണങ്ങളേയും വഞ്ചനകളേയും അകറ്റുവാൻ ഉറപ്പോടെ ഒരുങ്ങുന്നു.

## പിശാചിന്റെ ഉപദ്രവങ്ങൾ നീക്കുവാനുള്ള പ്രാർത്ഥന

(പതിമൂന്നാം ലെയോ മാർപാപ്പയുടെ കല്പനപ്രകാരം പ്രസിദ്ധം ചെയ്തിട്ടുള്ളത്).

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും + നാമത്തിൽ ആമ്മേൻ.

### 68-ാം സങ്കീർത്തനം

ദൈവം എഴുന്നേല്ക്കുകയും, അവിടുത്തെ ശത്രുക്കൾ ചിതറപ്പെടുകയും ചെയ്യട്ടെ. അവിടുത്തെ ദ്വേഷിക്കുന്നവർ അവിടുത്തെ മുമ്പിൽനിന്ന് ഓടിയകലട്ടെ. പുക ഇല്ലാതാകുന്നതുപോലെ അവരും ഇല്ലാതാകട്ടെ. തീയുടെ മുമ്പിൽ മെഴുക് ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവത്തിന്റെ മുമ്പാകെ നശിക്കട്ടെ.

മു. കർത്താവിന്റെ കുരിശിനെ കണ്ടാലും, ശത്രുക്കളുടെ ഗണങ്ങളെ ഓടിപ്പോകുവിൻ.

സ. യൂദായുടെ വംശത്തിലെ സിംഹവും ദാവീദിന്റെ സന്താനവുമായവൻ ജയം പ്രാപിച്ചിരിക്കുന്നു.

മു. കർത്താവേ, അങ്ങിൽ ഞങ്ങൾ ശരണപ്പെടുന്നതു പോലെ.

സ. അങ്ങയുടെ കരുണ ഞങ്ങളുടെ മേൽ ഉണ്ടാകട്ടെ.

അശുദ്ധാത്മാക്കളെ, പൈശാചികശക്തികളേ, നാരകീയ ശത്രുക്കളേ, ദുഷ്ടസംഘങ്ങളേ, സമൂഹങ്ങളേ, വിഭാഗങ്ങളേ, നിങ്ങൾ ആരുതന്നെയായാലും, ഞങ്ങളിൽ നിന്ന് നിങ്ങളെ ഞങ്ങൾ ഓടിക്കുന്നു. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടതും ചെമ്മരിയാട്ടിൻ കുട്ടിയുടെ വിലയേറിയ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടതുമായ ആത്മാക്കളിൽ നിന്നും ദൈവത്തിന്റെ സഭയിൽ നിന്നും ഞങ്ങളുടെ കർത്താവീശോ + മിശിഹായുടെ നാമത്തിലും ശക്തിയിലും നിങ്ങൾ തള്ളിക്കളയപ്പെടുകയും അകറ്റപ്പെടുകയും ചെയ്യട്ടെ + മഹാസൂത്രശാലിയായ സർപ്പമേ, മനുഷ്യവംശത്തെ വഴി തെറ്റിക്കാനും, സഭയെ ഞെരുക്കുവാനും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ പീഢിപ്പിക്കുവാനും അവരെ ഗോതമ്പുപോലെ പാറ്റുവാനുമുള്ള നിന്റെ ധാർഷ്ഠ്യം ഉപേക്ഷിക്കുക + അത്യുന്നതനായ ദൈവം + നിങ്ങൾക്കു നൽകുന്ന കല്പനയാകുന്നു ഇത്. എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കുന്നതിനും സത്യത്തിന്റെ ജ്ഞാനത്തിലേക്ക് വരുന്നതിനും അവിടുന്ന് ആഗ്രഹിക്കുന്നു. എന്നാൽ ആ ദൈവത്തോടു തുല്യനാകുവാൻ ധിക്കാരപൂർവ്വമായ നിന്റെ ജല്പനത്തിൽ നീ ഇനിയും ഭാവിക്കുന്നു. പിതാവായ ദൈവം നിങ്ങളോടു കല്പിക്കുന്നു + പുത്രനായ ദൈവം നിങ്ങളോടു കല്പിക്കുന്നു + പരിശുദ്ധാത്മാവായ ദൈവം നിങ്ങളോടു കല്പിക്കുന്നു + ദൈവത്തിന്റെ നിത്യവചനം മനുഷ്യനായി അവതരിച്ച മിശിഹാ നിങ്ങളോടു കല്പിക്കുന്നു + നിങ്ങളുടെ ദുഷ്ടത മൂലം

അധഃപതിച്ച ഞങ്ങളുടെ വംശത്തെ രക്ഷിക്കുവാനായി അവിടുന്നു മരണം വരെ കീഴ്വഴങ്ങിക്കൊണ്ട് തന്നെ ത്തന്നെ എളിമപ്പെടുത്തി ഉറപ്പുള്ള പാറമേലാണ് അവിടുന്ന് തന്റെ പള്ളിയെ പണിതിരിക്കുന്നത്. കാലങ്ങളുടെ അവസാനം വരെ എന്നന്നേയ്ക്കും അവിടുന്നു തന്റെ സഭയോടുകൂടെ വസിക്കുന്നതിനാൽ നരകവാതിലുകൾ പ്രബലപ്പെടുകയില്ലെന്ന് അവിടുന്ന് വെളിപ്പെടുത്തിയിരിക്കുന്നു. കുരിശിന്റെ + നിഗൂഢമായ ശക്തിയും ക്രിസ്തീയവിശ്വാസത്തിന്റെ ദിവ്യരഹസ്യങ്ങളുടെ ശക്തിയും + ഇതുതന്നെ നിങ്ങളോടു കല്പിക്കുന്നു. തന്റെ അമലോത്ഭവത്തിന്റെ ആദ്യ നിമിഷം മുതൽ തന്റെ എളിമകൊണ്ട് അഹങ്കാരികളായ നിങ്ങളുടെ തലയെ തകർത്തവളും ദൈവത്തിന്റെ മഹാമാതാവുമായ പരിശുദ്ധ കന്യകാമറിയം നിങ്ങളോടു കല്പിക്കുന്നു + വിശുദ്ധ ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും മറ്റു ശ്ലീഹന്മാരുടെയും വിശ്വാസം നിങ്ങളോടു കല്പിക്കുന്നു + വേദസാക്ഷികളുടെ രക്തവും എല്ലാ വിശുദ്ധന്മാരുടെയും വിശുദ്ധകളുടേയും മാദ്ധ്യസ്ഥ ശക്തിയും നിങ്ങളോടു കല്പിക്കുന്നു + ഇപ്രകാരം ശപിക്കപ്പെട്ട സർപ്പമേ, ദുഷ്ടസൈന്യങ്ങളെ സജീവദൈവത്തെക്കുറിച്ച് + സത്യദൈവത്തെക്കുറിച്ച് + പരിശുദ്ധനായ ദൈവത്തെക്കുറിച്ച് + തന്റെ പുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനായി ആ പ്രിയപുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവത്തെക്കുറിച്ച് + സത്യമായി ഞങ്ങൾ നിങ്ങളോടു കല്പിക്കുന്നു. മനുഷ്യസൃഷ്ടികളെ വഞ്ചിക്കുകയും അവർക്ക് നിത്യനാശത്തിന്റെ വിഷം കൊടുക്കുകയും ചെയ്യുന്നതു നിറുത്തുക. സഭയെ ദ്രോഹിക്കുവാനും അതിന്റെ സ്വാതന്ത്ര്യത്തെ തട

യുവാനും ചെയ്യുന്ന പരിശ്രമങ്ങളെ വെടിയുക. സകല വഞ്ചനകളും നിർമ്മിക്കുന്നവനും പഠിപ്പിക്കുന്നവനുമായ സാത്താനേ, മനുഷ്യരക്ഷയുടെ വിരോധീ, നീ പുറത്തു പോകുക. നിന്റെ ദുഷ്ടപ്രവൃത്തികളുടെ ലാഞ്ചന പോലു മില്ലാത്ത മിശിഹായ്ക്കായി നീ സ്ഥലം ഒഴിഞ്ഞുകൊടു ക്കുക. മിശിഹാ വില തീരാത്ത തന്റെ രക്തം കൊടുത്തു സമ്പാദിച്ച ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ തിരുസഭയ്ക്ക് സ്ഥലം നൽകുക. ദൈവ ത്തിന്റെ സർവ്വശക്തമായ കരങ്ങൾക്കു നീ കീഴ്പ്പെടുക. ഞങ്ങൾ ഉച്ചരിച്ച ഈശോയുടെ വിശുദ്ധവും ഭയജനക വുമായ തിരുനാമത്തെ ഭയപ്പെട്ട് ഓടുക. ഈ നാമത്തിനു ശക്തിമാന്മാരും അധികാരികളും ഭരണകർത്താക്കളുമായ മാലാഖമാർ വിനീതമായി കീഴ്പ്പെടുന്നു. ഈ നാമത്തെ ക്രോബെന്മാരും സ്രാപ്പേന്മാരും സൈന്യങ്ങളുടെ "ദൈവ മായ കർത്താവു പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു, പരിശുദ്ധനാകുന്നു", എന്ന് ചൊല്ലി അനവരതം സ്തുതി ക്കുന്നു.

മു. കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ.

സ. എന്റെ നിലവിളി അങ്ങേ തിരുമുമ്പിൽ എത്തട്ടെ.

മു. കർത്താവു നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ.

സ. നിന്റെ ആത്മാവോടുകൂടെയും

### നമുക്കു പ്രാർത്ഥിക്കാം

സ്വർഗ്ഗത്തിന്റെ ദൈവമേ, ഭൂമിയുടെ ദൈവമേ, മാലാഖ മാരുടെ ദൈവമേ, പ്രധാന മാലാഖമാരുടെ ദൈവമേ, ഗോത്രപിതാക്കന്മാരുടെ ദൈവമേ, ശ്ലീഹന്മാരുടെ ദൈവമേ, രക്തസാക്ഷികളുടെ ദൈവമേ, വന്ദകന്മാരുടെ

ദൈവമേ, കന്യകകളുടെ ദൈവമേ, മരണത്തിനുശേഷം ജീവനും അദ്ധ്വാനത്തിനുശേഷം വിശ്രമവും നൽകുവാൻ ശക്തിയുള്ള ദൈവമേ, കാണാവുന്നതും കാണപ്പെടാത്തതുമായ എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവേ! നിന്റെ ഭരണത്തിന് അവസാനമില്ല. നീയല്ലാതെ വേറൊരു ദൈവമില്ല. വേറൊരു ദൈവം ഉണ്ടാകുവാനും പാടില്ല. നിന്റെ മഹിമയേറിയ പ്രതാപത്തിന്റെ മുമ്പാകെ ഞങ്ങൾ എളിമയോടെ സാഷ്ടാംഗം ആരാധിക്കുന്നു. നരകപിശാചുക്കളുടെ കരങ്ങളിൽ നിന്നും അവരുടെ എല്ലാ കെണികളിൽ നിന്നും വഞ്ചനകളിൽ നിന്നും ദുഷ്ടതകളിൽ നിന്നും ബലമേറിയ നിന്റെ കൈകൾകൊണ്ട് ഞങ്ങളെ രക്ഷപ്പെടുത്തുവാനും യാതൊരാപത്തും കൂടാതെ ഞങ്ങളെ കാക്കുവാനും കരുണയുണ്ടാകണമെന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹായെക്കുറിച്ചു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

പിശാചിന്റെ കെണികളിൽ നിന്ന്
കർത്താവേ, ഞങ്ങളെ രക്ഷിക്കണമെ.
തിരുസ്സഭ സുരക്ഷിതമായ സ്വാതന്ത്ര്യത്തോടെ നിന്നെ സേവിക്കുന്നതിനായി,
കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.
തിരുസ്സഭയുടെ എല്ലാ ശത്രുക്കളേയും കീഴ്പ്പെടുത്തണമെന്ന്,
കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

(അവസാനം ഹന്നാൻ വെള്ളം തളിക്കണം)

ഇത് സാധാരണ ചൊല്ലുന്നത് വളരെ ഉപകാരപ്രദമാണ്. പിശാചിന്റെ ഉപദ്രവമുണ്ടെന്ന് ന്യായമായി സംശയമുള്ളപ്പോൾ പ്രത്യേകം ഗുണകരമായിരിക്കും.


ആന്തരിക സൗഖ്യം

## ആന്തരിക സൗഖ്യം

1. ഒരു വ്യക്തിയുടെ ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നതിനും, പവിത്രീകരിക്കുന്നതിനും വേണ്ടിയുള്ള പ്രാർത്ഥനയും, പ്രബോധനവുമാണ് ആന്തരികസൗഖ്യം.

2. ഇത് ദൈവജനത്തെ പക്വതപ്പെടുത്തുന്നതിനുള്ള ഒരു ഉപാധിയാണ്.

3. പൂർണ്ണസൗഖ്യം ലഭിക്കാത്ത ഒരു ഹൃദയത്തെ യേശുക്രിസ്തുവിന്റെ കുരിശുമരണത്തോടും ഉത്ഥാനത്തോടും തിരുരക്തത്തോടും ചേർത്തുവയ്ക്കുന്ന ഒരു പ്രക്രിയയാണ്.

4. ഇത് ഒരു വ്യക്തിക്ക് ക്രിസ്തുവിൽ ഏറെ ഫലപ്രദവും, വിജയപ്രദവുമായ ജീവിതത്തിനുള്ള ഒരു ഉപാധിയാണ്.

5. ഇത് ബന്ധനങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നതിനുള്ള മാർഗ്ഗമാണ്.

6. പ്രാർത്ഥനയും പ്രബോധനവും വഴി ഒരു വ്യക്തി ജീവിതത്തിന്റെ എല്ലാ തലങ്ങളിലും വ്യക്തിത്വത്തിലും വിടുതൽ ലഭിക്കുന്നതിനുവേണ്ടിയുള്ള ഉപാധിയാണ്.

7. സംഭവിച്ച സമയത്ത് പ്രാപ്തിയില്ലായ്മ കൊണ്ടോ നിസംഗത കൊണ്ടോ നേരിടാൻ സാധിക്കാത്തതു മൂലം ഒരു വ്യക്തിയുടെ ഉള്ളിന്റെ ഉള്ളിൽ കുഴിച്ചു മൂടപ്പെട്ടിട്ടുള്ളതോ, സംഭരിക്കപ്പെട്ടിട്ടുള്ളതോ ആയ മുറിവുകൾ, സംശയങ്ങൾ, തിരസ്കരണങ്ങൾ, ഭയങ്ങൾ എന്നിവ നീക്കുന്നതിനുള്ള ഒരു ഉപാധിയാണ്.

## ജീവിതത്തിൽ നന്മ കൈവരിക്കുന്നതിന് തടസ്സം നിൽക്കുന്ന ആന്തരിക മുറിവുകളുടെ ചില ബാഹ്യലക്ഷണങ്ങൾ

1. അമിതമായ ലജ്ജ.
2. ഭയം - ഉദാഹരണമായി, പരീക്ഷകൾ, രോഗങ്ങൾ, മൃഗങ്ങൾ, ഉരഗങ്ങൾ, കീടങ്ങൾ, പരിണിതഫലങ്ങൾ, സമൂഹം, കാറ്റ്, വെള്ളം, പുഴ, തടാകം, ഇടിമുഴക്കം, ഭൂതം, പിശാചുക്കൾ, സാത്താൻ, മന്ത്രവാദികൾ, ആഭിചാരക്കാർ, ഭിക്ഷക്കാർ, അപരിചിതർ, ഡ്രൈവിംഗ്, നീന്തൽ, കുളി, സ്വാഭാവികമായ ലൈംഗികബന്ധം, എതിർലിംഗ ഭയം, അദ്ധ്യാപകർ, കുട്ടികൾ, മുതിർന്നവർ, സമപ്രായക്കാർ, മുതലായവയോടുള്ള ഭയം.
3. ഉത്കണ്ഠ - ആപേക്ഷികമായ ശാശ്വതഭാവി പരിണിതഫലങ്ങളെക്കുറിച്ചും യുക്തിരഹിതമായ ഭയത്തെക്കുറിച്ചുമുള്ള വ്യർത്ഥമായ ആകുലത.
4. ഇടമുറിയാതെയുള്ള ദുഃഖങ്ങളും അതിനെ തരണം ചെയ്യുന്നതിനുള്ള പ്രയാസങ്ങളും.
5. ഏകാന്തചിന്ത - ഉദാഹരണമായി, എനിക്ക് ആരുമില്ല, സമൂഹത്തിൽ ഞാൻ ഒറ്റയ്ക്കാണ്.
6. അസാധാരണ ഭീതി - ചെറിയ കാര്യങ്ങളോട് - ഉദാഹരണമായി, അടഞ്ഞ മുറിയിൽ ഇരിക്കാനുള്ള പ്രയാസം, ഉയർന്ന സ്ഥലങ്ങളോടുള്ള അകാരണ ഭയം, ഇടുങ്ങിയ സ്ഥലങ്ങളോടുള്ള ക്രമാതീത ഭയം, മുതലായവ.
7. ഞാൻ ഒന്നിനും കൊള്ളരുതാത്തത് - ആത്മാഭിമാനക്കുറവ്.

8. ആരും എന്നെ സ്നേഹിക്കുന്നില്ല.

9. എല്ലാവരും എന്നെ വെറുക്കുന്നു.

10. സൗഹൃദമില്ലായ്മ - കാരണമില്ലാതെ എല്ലാവരും എനിക്കെതിരായി നിൽക്കുന്നു.

11. വിഷണ്ണമായ പ്രകൃതം

12. തൊട്ടാവാടി സ്വഭാവം - ഉദാഹരണമായി, മറ്റുള്ളവരാൽ എളുപ്പത്തിൽ മുറിവേൽപ്പിക്കപ്പെടുക (അതിലോല മനസ്സ്).

13. സാമൂഹികമായി ഇടപെടാനുള്ള വൈമുഖ്യം (സാമൂഹ്യവിരുദ്ധം)

14. അമിതമായ ആത്മവിശ്വാസം

15. ആത്മവിശ്വാസക്കുറവ്

16. സമൂഹത്തോടുള്ള പേടി

17. വിക്ക്

18. മാനസിക കാരണങ്ങളാലുള്ള ശാരീരിക രോഗങ്ങൾ – ഉദാഹരണമായി, ജന്മനാലോ, രോഗാണു മൂലമോ, രോഗങ്ങൾ ഇല്ലെന്നിരിക്കലും രോഗത്തിന്റെ ലക്ഷണങ്ങൾ ശരീരത്തിൽ ഉണ്ടായിരിക്കുക.

19. എല്ലാത്തരം അലർജികളും - ഉദാഹരണമായി, ഭക്ഷണം, പൊടി, മഞ്ഞ്, പൂമ്പൊടി, പെർഫ്യൂം, തുണി, സ്വർണ്ണം, ചില ലോഹങ്ങൾ, തണുത്ത ജലം, തണുപ്പുള്ള കാലാവസ്ഥ, ചൂടു കാലാവസ്ഥ മുതലായവ.

20. ആശയവിനിമയത്തിനുള്ള പ്രാപ്തിക്കുറവ്

21. ഓർമ്മയില്ലായ്മ

22. ഓ.സി.ഡി.യുടെ ലക്ഷണങ്ങളും പലപല മാനസികരോഗങ്ങളും, ക്രമക്കേടുകളും.

23. ബോധപൂർവ്വമല്ലാത്ത ലൈംഗിക ഉത്തേജനം.
24. ഉറക്കമില്ലായ്മ, അമിതമായ ഉറക്കം, എപ്പോഴും ക്ഷീണം തോന്നുന്ന അവസ്ഥ.
25. ഭയാനകമായ സ്വപ്നങ്ങൾ (ദുഃസ്വപ്നം)
26. ഏകാഗ്രതക്കുറവ്
27. ഓർമ്മക്കുറവ്
28. കഠിനാദ്ധ്വാനം ചെയ്തെന്നിരിക്കലും ലഭിക്കുന്ന കുറഞ്ഞ മാർക്കും മോശമായ പരീക്ഷാഫലവും.
29. ഭക്ഷണരീതിയിലെ ക്രമക്കേടുകൾ - ഉദാഹരണമായി, വിശപ്പില്ലായ്മ, അമിതഭോജനം.
30. മക്കളോടും, ജീവിതപങ്കാളിയോടും, മാതാപിതാക്കളോടും സമ്പർക്കം പുലർത്താനുള്ള കഴിവില്ലായ്മ.
31. അപ്രായോഗികമായ ആശയങ്ങൾ പരിപോഷിപ്പിക്കുക (യാഥാർത്ഥ്യ ബോധമില്ലാത്ത ആശയങ്ങൾ)
32. അരക്ഷിതത്വ മനോഭാവം.

## പാപത്തിലേക്ക് നിങ്ങളെ നയിക്കുന്ന ആന്തരിക മുറിവുകളുടെ ചില ബാഹ്യലക്ഷണങ്ങൾ

1. പ്രലോഭനങ്ങൾ - നിങ്ങൾ പ്രലോഭനങ്ങൾക്കും വഴങ്ങുമ്പോൾ പാപത്തിലേക്കും മരണത്തിലേക്കും നയിക്കപ്പെടുന്നു. CCC 2847.
2. ആത്മഹത്യ പ്രവണതയിലേക്ക് നയിക്കുന്ന വിഷാദരോഗം.
3. തെറ്റായ ഭ്രമങ്ങൾ
4. ആത്മഹത്യ പ്രവണത
5. തെറ്റിദ്ധാരണ
6. ദുർവ്യാഖ്യാനം

7. മറ്റുള്ളവരിൽ വിശ്വാസക്കുറവും എപ്പോഴും എല്ലാവരേയും സംശയിക്കുന്ന പ്രകൃതവും.
8. ആത്മാനുകമ്പ
9. ആസക്തികൾ
10. മൃഗങ്ങളോടും വസ്തുക്കളോടും അനുചിതമായ സ്നേഹം
11. ക്ഷിപ്രകോപവും മർക്കടമുഷ്ടിയും ദേഷ്യവും

## പാപകരമായ പ്രകൃതമുള്ള ആന്തരിക മുറിവുകളുടെ ചില ബാഹ്യലക്ഷണങ്ങൾ

1. അസൂയ
2. അഹങ്കാരം
3. വെറുപ്പ്
4. ക്ഷമിക്കാൻ പറ്റാത്ത അവസ്ഥയും, തകർന്ന ബന്ധങ്ങളും
5. ദൈവത്തേയും, സഭയുടെ പ്രബോധനങ്ങളേയും അനുസരിക്കാതിരിക്കുക.
6. പ്രാർത്ഥിക്കുവാനുള്ള ബുദ്ധിമുട്ട് - പ്രാർത്ഥിക്കാതിരിക്കുന്നത് പാപമാണ്.
7. ദൈവത്തിൽ വിശ്വസിക്കാനുള്ള ബുദ്ധിമുട്ട് (റോമ. 14:23)
8. ദൂഷണം അല്ലെങ്കിൽ അപവാദം, കിംവദന്തി പരത്തുക.
9. നിരാശ (നൈരാശ്യം)
10. പശ്ചാത്തപിക്കാനും, മാനസാന്തരപ്പെടുവാനുമുള്ള ബുദ്ധിമുട്ട് (കഴിഞ്ഞകാല പാപങ്ങളെക്കുറിച്ചുള്ള ദുഃഖമില്ലായ്മ).

11. പൊങ്ങച്ചം
12. ചൂതുകളി, പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി.
13. വഴിതെറ്റിയ ലൈംഗിക പെരുമാറ്റങ്ങൾ - ഉദാഹരണമായി, സ്വയംഭോഗം, മൃഗീയത, കിരാതലൈംഗികത, മറ്റുള്ളവരെ മനഃപൂർവ്വം വേദനിപ്പിക്കുക, ആത്മപീഠനത്വര, കുട്ടികളോടുള്ള ലൈംഗികാസക്തി, വ്യഭിചാരം, അശ്ലീല ചിത്രങ്ങൾ, സ്ത്രൈണ സ്വഭാവം, ബഹുഭാര്യാത്വം, ബഹുഭർതൃത്വം, വെപ്പാട്ടിയായിരിക്കുന്ന അവസ്ഥ, ബലാത്ക്കാരം, ഒളിഞ്ഞുനോട്ടം, സ്വവർഗ്ഗഭോഗം, ലൈംഗീകാവയവ പ്രദർശനംകമ്പം, അശ്ലീലത, വശീകരണം, ശരീരം പ്രദർശിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രധാരണം.
14. കുറ്റാരോപണം
15. സ്വയം ന്യായീകരണം
16. മറ്റുള്ളവരെ ആക്രമിക്കുകയോ വേദനിപ്പിക്കുകയോ ചെയ്യുക.
17. കൊതി
18. മടി, ചെയ്യേണ്ട കാര്യങ്ങൾ വച്ചു താമസിപ്പിക്കുക.
19. ദൈവദൂഷണവും ദൈവദൂഷണ ചിന്തകളും.
20. അമിത ധനേച്ഛയും, അതിമോഹവും.
21. കൂടോത്രവും മന്ത്രവാദവും അഭ്യസിക്കുക.
22. നുണ പറയുക - (നുണ എന്ന മാനസിക വൈകല്യത്തിന് അടിമയാകുക).
23. ആഢംബരവും പണധൂർത്തും.
24. വസ്തുവകകൾ നശിപ്പിക്കുക.
25. പിടിച്ചുപറി, മോഷണം.

26. മയക്കുമരുന്ന്, പണം, ലൈംഗീകത എന്നിവയോടുള്ള ആസക്തി.
27. ഉത്തരവാദിത്വമില്ലായ്മ.
28. എല്ലാം വിധിപോലെ നടക്കുമെന്നുള്ള വിശ്വാസം.
29. നശീകരണ പ്രവണത, പൈശാചിക കൃത്യം, സാമൂഹിക വിരുദ്ധ നിലപാടുകൾ, ഭീകര പ്രവർത്തനം, നരഹത്യ, വംശഹത്യ (ഹിറ്റ്ലർ), പോരാട്ടം, യുദ്ധം, മൃഗങ്ങളോടുള്ള ക്രൂരമായ പെരുമാറ്റം മുതലായവ.

## ആന്തരിക മുറിവുകളുടെ കാരണങ്ങൾ

1. സ്നേഹം ലഭിക്കാത്ത അനുഭവങ്ങൾ.
2. തിരസ്ക്കരിക്കപ്പെട്ടു എന്ന ചിന്ത.
3. മാനസികാഘാതം
4. തിക്താനുഭവങ്ങൾ
5. മുറിവേറ്റ വികാരങ്ങൾ
6. പൂർവ്വികമായ കാരണങ്ങൾ, മാതാപിതാക്കൾ മൂലമുള്ള കാരണങ്ങൾ.
7. പൈശാചിക കാരണങ്ങൾ.

## പരിഹാരമാർഗ്ഗങ്ങൾ

1. ജീവിതത്തിന്റെ കഴിഞ്ഞ കാലഘട്ടങ്ങളിലൂടെ യേശുവിനോടൊത്ത് സഞ്ചരിക്കുക.
2. നിരുപാധികം ക്ഷമിക്കുക.
3. ആന്തരിക സൗഖ്യവരമുള്ള വ്യക്തി നയിക്കുന്ന ആന്തരികസൗഖ്യ ആരാധന.
4. നിരന്തരമായ ആന്തരിക സൗഖ്യ പ്രാർത്ഥനകൾ.
5. സംരക്ഷണത്തിനും ബന്ധനവിമോചനത്തിനുമുള്ള പ്രാർത്ഥനകൾ.
6. പരിശുദ്ധാത്മനിറവിനുള്ള പ്രാർത്ഥനകൾ.
7. സ്തുതിപ്പ്.

## ആന്തരിക സൗഖ്യത്തിനുള്ള വി. ഗ്രന്ഥ വാക്യങ്ങൾ

1. യോഹ. 14:1 – നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട.
2. സങ്കീ. 34:18 – ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്.
3. 1പത്രോ. 5:6 – നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ.
4. ഏശയ്യ 43:5 – ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്.
5. സങ്കീ. 27:10 – അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും.
6. ഏശയ്യ 49:15 – പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല.
7. മത്താ. 6:33 – നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും.
8. ഫിലി. 4:13 – എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും.
9. ഗലാ. 2:20 – ഇനിമേൽ ഞാനല്ല ജീവിക്കുന്നത്. ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.
10. മലാക്കി 4:3 – ഞാൻ പ്രവർത്തിക്കുന്ന ദിവസം ദുഷ്ടന്മാരെ നിങ്ങൾ ചവിട്ടിത്താഴ്ത്തും. അവർ നിങ്ങളുടെ കാൽക്കീഴിൽ ചാരം പോലെ ആയിരിക്കും.
11. ഏശയ്യ 54:17 – നിന്നെ ഉപദ്രവിക്കാൻ ഉണ്ടാക്കിയ ഒരായുധവും ഫലപ്രദമാവുകയില്ല. നിനക്കെതിരെ വിധി പ്രസ്താവിക്കുന്ന എല്ലാ നാവുകളേയും നീ ഖണ്ഡിക്കും.
12. CCC 370 – ദൈവമെന്റെ പിതാവും മാതാവുമാണ്. അവിടുന്ന് എന്നെ സ്നേഹിക്കുന്നു.
13. ഏശയ്യ 43:25 / ഹെബ്രാ. 8:12 – നിന്റെ പാപങ്ങൾ ഞാൻ ഓർക്കുകയില്ല.

14. ഏശയ്യ 43:18-19 - കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ. ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു.

15. റോമ. 8:28 - ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു.

## ആന്തരിക സൗഖ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന

(കരങ്ങൾ കുരിശാകൃതിയിൽ പിണച്ച് നെഞ്ചിൽ നിന്നും അരയടി അകലത്തിൽ ഉയർത്തിപിടിക്കുക. മോശ തടിക്കഷണം കയ്പ്പുവെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമുള്ളതായി മാറി. അതുപോലെ എല്ലാ തിക്താനുഭവങ്ങളും വേദനിപ്പിക്കുന്ന ഓർമ്മകളും വി. കുരിശിന്റെ ശക്തിയിൽ മധുരമുള്ളതായി മാറും. കുരിശിൽ നിന്നുള്ള പ്രകാശ കിരണങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ സുഖപ്പെടുത്തും.)

**പ്രാർത്ഥന:** യേശുവേ, അങ്ങ് ഇന്നലെയും ഇന്നും എന്നും ഒരുവൻ തന്നെയാണ്. അങ്ങ് എന്റെ ഇന്നലെകളിലേക്കു കടന്നുചെന്ന് എന്റെ മുറിവേറ്റ വികാരങ്ങളെയും തിക്താനുഭവങ്ങളെയും എനിക്കനുകൂലമായും എന്റെ നന്മയ്ക്കായും മാറ്റിത്തരണമേ. യേശുവേ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള തിക്താനുഭവങ്ങളുടെ മേലും, തിരസ്കരണം, ക്ഷമിക്കുവാൻ പറ്റാത്ത അവസ്ഥ, സങ്കടം, ഭയം, ഏകാന്തത, വിരഹം, പരാജയം തുടങ്ങിയ എല്ലാ അധമവികാരങ്ങളുടെ മേലും അങ്ങയുടെ കരുണ ചൊരിയണമേ. യേശുവേ, അങ്ങ് എന്റെ കയ്പേറിയ അനുഭവങ്ങളുടെ മേൽ ഇറങ്ങിവന്ന് അവയെ മധുരിക്കുന്ന ഓർമ്മകളാക്കി മാറ്റണമേ. എന്നെ അന്യായമായി എതിർക്കുന്നവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും അവരോടു ക്ഷമിക്കുകയും ചെയ്യുന്നു. എന്നെ അനുഗ്രഹിക്കുന്നതിനേക്കാൾ കൂടുതലായി അവരെ അനുഗ്രഹിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.


ദൈവകാരുണ്യ
നൊവേന
വിശുദ്ധ ഫൗസ്തീന
(ദൈവകാരുണ്യ ഭക്തിയുടെ പ്രേഷിത)

# ദൈവകാരുണ്യ ഭക്തി നൊവേനയിലൂടെ

ദിവ്യരക്ഷകൻ വിശുദ്ധ ഫൗസ്തീനായ്ക്ക് തന്റെ വ്യക്തിഗത ഉദ്ദേശ്യങ്ങൾക്കായി ദൈവകാരുണ്യഭക്തി യുടെ നൊവേന കൊടുത്തതിനു പുറമേ എല്ലാവരും ചൊല്ലേണ്ടതായ ശക്തിയേറിയ ഒരു പ്രാർത്ഥന വെളി പ്പെടുത്തിക്കൊടുത്തു. അതാണ് കരുണയുടെ നൊവേന.

വിശുദ്ധ ഫൗസ്തീന സ്ഥിരമായി ഈ നൊവേന പ്രാർത്ഥന ചൊല്ലുമായിരുന്നു. പ്രത്യേകം മരണശയ്യ യിൽ ആയിരിക്കുന്നവർക്കുവേണ്ടി എല്ലാവരും ഈ കരു ണയുടെ പ്രാർത്ഥന ചൊല്ലി ദൈവവാഗ്ദാനമനുസരി ച്ചുള്ള വിശേഷകൃപ ലഭിക്കാനുള്ളതുകൊണ്ട് ഈ പ്രാർത്ഥന ശക്തിപ്പെടുത്താൻ ദൈവം അവരോട് ആഹ്വാനം ചെയ്തു.

ഈ നൊവേന എപ്പോൾ വേണമെങ്കിലും ചൊല്ലാവുന്ന താണ്. ഈ നൊവേനയിലൂടെ എല്ലാ കൃപകളും ആത്മാക്കൾക്ക് നൽകപ്പെടും. ഇതാണ് ദൈവിക വാഗ്ദാനം.

## ദൈവകാരുണ്യ നൊവേന

വിശുദ്ധ ഫൗസ്തീനയുടെ ഡയറിക്കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത് Diary No. 476

## ഒന്നാം ദിവസം

**(നിയോഗം: എല്ലാ പാപികളുടേയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.)**

നിത്യപിതാവേ! ഏറ്റവും കരുണയുള്ള അങ്ങയുടെ ഹൃദയത്തിൽ എല്ലാ പാപികളേയും നിത്യമായി അങ്ങേ അനന്തകരുണയിൽ സ്വീകരിക്കണമെ. ഏറ്റവും കരുണയുള്ള ഈശോയെ! ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളുടെ പാപങ്ങളെ നോക്കരുതേ. അനന്തനന്മയായ അങ്ങിൽ ഞങ്ങൾ ശരണപ്പെടുന്നു. അങ്ങയുടെ ഏറ്റവും കരുണയുള്ള ഹൃദയത്തിൽ ഞങ്ങളെ സ്വീകരിക്കണമെ. അങ്ങിൽ നിന്ന് ഒരിക്കലും വിട്ടുനിൽക്കാൻ ഇടയാക്കല്ലേ. പിതാവിനോടും പരിശുദ്ധാത്മാവിനോടും നിന്നെ ഒന്നിപ്പിക്കുന്ന സ്നേഹം ഞങ്ങൾ യാചിക്കുന്നു. കർത്താവീശോമിശിഹായുടെ പീഢാനുഭവത്തെക്കുറിച്ച് അങ്ങയുടെ കാരുണ്യത്തിന്റെ സർവ്വശക്തിയെ എപ്പോഴും എന്നേയ്ക്കും പുകഴ്ത്തട്ടെ. ആമ്മേൻ.

## രണ്ടാം ദിനം

**(നിയോഗം: വൈദികർക്കും സന്യസ്തർക്കും വേണ്ടി പ്രാർത്ഥിക്കുക.)**

ഏറ്റവും കരുണയുള്ള ഈശോയെ! എല്ലാ നന്മകളുടേയും ഉറവിടമേ! അങ്ങയുടെ പ്രസാദവരങ്ങൾ ഞങ്ങളിൽ വർദ്ധിപ്പിക്കണമെ. കരുണയുടെ പ്രവൃത്തികൾ ചെയ്യുവാനും അതുവഴി ഞങ്ങളെ കാണുന്നവരെല്ലാം കരുണയുടെ പിതാവിനെ പുകഴ്ത്തുവാനും ഇട വരട്ടെ.

നിത്യനായ പിതാവേ കരുണാർദ്രമായ അങ്ങയുടെ കണ്ണുകൾ അങ്ങയുടെ മുന്തിരിത്തോപ്പിലെ തെരഞ്ഞെടുക്കപ്പെട്ട വേലക്കാരായ സന്യസ്തരുടെയും വൈദികരുടെയും നേർക്കു തിരിക്കണമെ. അങ്ങയുടെ അനുഗ്രഹങ്ങൾ കൊണ്ട് അവരെ ആഭരണമണിയിക്കണമെ. അങ്ങയുടെ തിരുക്കുമാരന്റെ തിരുഹൃദയത്തോടുള്ള സ്നേഹത്താൽ മുദ്രയിടപ്പെട്ടിരിക്കുന്ന അവർക്കു അങ്ങയുടെ ശക്തിയും പ്രകാശവും പ്രദാനം ചെയ്യണമെ. അങ്ങനെ അവർ മറ്റുള്ളവരേയും രക്ഷയുടെ മാർഗ്ഗത്തിലേയ്ക്കു നയിക്കുന്നതിനും, ഏകസ്വരത്തിൽ അങ്ങയുടെ അളവില്ലാത്ത കരുണയെ പാടിപ്പുകഴ്ത്തുന്നതിനും ഇടയാകട്ടെ.

ആമ്മേൻ.

## മൂന്നാം ദിനം

**(നിയോഗം: ദൈവവിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയേ, അങ്ങയുടെ കരുണയുടെ നിക്ഷേപത്തിൽനിന്നു ഞങ്ങൾക്കെല്ലാവർക്കും, ഓരോരുത്തർക്കും സമൃദ്ധമായ അളവിൽ പ്രസാദവരങ്ങൾ വർഷിക്കണമെ. സഹതാപ നിർഭരമായ അങ്ങയുടെ ഹൃദയത്തിൽ ഞങ്ങൾക്ക് അഭയം നൽകണമെ. അവിടെ നിന്ന് അകന്നുപോകുവാൻ ഞങ്ങളെ അനുവദിക്കരുതേ. സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സ്നേഹത്താൽ അതിതീക്ഷ്ണമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ ഹൃദയത്തെപ്രതി ഈ അനുഗ്രഹം ഞങ്ങൾ അങ്ങയോടു യാചിക്കുന്നു.

നിത്യനായ പിതാവേ, വിശ്വാസികളുടെ ആത്മാക്കളുടെമേൽ കരുണാർദ്രമായ അങ്ങയുടെ നോട്ടം പതിക്കണമെ. അവർ അങ്ങയുടെ പുത്രന്റെ അനന്തരാവകാശികളാണല്ലോ. അങ്ങേ പുത്രന്റെ കഠിനപീഢകളെ പ്രതി അങ്ങയുടെ അനുഗ്രഹങ്ങൾ അവരിൽ ചൊരിയണമെ. അങ്ങയുടെ നിരന്തരമായ സംരക്ഷണം അവരോടുകൂടെ ഉണ്ടായിരിക്കണമെ. അങ്ങനെ അവർ അങ്ങയോടുള്ള സ്നേഹത്തിൽ പരാജയപ്പെടാതിരിക്കട്ടെ. അങ്ങയിലുള്ള പരിശുദ്ധമായ വിശ്വാസത്താൽ അവർ ഉറച്ചുനിൽക്കട്ടെ. സ്വർഗ്ഗത്തിലുള്ള എല്ലാ മാലാഖമാരോടും വിശുദ്ധന്മാരോടുമൊപ്പം അങ്ങയുടെ അളവില്ലാത്ത കരുണയെ മഹത്വപ്പെടുത്തുന്നതിന് അവർക്കിടയാക്കട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

## നാലാം ദിനം

**(നിയോഗം: അവിശ്വാസികൾക്കായും യേശുവിനെ അറിയാത്തവർക്കായും പ്രാർത്ഥിക്കുക)**

ഏറ്റവും സഹതാപാർദ്രനായ എന്റെ ഈശോയെ! അങ്ങാകുന്നു ലോകം മുഴുവന്റെയും വെളിച്ചം. ദയാനിർഭരമായ അങ്ങയുടെ ഹൃദയത്തിൽ അവിശ്വാസികളുടേയും അങ്ങേ അറിയാത്തവരുടേയും ആത്മാക്കളെ സ്വീകരിക്കണമെ. അങ്ങയുടെ കൃപാകിരണങ്ങൾ അവരെ പ്രകാശിപ്പിക്കയും അങ്ങനെ മഹനീയമായ അങ്ങയുടെ കരുണയെ അവർ വാഴ്ത്തുവാനിടയാവുകയും ചെയ്യട്ടെ. കരുണാസമ്പന്നമായ അങ്ങയുടെ ഹൃദയത്തിൽ നിന്ന് അകന്നുപോകാൻ അവരെ അനുവദിക്കരുതേ.

നിത്യനായ പിതാവേ! അങ്ങയിൽ വിശ്വസിക്കാത്തവരും അങ്ങയെ അറിയാത്തവരും ആണെങ്കിലും ഈശോയുടെ ദയനിറഞ്ഞ ഹൃദയത്തിൽ സ്ഥാനം ലഭിച്ചിരിക്കുന്ന ആത്മാക്കളുടെമേൽ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാകണമെ. സുവിശേഷവെളിച്ചത്തിലേക്ക് അവരെ ആനയിക്കേണമെ. അങ്ങയെ സ്നേഹിക്കുക എത്ര ആനന്ദപ്രദമായ അനുഭവമാണെന്ന് ഈ ആത്മാക്കൾ അറിയുന്നില്ല. അങ്ങയുടെ കരുണയുടെ സമൃദ്ധിയെ പുകഴ്ത്തുവാൻ ഇവർക്കും വരമേകണമേ.

ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

## അഞ്ചാം ദിനം

**(നിയോഗം: സത്യസഭയിൽ നിന്ന് വേർപിരിഞ്ഞു പോയ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയേ! നന്മയുടെ ഉറവിടമേ അങ്ങയുടെ പ്രകാശം അന്വേഷിക്കുന്നവരെ അവിടുന്ന് നിരസിക്കുകയില്ലല്ലോ. സത്യസഭയിൽ നിന്ന് വേർപിരിഞ്ഞുപോയ സഹോദരങ്ങളുടെ ആത്മാക്കളെ അങ്ങയുടെ ദയാപൂർണ്ണമായ ഹൃദയത്തിൽ സ്വീകരിക്കണമെ. അങ്ങയുടെ പ്രകാശം നൽകി സഭയുടെ ഐക്യത്തിലേക്ക് അവരെ ആനയിക്കണമേ. സഹതാപസമ്പൂർണ്ണമായ അങ്ങയുടെ ഹൃദയത്തിൽ നിന്ന് അകന്നുപോകുവാൻ അവരെ അനുവദിക്കരുതേ; പകരം അവർക്കിവിടെ സ്ഥാനം നൽകി അങ്ങയുടെ കൃപാസമൃദ്ധിയെ പുകഴ്ത്തുവാനിടയാകട്ടെ.

നിത്യനായ പിതാവേ വിശ്വാസത്തിൽ നിന്ന് വേർതിരിഞ്ഞുപോയ സഹോദരങ്ങളുടെ മേൽ, പ്രത്യേകിച്ച് അങ്ങയുടെ പ്രസാദവരങ്ങളെ നിരസിച്ച് മനഃപൂർവ്വം തെറ്റിൽ നിലനിൽക്കുന്നവരുടെമേൽ അങ്ങയുടെ ദയാദൃഷ്ടി തിരിക്കണമെ. അവരുടെ തെറ്റുകളെ അങ്ങു പരിഗണിക്കരുതേ. അങ്ങയുടെ പുത്രന് അവരോടുള്ള സ്നേഹവും അവർക്കുവേണ്ടി ഏറ്റ സഹനവും അവർക്കു ഈശോയുടെ ദയാസമൃദ്ധമായ ഹൃദയത്തിലുള്ള സ്ഥാനവും അങ്ങു പരിഗണിക്കണമേ. അങ്ങയുടെ മഹനീയമായ മഹിമയെ പാടിപ്പുകഴ്ത്തുവാൻ അവരേയും അങ്ങേ സവിധത്തിലേക്ക് അടുപ്പിക്കണമെ. എപ്പോഴും എന്നേക്കും ആമ്മേൻ.

## ആറാം ദിനം

**(നിയോഗം: ശിശുക്കൾക്കായി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയെ! ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്നിൽ നിന്നു പഠിക്കുവിൻ എന്ന് അങ്ങ് തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ. വിനീതഹൃദയരുടേയും ശിശുക്കളുടേയും ആത്മാക്കളെ അങ്ങയുടെ കരുണാനിർഭരമായ ഹൃദയത്തിൽ സ്വീകരിക്കണമെ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രിയപ്പെട്ടവരും, സ്വർഗ്ഗത്തെ മുഴുവൻ ആനന്ദിപ്പിക്കുന്നവരും ഈ ആത്മാക്കളാണ്. ദൈവസിംഹാസനത്തിന് മുമ്പാകെ പരിമളം പരത്തുന്ന പൂച്ചെണ്ടുകളാണിവർ. അവരുടെ വിശുദ്ധിയുടെ പരിമളത്താൽ ദൈവംതന്നെ സന്തോഷിക്കുന്നു. ഈശോയുടെ കനിവുനിറഞ്ഞ ഹൃദയം ഈ ആത്മാക്കൾക്കൊരു നിത്യഗേഹമാണല്ലോ. സ്നേഹത്തിന്റെയും കരുണയുടെയും മധുരഗാനം അവർ എപ്പോഴും പാടിക്കൊണ്ടിരിക്കുകയും ചെയ്യട്ടെ.

നിത്യനായ പിതാവേ! കനിവിന്നുറവയായ ഈശോയുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന കൊച്ചുകുട്ടികളുടെ ശാന്തതയും എളിമയുമുള്ള ആത്മാക്കളുടെമേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. അങ്ങേ പുത്രന്റെ ഏറ്റവും അടുത്ത പ്രതിഛായകളാണവർ. ഭൂമിയിൽ നിന്നുയരുന്ന അവരുടെ സുഗന്ധം സ്വർഗ്ഗത്തിൽ അങ്ങയുടെ സിംഹാസനം വരെ എത്തുന്നു. കരുണയുടെ

പിതാവേ! സർവ്വനന്മകളുടേയും ഉറവിടമേ, ഈ ആത്മാക്കളോടുള്ള അങ്ങയുടെ സ്നേഹത്തെ പ്രതിയും അങ്ങേക്കിവരിലുള്ള പ്രസാദത്തെ പ്രതിയും ഞാൻ യാചിക്കുന്നു. ലോകം മുഴുവനേയും അങ്ങ് അനുഗ്രഹിക്കണമെ. അങ്ങനെ എല്ലാ ആത്മാക്കളുമൊന്നിച്ച് അങ്ങയുടെ കരുണയുടെ സ്തുതികൾ പാടിപ്പുകഴ്ത്തുവാൻ ഇടവരട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

## ഏഴാം ദിനം

**(നിയോഗം: ദിവ്യകാരുണ്യഭക്തർക്കായി പ്രാർത്ഥിക്കുക.)**

ഏറ്റവും കരുണയുള്ള ഈശോയേ! അങ്ങയുടെ ഹൃദയം സ്നേഹം തന്നെയാണല്ലോ. അങ്ങയുടെ കരുണയുടെ ആഴത്തെ പുകഴ്ത്തുന്നവരുടെ ആത്മാക്കൾക്ക് അങ്ങയുടെ ഹൃദയത്തിൽ അഭയം നൽകണമെ. ദൈവത്തിന്റെ തന്നെ ശക്തി സ്വീകരിച്ച് ശ്രേഷ്ഠത നിറഞ്ഞവരാണീ ആത്മാക്കൾ.... ദുഃഖങ്ങളുടെ നടുവിലും അങ്ങയുടെ കാരുണ്യത്തിൽ ആശ്രയിച്ച് അവർ മുന്നോട്ടുപോകുന്നു. ഈശോയുമായി ഐക്യപ്പെട്ടിരിക്കുന്ന ഈ ആത്മാക്കൾ, മാനവലോകത്തെ മുഴുവൻ തങ്ങളുടെ മാദ്ധ്യസ്ഥം വഴിയായി തോളുകളിൽ സംവഹിക്കുന്നു. ഈ ആത്മാക്കൾ കഠിനമായി വിധിക്കപ്പെടുകയില്ലല്ലോ. ഈ ജീവിതത്തിൽ നിന്നു പിരിയുമ്പോൾ

അങ്ങയുടെ കരുണ അവരെ ആലിംഗനം ചെയ്ത് സ്വീകരിക്കുമല്ലോ.

നിത്യനായ പിതാവേ! ഈശോയുടെ കരുണയുള്ള ഹൃദയത്തിലെ അംഗങ്ങളിൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. ജീവിക്കുന്ന സുവിശേഷങ്ങളാണീ ആത്മാക്കൾ. കരുണയുടെ പ്രവൃത്തികളാൽ അവരുടെ ഹൃദയം നിറഞ്ഞിരിക്കുന്നു. സന്തോഷത്താൽ നിറഞ്ഞുതുളുമ്പുന്ന അവരുടെ ഹൃദയം അത്യുന്നതന്റെ കാരുണ്യസ്തോത്രം ആലപിക്കുന്നു. അങ്ങയിൽ അവർ സമർപ്പിച്ചിരിക്കുന്ന പ്രതീക്ഷയ്ക്കും ശരണത്തിനും അനുസൃതമായി അവരോട് കരുണ കാണിക്കണമേയെന്ന് ഞാനങ്ങയോട് യാചിക്കുന്നു. അങ്ങയുടെ അളവില്ലാത്ത കരുണയെ പുകഴ്ത്തുന്നവരെ ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്തും സംരക്ഷിക്കുമെന്ന വാഗ്ദാനം അവരിൽ പൂർത്തിയാകട്ടെ. എപ്പോഴും എന്നേക്കും ആമ്മേൻ.

## എട്ടാം ദിവസം

**(നിയോഗം: ശുദ്ധീകരണാത്മാക്കൾക്കായി പ്രാർത്ഥിക്കുക)**

ഏറ്റവും കരുണയുള്ള ഈശോയേ! കരുണയാണ് അങ്ങ് ആഗ്രഹിക്കുന്നത് എന്നരുളിച്ചെയ്തിട്ടുണ്ടല്ലോ. ശുദ്ധീകരണസ്ഥലത്തുള്ള എല്ലാ ആത്മാക്കളെയും അങ്ങയുടെ സഹതാപാർദ്രമായ ഹൃദയത്തിൽ ഞാൻ സമർപ്പിക്കുന്നു. അങ്ങേയ്ക്ക് വളരെ പ്രിയപ്പെട്ടവരെങ്കിലും അങ്ങയുടെ നീതി പൂർത്തിയാക്കേണ്ടവരാണിവർ. അങ്ങയുടെ ഹൃദയത്തിൽ നിന്ന് പുറപ്പെട്ട രക്തവും ജലവും അഗ്നിജ്വാലകളെ ശമിപ്പിക്കട്ടെ. അങ്ങനെ അങ്ങയുടെ കരുണയുടെ ശക്തി അവിടെയും പുകഴ്ത്തപ്പെടട്ടെ.

നിത്യനായ പിതാവേ! ഈശോയുടെ ദയ നിറഞ്ഞ ഹൃദയത്തിൽ സ്ഥാനമുള്ള ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കളുടെ മേൽ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാകണമെ. ഈശോ സഹിച്ച കയ്പുനിറഞ്ഞ ക്ലേശങ്ങളെയും ആത്മാവിൽ നിറഞ്ഞ എല്ലാ സഹനങ്ങളെയും പ്രതി ഞാൻ അങ്ങയോട് യാചിക്കുന്നു. നീതിവിധിക്കു വിധേയരായിരിക്കുന്ന ആത്മാക്കളുടെമേൽ അങ്ങയുടെ കാരുണ്യം വർഷിക്കേണമെ. അങ്ങയുടെ പ്രിയപുത്രനായ ഈശോയുടെ തിരുമുറിവുകളിലൂടെ മാത്രം അങ്ങ വരെ നോക്കേണമെ. അങ്ങയുടെ ദയയ്ക്കും നന്മയ്ക്കും അതിരുകളില്ലെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആമ്മേൻ.

## ഒൻപതാം ദിനം

**(നിയോഗം: മന്ദഗതിയിൽ നിപതിച്ച ആത്മാക്കളുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുക.)**

ഏറ്റവും കരുണാർദ്രനായ ഈശോയേ! അങ്ങു കാരുണ്യം തന്നെയാകുന്നു. അങ്ങയുടെ കനിവു നിറഞ്ഞ ഹൃദയത്തിലേക്ക് മന്ദത ബാധിച്ച ആത്മാക്കളെ ഞാൻ കൊണ്ടുവരുന്നു. ജീവനറ്റ ശരീരങ്ങളെപ്പോലെ ആറിത്തണുത്ത ഈ ആത്മാക്കളെ അങ്ങയുടെ സ്നേഹജ്വാലയാൽ ഒരിക്കൽക്കൂടി എരിയിക്കണമെ. ഏറ്റവും കാരുണ്യമുള്ള ഈശോയെ അങ്ങയുടെ കാരുണ്യത്തിന്റെ മഹനീയശക്തി ഇവരിൽ പ്രവർത്തിപ്പിക്കണമെ. അങ്ങയുടെ സ്നേഹതീക്ഷ്ണതയിലേക്ക് ഇവരെ ആനയിക്കണമെ. പരിശുദ്ധമായ സ്നേഹത്തിന്റെ ദാനം, അവരിൽ ചൊരിയണമെ. എന്തെന്നാൽ യാതൊന്നും അങ്ങയുടെ ശക്തിക്ക് അതീതമല്ലല്ലൊ.

നിത്യനായ പിതാവേ! ഏറ്റവും ദയയുള്ള ഈശോയുടെ തിരുഹൃദയത്തിൽ സ്ഥാനമുള്ള മന്ദത ബാധിച്ച ഈ ആത്മാക്കളുടെമേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമെ. കാരുണ്യത്തിന്റെ പിതാവേ! അങ്ങേ പുത്രന്റെ കയ്പേറിയ പീഢകളെ പ്രതിയും കുരിശിലെ മൂന്നു മണിക്കൂർ സമയത്തെ സഹനത്തെപ്രതിയും ഞാനങ്ങയോടു യാചിക്കുന്നു. അവരും അങ്ങയുടെ അഗാധകാരുണ്യത്തെ മഹത്വപ്പെടുത്തുവാനിടയാകട്ടെ. ആമ്മേൻ.


ദിവ്യകാരുണ്യ നവനാൾ

## പരിശുദ്ധ കുർബ്ബാനയിൽ വാഴുന്ന ഈശോയുടെ നവനാൾ ജപം

### നവദിനാചരണക്രമം

1. പരിശുദ്ധ കുർബ്ബാനയിൽ ഈശോയെ ആരാധിക്കുക.

2. തിരുവചനങ്ങൾ വായിക്കുക.

3. തിരുവചനങ്ങൾ വായിച്ച് ആത്മപരിശോധന ചെയ്യുക.
   a. എന്റെ ഹൃദയത്തെ സ്പർശിച്ച വചനങ്ങളേവ?
   b. വചനങ്ങൾ വായിക്കുമ്പോൾ എനിക്കനുഭൂതിയുണ്ടാകുന്നുണ്ടോ?
   c. വചനങ്ങളിലൂടെ എന്നോട് സംസാരിച്ച യേശുവിന് ഞാൻ എന്തു പ്രതികരണം നൽകും?

4. ഈ നവനാൾ പ്രാർത്ഥനകളും, സ്തോത്രങ്ങളും ജപങ്ങളും മാത്രമല്ലാതെ താങ്കളുടെ മനസ്സിലുയരുന്ന പ്രാർത്ഥനകളും സ്തുതികളും യേശുവിനർപ്പിക്കുക.

5. കരുണയുടെ ജപമാല ചൊല്ലി താങ്കളുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

6. അനുബന്ധത്തിലെ വചനങ്ങളെക്കുറിച്ച് ഗാഢമായി ധ്യാനിക്കുക. പരിശുദ്ധ കുർബ്ബാനയിൽ വസിക്കുന്ന കർത്താവിന്റെ കരുത്തേറിയ ശക്തി നിങ്ങളുടേതായിരിക്കും. കർത്താവിന്റെ കാരുണ്യവും സ്നേഹവായ്പും, സമാധാനവും എന്നും നിങ്ങൾക്ക് ആശാകേന്ദ്രമായിരിക്കട്ടെ.

## ഒന്നാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

വത്സല മകനേ (മകളേ) ഞാൻ നിന്നെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. നിന്നെ ഞാൻ പേരുവിളിച്ച് സ്വാഗതം ചെയ്യുന്നു. മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിന് മുൻപേ നിന്നെ ഞാൻ വിളിച്ചു. ഭാരമേറിയ നിന്റെ ചുമട് എനിക്കർപ്പിക്കുക. ഞാൻ നിനക്ക് മോചനവും, ആശ്വാസവും, വിശ്രമവും നൽകും. എന്നിലാശ്രയിച്ച്, എന്റെ വാക്കുകൾ ചെവിക്കൊണ്ട് തദനുസരണം പ്രവർത്തിക്കുക. എന്റെ ഭവനത്തിൽ നീയെന്നും സ്വീകാര്യനാ(യാ)ണ്. നിന്റെ സ്രഷ്ടാവായ എന്റെ മുമ്പിൽ നിനക്കെന്നും ഉത്ക്കൃഷ്ടസ്ഥാനമുണ്ട്. എല്ലാ പാപങ്ങളും, വിദ്വേഷങ്ങളും, ദുരഭിമാനവും ഇല്ലാതാക്കുന്ന എന്റെ സ്നേഹാഗ്നി നിന്നിലെ സ്നേഹവും ജ്വലിപ്പിക്കട്ടെ. നിന്റെ ജീവിതത്തിൽ സന്തോഷവും, സമാധാനവും നൽകുവാനായി അത്യാകാംക്ഷയോടെ ഞാൻ കാത്തിരിക്കുന്നു. നിന്റെ ജീവിതത്തിലെ എല്ലാ മേഖലകളിലേക്കും കടന്നുവരുവാൻ ഞാനാഗ്രഹിക്കുന്നു. നിന്റെ ഹൃദയത്തിലും, ഭവനത്തിലും, ഓഫീസിലും, തെരുവുകളിലും എല്ലാം എന്നെ സ്വീകരിക്കുക. എന്റെ സ്നേഹവും, ശാന്തിയും ലോകത്തിൽ സ്ഥാപിക്കാനായി നിന്നെ പൂർണ്ണമായും എനിക്കർപ്പിക്കുക.

## ധ്യാനം

**ഏശയ്യ 61:1-4.**

കർത്താവായ യേശുവേ, ഞാൻ തിരുവചനങ്ങൾ പഠിക്കുമ്പോൾ, മനുഷ്യമക്കളെ അങ്ങ് കരസ്പർശനത്താൽ സുഖമാക്കിയതും, തടവുകാർക്ക് മോചനം പ്രഖ്യാപിച്ചതും, വിശക്കുന്നവർക്ക് ഭക്ഷണം നൽകി തൃപ്തരാക്കിയതും, പുതിയ ലക്ഷ്യങ്ങൾ നൽകി രൂപാന്തരപ്പെടുത്തിയതും കണ്ടാനന്ദിക്കുന്നു. എന്നെ അങ്ങയുടെ കരസ്പർശനത്താൽ സുഖമാക്കി. എന്റെ സ്നേഹബന്ധങ്ങളെ വിശുദ്ധമാക്കണമെന്നും, കുറവുകളെ പരിഹരിക്കണമെന്നും ഞാൻ താഴ്മയോടെ അപേക്ഷിക്കുന്നു. കർത്താവേ, ഞാനങ്ങയെ എവിടെ ദർശിക്കും?

**കർത്താവ് അരുൾചെയ്യുന്നു:**

വിശുദ്ധ കുർബ്ബാനയിൽ ഞാൻ നിന്നെ കാത്തിരിക്കുന്നു. കാനായിലെ ജലവും, കുരുടന്റെ കണ്ണുകളും മൃതശരീരവും സ്പർശിച്ച അതേ കൈകൾ നിന്നെ സുഖപ്പെടുത്താനായി, നിനക്ക് സാന്ത്വനം നൽകാനായി വെമ്പൽ കൊള്ളുന്നു. നിന്റെ ജീവിതത്തിൽ പൂർണ്ണമായി പങ്കുകൊള്ളുവാൻ എന്നെ അനുവദിക്കുക. അപ്പോൾ ഞാൻ നിന്നെ ആശീർവദിച്ച് മറ്റുള്ളവർക്ക് ഒരനുഗ്രഹമായി മാറ്റും. നിന്റെ ജീവിതത്തിലൂടെ എന്നെ പ്രകാശിപ്പിക്കുവാൻ നീ സന്നദ്ധനാ(യാ)ണോ?

### പ്രാർത്ഥിക്കാം

കർത്താവേ, അങ്ങ് എന്നിൽ ആവസിച്ച് എന്റെ കൂടെ ചരിക്കണമേ. അങ്ങ് എന്റെ ഹൃദയമായ അൾത്താരയിൽ സമാഗതമാകണമേ. അങ്ങേയ്ക്ക് എന്നോടുള്ള അതീവ സ്നേഹത്തിൽ ഞാൻ നന്ദിയോടെ അഭിമാനം കൊള്ളുന്നു. അങ്ങ് എനിക്കായി പരിശുദ്ധ കുർബ്ബാനയിൽ കാത്തിരുന്നിട്ടും ഞാൻ എന്റെ വേദനകളും യാതനകളും അങ്ങേയ്ക്ക് വിട്ടുതരുവാൻ വിസമ്മതിച്ചു. ഇപ്പോൾ എനിക്ക് അവിടുത്തെ സ്നേഹത്തിന്റെ ആഴവും, പരിശുദ്ധ കുർബ്ബാനയുടെ അർത്ഥവും ബോധ്യമായിരിക്കുന്നു. ഇത് എന്റെ സഹോദരങ്ങളെയും ബോധ്യപ്പെടുത്തുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്റെ സ്നേഹനിധിയായ യേശുവേ, അങ്ങ് എന്നിൽ വസിച്ച് അവിടുത്തേക്കും, മറ്റുള്ളവർക്കും പൂർണ്ണമായി എന്നെ സമർപ്പിക്കുവാൻ സന്നദ്ധനാ(യാ)ക്കണമേ. ആമ്മേൻ.

### നിശ്ശബ്ദമായി പ്രാർത്ഥിക്കുക

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.

## രണ്ടാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ മകനേ(മകളേ) എന്റെ ആലയത്തിൽ വരുവിൻ. എന്റെ പക്കൽ നിനക്കും നിന്റെ സഹോദരങ്ങൾക്കും നൽകുവാൻ ധാരാളം വരദാനങ്ങളുണ്ട്. നിന്റെ എല്ലാ സ്വപ്നങ്ങളും, ഉദ്യമങ്ങളും ഫലമണിയിക്കുവാനുള്ള ശക്തിയും, സന്മനസ്സും എനിക്കുണ്ട്. പ്രത്യേകിച്ച്, ലോകത്തിൽ സാഹോദര്യവും സമാധാനവും കൈവരാനായി പ്രാർത്ഥിക്കുക. കുഷ്ഠരോഗികളെ സൗഖ്യമാക്കിയ എന്റെ കരങ്ങൾ, എന്റെ മക്കളെ തൊട്ടു സുഖപ്പെടുത്താനായി ആഗ്രഹിക്കുമ്പോൾ, അനേകർ എന്നിൽ അഭയം തേടുവാൻ വിസമ്മതിച്ച് അവരുടെ വേദനകളും ക്ലേശങ്ങളും സഹിക്കുകയാണ്. ലോകത്തിൽ അനീതിയും, വിദ്വേഷവും ദ്രോഹബുദ്ധിയും നിറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ, എന്റെ ശക്തിയും സ്നേഹത്തിനും മാത്രമേ അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ കഴിയൂ. വിശുദ്ധ കുർബ്ബാനയിലൂടെയാണ് നിങ്ങൾ ആ ശക്തിയാർജ്ജിക്കുന്നത്.

### ധ്യാനം

പരിശുദ്ധാത്മാവിന്റെ കാരുണ്യവും, ശക്തിയും നാം കൈവരിക്കുന്നത് വിശുദ്ധ കുർബ്ബാനയിലൂടെയാണ്. എപ്പോഴും നമുക്കത് പ്രദാനം ചെയ്യുവാനായി ഈശോ

കാത്തിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ആ ശക്തി കടന്നുവന്ന് നമ്മെ ബലപ്പെടുത്തും. ജോഷ്വായോട് കർത്താവ് അരുൾ ചെയ്തു: "നിന്റെ ആയുഷ്ക്കാലത്തൊരിക്കലും ആർക്കും നിന്നെ തോല്പിക്കുവാൻ സാധിക്കുകയില്ല. ഞാൻ മോശയോടു കൂടെയെന്നപോലെ നിന്നോടുകൂടെയും ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈവിടുകയില്ല" (ജോഷ്വ 1:5). "സകല തിന്മകളിലും നിന്ന് കർത്താവ് നിന്നെ കാത്തുകൊള്ളും. അവിടുന്ന് നിന്റെ ജീവൻ സംരക്ഷിക്കും. കർത്താവ് നിന്റെ വ്യാപാരങ്ങളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും" (സങ്കീ. 121:7-8). "സമാധാനത്തിന്റെ കർത്താവ് തന്നെ നിങ്ങൾക്ക് എപ്പോഴും എല്ലാവിധത്തിലും സമാധാനം നൽകട്ടെ" (2തെസ. 3:16). "നിങ്ങൾക്ക് വേണ്ടതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകാനും, സൽകൃത്യങ്ങൾ ധാരാളമായി ചെയ്യാനും വേണ്ട സകല അനുഗ്രഹങ്ങളും സമൃദ്ധമായി നൽകുവാൻ കഴിവുറ്റവനാണ് ദൈവം." (2കോറി. 9:8-9)

### പ്രാർത്ഥിക്കാം

ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ആഗമനം മനുഷ്യവംശത്തെ നവീകരിച്ചല്ലോ. അങ്ങ് ഒരിക്കലും മങ്ങാത്ത പ്രകാശമായി ഞങ്ങളുടെ ജീവിതപാതയിൽ നിലകൊള്ളണമേ. ഞങ്ങളുടെ ജീവിതത്തിലെ മാലിന്യങ്ങളെയും അജ്ഞാനത്തെയും അങ്ങയുടെ പ്രകാശത്താൽ നീക്കണമേ. ഞങ്ങളുടെ കലഹങ്ങൾക്കും, വർഗ്ഗ വർണ്ണ വിവേചനങ്ങൾക്കും അങ്ങയുടെ സ്നേഹത്തെ

തടയാനാവില്ല. അങ്ങയുടെ മഹത്തായ ശക്തി ഞങ്ങളെ എല്ലാ വിഷമതകളിൽ നിന്നും കാത്തുസൂക്ഷിച്ച്, ഞങ്ങളുടെ ജീവിതത്തിൽ സുഖവും സമാധാനവും പ്രദാനം ചെയ്യട്ടെ. അങ്ങയുടെ സന്നിധിയിൽ സമാധാനത്തിനായി കേഴുന്ന ഞാൻ പലപ്പോഴും എന്റെ സഹോദരങ്ങളുടെ ജീവിതത്തിൽ സമാധാനം നിഷേധിക്കുന്നു. ഞാൻ മാനസാന്തരത്തിനായി കേണപേക്ഷിക്കുന്നു. അങ്ങയുടെ ആഹ്വാനം ശ്രവിക്കാത്തതിന് മാപ്പപേക്ഷിക്കുന്നു. എന്റെ ജീവിതത്തിലെ പരിമിതികളെ അങ്ങേക്ക് സമ്പൂർണ്ണമായി വിട്ടുതന്നുകൊണ്ട് അങ്ങയുടെ ദാസനാ(ദാസി)യാകുവാൻ എന്നെ അനുഗ്രഹിക്കണമേ. ആമ്മേൻ.

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ മക്കളേ, ഞാൻ എന്റെ കരുത്തുറ്റ കരങ്ങൾ നിങ്ങളുടെ നേരെ നീട്ടിയിരിക്കുന്നു. നിങ്ങൾക്ക് ബലവും പിന്തുണയും എന്റെ ശക്തി മാത്രമാണ്. ഞാൻ നിങ്ങളുടെ മദ്ധ്യേ സന്നിഹിതനാണ്. നിന്റെ എല്ലാ ബലഹീനതകളെയും പരിഗണിച്ച് ഒരു ധന്യമായ 'നല്ല നാളെ' പ്രദാനം ചെയ്യുവാനായി രക്ഷകനായ ഞാൻ നിന്നെ പേരുചൊല്ലി ക്ഷണിക്കുന്നു. നീ എന്റെ സ്നേഹവും, സമാധാനവും, രക്ഷയും സ്വീകരിച്ച് എന്റെ സന്നിധിയിൽ ചരിക്കുക.

**നിശ്ശബ്ദമായി പ്രാർത്ഥിക്കുക.**

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.

## മൂന്നാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

വത്സല മകനേ(മകളേ), എന്റെ കൈ കോർത്തുപിടിച്ചു കൊണ്ട് ചരിക്കുക. നിന്റെ കണ്ണീരൊപ്പാനായി ഞാനിതാ ഇവിടെയുണ്ട്. ലോകത്തെ സൃഷ്ടിച്ച നാൾ മുതൽ നിന്നെ ഞാൻ എന്റെ മനസ്സിൽ കാത്തുസൂക്ഷിക്കുന്നു. നിനക്കു തുല്യനാ(യാ)യ വേറെയാരും ഈ പ്രപഞ്ചത്തിലില്ല. അഭിമാനപൂർവ്വം ഈ ശിരസ്സുയർത്തി നിന്റെ ജീവദാതാവായ കർത്താവിനെ സ്തുതിക്കുക. നിനക്ക് വിലയേറിയ ഈ ജീവിതം പ്രദാനം ചെയ്ത നിന്റെ രക്ഷകനെ വാഴ്ത്തുക. നിങ്ങളുടെ ഹൃദയം ചഞ്ചലമാകേണ്ട. നിങ്ങളുടെ വ്യസനങ്ങളും ക്ലേശങ്ങളും എന്നോടു പങ്കുവയ്ക്കുക. കഴിഞ്ഞുപോയ നാളുകളിലെ കുറ്റങ്ങളും കുറവുകളും നിന്റെ മനസ്സിനെ അലട്ടുന്നുണ്ടോ? കുറവുകളെയെല്ലാം പരിഹരിക്കുന്നവനും കരുണ നിറഞ്ഞവനുമായ ഞാൻ എല്ലാ കടങ്ങളും പൊറുത്ത് നിനക്ക് സന്തോഷവും സമാധാനവും പ്രദാനം ചെയ്യും.

**ധ്യാനം**

“വൈകുന്നേരമായപ്പോൾ പലവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നവരെയെല്ലാം അവർ അവന്റെയടുത്ത് കൊണ്ടുവന്നു. ഓരോരുത്തരുടെയും മേൽ കരങ്ങൾ വച്ച് അവൻ അവരെ സുഖപ്പെടുത്തി...” (ലൂക്കാ 4:40-41). ആഴമായ

നൈരാശ്യത്തിലും, പ്രശ്നങ്ങളിലും കഴിയുന്ന നിന്റെ സഹോദരങ്ങളെ അനുസ്മരിച്ച് എനിക്കവരെ സമർപ്പിക്കുക. കോപം, പക, ദുഃശ്ശീലങ്ങൾ എന്നിവയ്ക്കെല്ലാം അടിമയായവരെ കർത്താവിനു സമർപ്പിക്കുക. ഈ മക്കൾക്ക് മോചനവും, സ്വാതന്ത്ര്യവും ലഭിക്കാൻ ദിവ്യകാരുണ്യനാഥനോട് അപേക്ഷിക്കുക. നമ്മുടെ കുടുംബങ്ങളിലും ലോകം മുഴുവനിലും സമാധാനവും സന്തോഷവും കൈവരാനായി പ്രാർത്ഥിക്കുക. നമുക്കായി മുറിവേല്ക്കപ്പെട്ട ഈശോ നമ്മുടെ മുറിവുകളെയെല്ലാം സൗഖ്യമാക്കുന്നു. "അവിടുന്ന് ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു" (സങ്കീ. 147:3). "പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്നെന്നെ നയിക്കുന്നു. അവിടുന്ന് എനിക്ക് ഉന്മേഷം നൽകുന്നു" (സങ്കീ. 23:2-3). "ആടുകൾ ചിതറിപ്പോയാൽ ഇടയൻ അവയെ അന്വേഷിച്ചിറങ്ങും. അതുപോലെ ഞാനെന്റെ ആടുകളെ അന്വേഷിക്കും. ഇരുളടഞ്ഞ അന്ധകാരപൂർണ്ണമായ ആ ദിവസം ചിതറിപ്പോയ ഇടങ്ങളിൽ നിന്നെല്ലാം ഞാൻ അവയെ വീണ്ടെടുക്കും. നഷ്ടപ്പെട്ടതിനെ ഞാനന്വേഷിക്കും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെക്കൊണ്ടുവരും. മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും. കൊഴുത്തതിനെയും ശക്തിയു

ള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവ്വം ഞാന വയെ പോറ്റും" (എസെ. 34:12-16).

## പ്രാർത്ഥിക്കാം

കർത്താവായ ദൈവമേ, അങ്ങ് എന്നെ വഴിനടത്തണമേ. എനിക്ക് പ്രതീക്ഷ നിറഞ്ഞ ഒരു മനസ്സ് പ്രദാനം ചെയ്യണമേ. ഈ പ്രത്യാശ എന്റെ സഹോദരങ്ങളുമായി പങ്കുവയ്ക്കുവാനും, അങ്ങയുടെ സന്നിധിയിലേക്ക് അവരെ ആനയിക്കുവാനും എന്നെ അങ്ങ് ബലപ്പെടുത്തണമേ. ഞാൻ എന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. മറ്റുള്ളവർക്ക് നിർദ്ദേശങ്ങളും ആശ്വാസവചനങ്ങളും നൽകുവാൻ എനിക്ക് പ്രാപ്തിയും കഴിവും നല്കണമേ. ഞാനും അങ്ങയുടെ സാന്ത്വനം സ്വീകരിക്കുവാൻ അർഹനാ(യാ)കട്ടെ. കർത്താവേ, അങ്ങയുടെ പ്രേഷിതനാ(യാ)കുവാൻ ഞാൻ യോഗ്യന(യ)ല്ല. ഞാൻ ഭയത്താൽ ഇടറുമ്പോൾ, എന്റെ പാദങ്ങൾ പതറുമ്പോൾ എനിക്കു താങ്ങും തണലുമായിരിക്കണമേ. എന്റെ കരങ്ങളെ മുറുകെപ്പിടിച്ച് എന്നെ വഴി നടത്തണമേ. ഞാൻ അങ്ങയെ ഒരിക്കലും വിസ്മരിക്കുവാനിടയാക്കരുതേ.

അങ്ങയുടെ സന്നിധിയിൽ നിന്ന് എനിക്ക് എപ്പോഴും ശക്തിയും, ധൈര്യവും, പ്രചോദനവും, സന്തോഷവും നൽകണമേ. കർത്താവേ, അങ്ങയുടെ അൾത്താരയെ സമീപിക്കുവാൻ ഭീതിയുള്ള അങ്ങയുടെ മക്കളെ

ആശീർവ്വദിച്ച് അങ്ങയുടെ കരുണാമയമായ തിരുമുഖം അവർക്ക് വെളിപ്പെടുത്തണമേ. അങ്ങയെ അവർ രക്ഷകനും, ശാന്തിദാതാവും, നാഥനുമായി സ്വീകരിക്കട്ടെ. ആമ്മേൻ.

**നിശ്ശബ്ദമായി പ്രാർത്ഥിക്കുക**

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.

## നാലാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ മകനേ(മകളേ) എന്റെ ഭവനത്തിൽ ആഗതനാ(യാ)യ നിന്നെ കണ്ട് ഞാൻ അത്യധികം സന്തോഷിക്കുന്നു. നിന്റെ ന്യൂനതകളും പരാജയങ്ങളും എന്റെ സന്നിധിയിൽ വരുവാൻ നിന്നെ അനർഹനാ(യാ)ക്കുന്നില്ല. നീ മാനസാന്തരപ്പെടുമ്പോൾ എന്റെ എല്ലാ സ്നേഹവും അംഗീകാരവും നിന്റെ മേലുണ്ട്. നിന്റെ ജീവിതം എനിക്കായി വിട്ടുതരിക. അപ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നീ എന്റെ ദൂതനാ(യാ)യി മാറും. സമർപ്പണത്തിലൂടെയാണ് മഗ്ദലനമറിയം എന്റെ ഉത്ഥാനത്തിന്റെ സന്ദേശവാഹകയായത്. നിന്റെ ജീവിതത്തിലൂടെ, ഞാൻ പരിശുദ്ധ കുർബ്ബാനയിൽ വസിക്കുന്നുവെന്ന സത്യം നീ വെളിപ്പെടുത്തണം. പ്രതീക്ഷയറ്റ ജീവിതങ്ങളിൽ

പ്രത്യാശ നൽകുവാനും, നുറുങ്ങിയ ഹൃദയങ്ങൾ സുഖപ്പെടുത്തുവാനും, വിശക്കുന്നവർക്ക് ആഹാരം നല്കുവാനും, കലങ്ങിയ മനസ്സുകൾ ശാന്തമാക്കുവാനും, എന്റെ സ്നേഹം നിറഞ്ഞ ഹൃദയവും, ശക്തിയുള്ള കരങ്ങളും നിന്നോടുകൂടെയുണ്ട്. ഞാൻ നിന്റെ ദുഃഖം കാണുകയും ദീനസ്വരം ശ്രവിക്കുകയും ചെയ്യുന്നു. ബുദ്ധിമുട്ടുകളിൽ നിന്ന് നിനക്ക് മോചനവും, കഷ്ടതകളിൽ ആശ്വാസവും നൽകുവാൻ ഞാൻ സദാ നിന്റെ സമീപത്തുണ്ടെന്ന് പ്രഘോഷിക്കുവാൻ നിന്നെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.

## ധ്യാനം

വിശുദ്ധ കുർബ്ബാനയിലെ ഈശോയെ ആരാധിക്കുന്നവരുടെ ജീവിതം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ഈ ഭക്തർ ഈശോയുടെ സ്നേഹവായ്പ് രുചിച്ചറിഞ്ഞ് ധാരാളം ഫലങ്ങൾ പുറപ്പെടുവിക്കുന്നു. അവർ വിവിധ മതാനുയായികൾ ആയാലും, അവരുടെ ഭൂതകാലജീവിതം പാപപങ്കിലമായിരുന്നാലും, അവർ തീർച്ചയായും ആത്മീയമായി വളരുന്നു. ദൈവസ്നേഹത്തിൽ അടിയുറച്ച ജീവിതം നയിക്കുന്നു. മതം, ഭാഷ മുതലായ മതിലുകളെല്ലാം മറികടന്ന് ഈശോയുടെ സ്നേഹം എല്ലാ ജനതകളിലേക്കും ഒഴുകിയെത്തുന്നു. അൾത്താരയിലെ യേശുവിന്റെ ശക്തി ലോകത്തെ മുഴുവൻ രക്ഷിക്കുകയും ഐശ്വര്യപൂർണ്ണമാക്കുകയും ചെയ്യുന്നു.

“നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും” (മത്തായി 6:21).

“മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയഭാവത്തിലും” (1സാമുവൽ 16:7).

“ഞാൻ അവർക്കൊരു പുതിയ ഹൃദയം നല്കും. ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തു മാറ്റി ഒരു മാംസളഹൃദയം ഞാൻ കൊടുക്കും. അങ്ങനെ അവർ എന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുകയും, എന്റെ നിയമങ്ങൾ ശ്രദ്ധയോടെ പാലിക്കുകയും ചെയ്യും. അവർ എന്റെ ജനവും, ഞാൻ അവരുടെ ദൈവവും ആയിരിക്കും” (എസക്കിയേൽ 11:19-20).

“ഞാൻ നിന്നെ ഒരു വിധത്തിലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ഇല്ല” (ഹെബ്രാ. 13:5)

**പ്രാർത്ഥിക്കാം**

കരുണാവാരിധിയായ ഈശോയേ, അങ്ങയുടെ അളവറ്റ സ്നേഹവും ക്ഷമാശീലവും ഇന്ന് വെളിപ്പെടുത്തിയതിന് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. എന്റെ കുറവുകളും കുറ്റങ്ങളും ഇല്ലാതാക്കുന്ന അങ്ങയുടെ കാരുണ്യമേറിയ സ്നേഹാഗ്നി എനിക്ക് പ്രത്യാശയരുളുന്നു. അങ്ങയുടെ

ഈ സ്നേഹസന്ദേശം ശ്രവിക്കാതെ അനേകർ അന്ധകാരത്തിലും നിരാശയിലും ജീവിക്കുന്നു.

ഞങ്ങളുടെ അഭയകേന്ദ്രമായ അങ്ങയെ ഈ സഹോദരങ്ങൾക്ക് വെളിപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു മുതൽ ദിവ്യകാരുണ്യത്തിൽ അങ്ങയുടെ കൃപാവരങ്ങൾ സ്വീകരിച്ചുകൊണ്ട് സ്നേഹവും സത്യവും അന്വേഷിക്കുന്നവരെ ഞാൻ അങ്ങയുടെ പ്രകാശത്തിലേക്ക് നയിക്കും. അന്ധവിശ്വാസങ്ങളിലും വിഗ്രഹാരാധനയിലും വഴിതെറ്റി നടക്കുന്നവരെ ഞാൻ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരും. കർത്താവേ, ശാരീരികവും ആത്മീയവുമായ പീഡനങ്ങളനുഭവിക്കുന്നവർക്ക് സാന്ത്വനമരുളുവാൻ എന്നെ ശക്തനാ(യാ)ക്കണമേ. തങ്ങളുടെ സഹോദരങ്ങളെ പീഡിപ്പിക്കുകയും, വേദനിപ്പിക്കുകയും ചെയ്യുന്നവരുടെ മേൽ ദയയുണ്ടാകണമേ. ഒരു പുതിയ ഹൃദയം നൽകി അവർക്ക് മാനസാന്തരത്തിന്റെ വരം കൊടുക്കണമേ. കാരുണ്യവാനായ ദൈവമേ, അങ്ങയുടെ സ്നേഹത്താൽ എന്റെ വാക്കുകളും പ്രവൃത്തികളും പ്രകാശമാനമാക്കണമേ. ആമ്മേൻ.

### നിശ്ശബ്ദമായി പ്രാർത്ഥിക്കുക

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക.

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ മകനേ(ളേ) നീ വിശുദ്ധ കുർബ്ബാന സന്ദർശിക്കുമ്പോഴെല്ലാം എന്റെ അനുഗ്രഹങ്ങൾ നിന്നെ പിന്തുടരുന്നു. തിരുവചനങ്ങൾ, ജ്ഞാനം, സന്തോഷം, സമാധാനം എല്ലാം എന്റെ വിശിഷ്ട വരദാനങ്ങളാണ്. എന്റെ പക്കൽനിന്നു നിങ്ങൾ ഒരിക്കലും വെറുംകൈയോടെ പോകുകയില്ല. നിങ്ങൾ എന്റെ അങ്കണത്തിൽ നിൽക്കുമ്പോൾ വരങ്ങളാൽ അലംകൃതരാകുന്നു. എന്റെ വത്സല മകനേ(ളേ) നിന്നെ ഞാൻ നിന്നെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്റെ ജീവിതകാലം മുഴുവൻ നീ വളരെ പ്രിയപ്പെട്ട, പ്രയോജനമുള്ള വ്യക്തിയാണ്. ഞാൻ നിനക്ക് തന്നിരിക്കുന്ന അനുഗ്രഹങ്ങൾ നിന്റെ സഹോദരങ്ങളുമായി പങ്കുവയ്ക്കുമ്പോൾ അവ നിന്നിൽ ശക്തിയാർന്നു വളരും. ഒരിക്കൽ എനിക്ക് ഒരു ബാലൻ അഞ്ചപ്പവും രണ്ടു മീനും നൽകി. അതിന്റെ ഫലം നമുക്കറിയാമല്ലോ. നീ എനിക്ക് സമർപ്പിക്കുന്നതെന്തും ഞാൻ സ്വീകരിക്കും. നിന്റെ കരങ്ങൾ ഞാനനുഗ്രഹിച്ച് എന്റെ ഉപകരണങ്ങളാക്കി മാറ്റും. കണ്ണുകൾ നിന്റെ സഹോദരങ്ങളുടെ ആവശ്യങ്ങൾ കണ്ടറിയുന്നതിനും, സ്വരം അവർ ദൈവവചനം ശ്രവിച്ച് സംതൃപ്തരാകുന്നതിനും ഉപയോ

ഗിക്കുക. നിന്റെ ഹൃദയത്തിലൂടെ ലോകം എന്റെ സ്നേഹം അനുഭവിച്ചറിയട്ടെ.

### ധ്യാനം

ചോദിക്കുന്നവർക്ക് കൊടുക്കുവിൻ, നിങ്ങൾക്ക് ഒരു തോതും അളവുമില്ലാതെ ലഭിക്കും. ദൈവത്തിന്റെ ഉദാരത പരിധിയില്ലാത്തതാണ്. നിന്റെ ജീവിതം യേശുവിനായി വിട്ടുകൊടുക്കുക. അപ്പോൾ ആത്മാവിന്റെ ശക്തിയാൽ നിന്നെ ദൈവം നിറയ്ക്കും. "ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും, സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും" (ഏശയ്യ 41:10). "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി. 4:13). "എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും" (ഫിലി. 4:19). "ഒന്നിനും യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയുകയില്ല" (റോമ. 8:38-39). "ഞാൻ നിന്നെ ഒരു വിധത്തിലും അവഗണിക്കുകയോ, ഉപേക്ഷിക്കുകയോ ഇല്ല" (ഹെബ്രാ. 13:5).

### പ്രാർത്ഥിക്കാം

ഈശോയേ, ഞാൻ എന്റെ അന്ധത മനസ്സിലാക്കുന്നു. അങ്ങ് എന്റെ കണ്ണുനീർ തുടച്ചുമാറ്റുവാൻ തൽപരനാണെന്ന് ഞാൻ മനസ്സിലാക്കിയില്ല. അതിനാൽ എന്റെ അസ്വസ്ഥതകൾ അങ്ങയോട് പങ്കുവച്ചില്ല. സമാധാനമില്ലാത്ത ദിനങ്ങളുടെയും, നിദ്രാരഹിതമായ നിശകളുടെയും ഒരു ശൃംഖലയാണ് എന്റെ ജീവിതം. ഭീതിപൂണ്ട എന്റെ മനസ്സിന്റെ ആ വേദനമൂലം അങ്ങയുടെ മധുരവചസ്സുകൾ ഞാൻ ശ്രവിച്ചില്ല. എന്നെ പൂർണ്ണമായി സമർപ്പിക്കുവാനും, അവിടുത്തെ ഹിതമനുസരിച്ച് ജീവിക്കുവാനും ഞാൻ ഉത്സുകനാ(യാ)യിരുന്നില്ല. അങ്ങെന്നെ വിട്ടുപേക്ഷിച്ചുവെന്നു തോന്നിയ ദിവസങ്ങൾ ഏറെയുണ്ട്. കാരുണ്യവാനായ ഈശോയേ, അങ്ങിൽ ആശ്രയിക്കുവാൻ എന്നെ പഠിപ്പിക്കണമേ. എന്റെ ഹൃദയവും, ആത്മാവും എന്നെ മുഴുവനായും ഞാനങ്ങേക്ക് സമർപ്പിക്കുന്നു. എന്റെ ഹൃദയത്തിൽ ഞാൻ നിർമ്മിച്ചിരിക്കുന്ന പ്രതിബന്ധങ്ങളായ പക, വിദ്വേഷം, സ്വാർത്ഥത, അസൂയ എന്നിവയെല്ലാം അങ്ങ് മാറ്റണമേ. അങ്ങയുടെ സ്നേഹവചസ്സുകളാൽ എന്റെ വേദനകൾ അകറ്റണമേ. ഈശോയേ, ഞങ്ങളുടെ കുടുംബങ്ങളിൽ അങ്ങ് വസിക്കണമേ. ശിഥിലമായ ഞങ്ങളുടെ സ്നേഹബന്ധങ്ങൾ പുനഃസ്ഥാപിച്ച്

അങ്ങ് ഞങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനമാകണമേ. ഞങ്ങളുടെ കുടുംബങ്ങളെ അങ്ങുതന്നെ നിയന്ത്രിച്ച്, ആദ്ധ്യാത്മിക സൗഖ്യത്താൽ ആവരണം ചെയ്യണമേ. ആമ്മേൻ.

## നിശ്ശബ്ദമായി പ്രാർത്ഥിക്കുക

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.



## ആറാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

ഞാൻ നിനക്കായി കാത്തിരിക്കുന്നു. നിന്റെ സാമീപ്യത്തിൽ എന്റെ ഹൃദയം ആനന്ദം കൊള്ളുന്നു. എല്ലാം വിട്ടൊഴിഞ്ഞ് അല്പസമയം എന്റെ കൂടെ ചെലവഴിക്കുവാൻ സന്മനസ്സ് കാണിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. കടുത്ത പ്രതിസന്ധിയിലും ക്ലേശങ്ങളിലുമുള്ള എന്റെ മക്കളെ സഹായിക്കുവാൻ ഞാൻ എപ്പോഴും തയ്യാറാണ്. എന്റെ സ്നേഹം മാത്രമാണ് നിനക്ക് സംതൃപ്തി നൽകുന്നത്. ഞാൻ നിന്നെ ഒരിക്കലും ഉപേക്ഷിക്കില്ല. നിന്റെ പ്രാർത്ഥനകൾ ആരും ശ്രവിക്കുന്നില്ല എന്നോർത്ത് നിന്റെ ഹൃദയം കലങ്ങേണ്ട. എന്റെ ശക്തമായ കരങ്ങളിലും, വ്യവസ്ഥകൾക്കതീതമായ സ്നേഹത്തിലും നീ വിശ്വാസമർപ്പിക്കുക. നിന്നെ ഞാൻ പവിത്രീകരിച്ച്, പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്റെ സഹോദരങ്ങളെ മാനസാന്തരപ്പെടുത്തുവാൻ ഉതകുന്ന ഉപകരണമാക്കുവൻ ആഗ്രഹിക്കുന്നു. നീ അതിനു തയ്യാറാണോ?

## ധ്യാനം

എന്തുകൊണ്ടാണ് എനിക്ക് ദുഃഖ ദുരിതങ്ങളുണ്ടാകുന്നത്? ദുഃഖത്തിന്റെ തീവ്രനിമിഷങ്ങൾ എപ്പോഴും എന്നെ അലട്ടുന്നതെന്തുകൊണ്ട്? അപൂർണ്ണതകളുടെ ഈ പ്രപഞ്ചം ദൈവത്തിന്റെ പ്ലാനും പദ്ധതികളും നിരാശപ്പെടുത്തുകയല്ലേ? കർത്താവ് അരുളിച്ചെയ്യുന്നു, "നിന്റെ ദുരിതങ്ങളെ വിജയപൂർവ്വം തരണം ചെയ്യുവാനുള്ള ശക്തി എന്റെ പക്കലുണ്ട്. നിന്റെ കണ്ണുനീരെല്ലാം തുടച്ചുമാറ്റുന്ന ദൈവമാണ‍ഞ ഞാൻ. നീ തിരിച്ചുവന്നാൽ എന്റെ സന്നിധിയിൽ നിന്നെ പുനഃസ്ഥാപിക്കാം" (ജറെമിയ 15:18-19). "കർത്താവ് കൃപാലുവും, കരുണാമയനും, ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്" (സങ്കീ. 145:8). "ദുഷ്കൃത്യങ്ങളിൽ നിന്ന് നിങ്ങളെ ഞാൻ ശുദ്ധീകരിക്കുന്ന നാളിൽ, നഗരങ്ങളിൽ ജനം വസിക്കുന്നതിനും നശിപ്പിക്കപ്പെട്ട സ്ഥലങ്ങൾ പുനരുദ്ധരിക്കപ്പെടുന്നതിനും ഞാൻ ഇടയാക്കും" (എസെക്കിയേൽ 36:33). "അവർ പാപം ചെയ്ത എല്ലാ വസതികളിലും നിന്ന് ഞാൻ അവരെ രക്ഷിച്ചു നിർമ്മലരാക്കും. അങ്ങനെ അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവും ആയിരിക്കും" (എസെക്കിയേൽ 37:23). "പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിങ്ങളെ ഒരുമിച്ചുകൂട്ടാൻ

ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു? പക്ഷേ, നിങ്ങൾ വിസമ്മതിച്ചു" (മത്തായി 23:37). "ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും. അവരോടുള്ള എന്റെ കോപം അകന്നിരിക്കുന്നു" (ഹോസേയ 14:4).

## പ്രാർത്ഥിക്കാം

കർത്താവേ, അങ്ങയുടെ തിരുമുമ്പിൽ നിൽക്കുവാൻ എന്നെ യോഗ്യനാ(യാ)ക്കിയതിന് ഞാനങ്ങയെ സ്തുതിക്കുന്നു. ഞാനെന്റെ ജീവിതത്തിലേക്ക് കണ്ണോടിക്കുമ്പോൾ, അങ്ങയെ വിട്ട്, സുഖാനുഭൂതികൾ കാംക്ഷിച്ച് പലയിടങ്ങളിലും അലഞ്ഞുനടന്ന നാളുകൾ അനുസ്മരിക്കുന്നു. നൈമിഷിക സുഖങ്ങളിൽ മുഴുകിയ അർത്ഥരഹിതമായ ദിനരാത്രങ്ങൾ എന്റെ ജീവിതത്തെ താറുമാറാക്കി. ലക്ഷ്യബോധമില്ലാത്ത, മലിനമായ ഈ ജീവിതം ഞാനങ്ങേക്കർപ്പിക്കുന്നു. അങ്ങ് എന്റെ ചിന്തയിലും മനസ്സിലും നിറഞ്ഞുനിന്നാൽ മാത്രമേ എന്റെ ജീവിതം സുരക്ഷിത തീരത്തെത്തുകയുള്ളൂ. എന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അറിയുന്ന കർത്താവേ, എന്റെ പ്രാർത്ഥനകൾക്കും, യാചനകൾക്കും അങ്ങാണ് ഉത്തരം നൽകുന്നത്. എന്റെ ആത്മാവിൽ അവിടുത്തെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കണമേ. അവ നിറവേറ്റാനുള്ള ജ്ഞാനവും ശക്തിയും എനിക്ക് തരണമേ. പരമകാരുണികനായ

ഈശോയേ, അങ്ങാണെന്റെ പ്രത്യാശ. അങ്ങിലാണെന്റെ വിശ്വാസം. അങ്ങാണെന്റെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനവും. ആമ്മേൻ.

**നിശ്ശബ്ദമായി പ്രാർത്ഥിക്കുക**

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.



## ഏഴാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ ജനമേ, എന്നിലാണ് നിങ്ങളുടെ സന്തോഷവും സമാധാനവും. പകയും, വിരോധവും, വെറുപ്പും, നിഷേധാത്മക ചിന്തകളും, സ്വാർത്ഥമനഃസ്ഥിതിയും, അത്യാഗ്രഹങ്ങളുമെല്ലാം മനസ്സിൽ പിരിമുറുക്കമുണ്ടാക്കി നിന്റെ സന്തോഷത്തെ കെടുത്തുന്ന വൈരികളാണ്. എളിമയും ശാന്തതയും ഉൾക്കൊള്ളുന്നവർക്കാണ് രക്ഷയും സംതൃപ്തിയും ഉണ്ടാകുന്നത്.

ഞാൻ എന്തിനു ജീവിക്കുന്നു? എന്റെ ജീവിതത്തിന്റെ അർത്ഥമെന്ത്? ഞാൻ ഇത്രയും ജീവിച്ചതാർക്കുവേണ്ടി? എന്റെ ജീവിതം വഴിമുട്ടി നിൽക്കുന്നതെന്ത്? ഇങ്ങനെയുള്ള നിന്റെ നിത്യാന്വേഷണങ്ങൾ എന്റെ പക്കലെത്തുന്നുണ്ട്. നിന്റെ ജീവിതത്തിന്റെ അർത്ഥം അറിയണമോ? വിളിച്ചവന് നിന്റെ ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കുക. ഈ തിരുനടയിലിരുന്ന് തിരുഹൃദയത്തിന്റെ സ്നേഹം നുകരുക. ആ സ്നേഹം അനേകർക്കായി പങ്കുവയ്ക്കുക. എന്റെ മുറിവുകൾ മൂലമാണ് ഞാൻ ലോകരക്ഷകനായത്. നിന്റെ മുറിവുകളിലൂടെ നീയും മറ്റുള്ളവർക്ക് പ്രിയപ്പെട്ടവനാകണം. അവർക്ക് നിർദ്ദേശം നൽകുന്നവനാകണം. സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നതു

പോലെ സഹനത്തിലൂടെ നീയും ഒരു മെച്ചപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയാകും. ദയയും സഹാനുഭൂതിയും നിറഞ്ഞ പ്രേഷിതനാ(യാ)വുകയും ചെയ്യും. നന്മപ്രവൃത്തിയിലൂടെ നിന്റെ സഹോദരങ്ങളുടെ ദുഃഖം ഇല്ലാതാക്കാൻ നീ സന്നദ്ധനാ(യാ)ണോ?

## ധ്യാനം

"നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും, നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" (യോഹ 15:16). "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15). "ആരെയാണ് ഞാനയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ! എന്നെ അയച്ചാലും" (ഏശ. 6:8). "മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു.... ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം; ഞാൻ കൽപ്പിക്കുന്നതെന്തും സംസാരിക്കണം. നീ അവരെ ഭയപ്പെടേണ്ടാ. നിന്റെ

രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്" (ജറെമിയ 1:5-8). "അവിടുന്ന് അവനെ മരുഭൂമിയിൽ കണ്ടെത്തി. അവനെ വാരിപ്പുണർന്നു. താത്പര്യപൂർവ്വം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു.... വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുന്ന കഴുകനെപ്പോലെ അവനെ നയിച്ചത് കർത്താവാണ്" (നിയമാവർത്തനം 32:10-12).

### പ്രാർത്ഥിക്കാം

കർത്താവേ, ഞാനങ്ങയുടെ സ്നേഹവചസ്സുകൾ ശ്രവിക്കുന്നു. സ്നേഹം നുകരുന്നു. എങ്കിലും അങ്ങയുടെ ദൗത്യനിർവ്വഹണത്തിന് ജീവിതം സമർപ്പിക്കുവാൻ ഭയപ്പെടുന്നു. അങ്ങയുടെ ക്ഷണം സ്വീകരിക്കുവാൻ ഞാൻ അർഹനാ(യാ)ണ്. അങ്ങയെക്കാളുപരി ഞാൻ പലതിനെയും മുറുകെപ്പിടിച്ചിരിക്കുന്നു. അവയെ വിട്ടു മാറുവാൻ മനസ്സുവരുന്നില്ല. എന്റെ ഈശോയേ, അങ്ങയുടെ പ്രകാശം എന്റെ അന്തരംഗങ്ങളിൽ തട്ടുന്നു. അങ്ങ് കാൽവരിയിൽ സഹിച്ച യാതനകൾ പകൽ പോലെ വ്യക്തമായി ഞാൻ മനസ്സിൽ കാണുന്നു. മനുഷ്യമക്കളുടെ സ്നേഹത്തിനായുള്ള അങ്ങയുടെ ദാഹം ഞാൻ മനസ്സിലാക്കുന്നു. അങ്ങേയ്ക്കായി എന്റെ ജീവിതമർപ്പിക്കുവാൻ ഞാൻ തയ്യാറാണ്. ഈശോയേ, എന്റെ കണ്ണുകൾ തുറക്കണമേ. എന്റെ ഹൃദയത്തിൽ അങ്ങയുടെ സ്നേഹം

ജ്വലിക്കട്ടെ. അങ്ങയുടെ വചനം പ്രഘോഷിക്കുവാൻ എന്റെ നാവിനെ ബലപ്പെടുത്തണമേ. ദിവ്യകാരുണ്യത്തിന്റെ അളവില്ലാത്ത ശക്തിയാൽ എന്നെ അഭിഷേകം ചെയ്യണമേ. ആമ്മേൻ.

### നിശ്ശബ്ദമായി പ്രാർത്ഥിക്കുക

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.



## എട്ടാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

എന്റെ അതിരുകളില്ലാത്ത നിത്യസ്നേഹം അനുഭവിച്ചറിയുക. നിനക്കുവേണ്ടി ഞാൻ മനുഷ്യനായി ജീവിച്ച്, സ്ലീബായിൽ തറയ്ക്കപ്പെട്ട്, മരിച്ചു. നിനക്കായി ഇന്നും ഞാൻ അൾത്താരയിൽ വസിക്കുന്നു. നിന്റെ എല്ലാ വേദനകളും യാതനകളും ഉൽക്കണ്ഠകളും നിരാശകളും ഞാനറിയുന്നു. വിശപ്പിന്റെ വേദനയും തിരസ്കരിക്കപ്പെട്ടവരുടെ കണ്ണുനീരും, കാരാഗൃഹവാസികളുടെ ഏകാന്തതയും ഞാൻ മനസ്സിലാക്കുന്നു. നിന്റെയും നിന്റെ സഹോദരങ്ങളുടെയും ആവശ്യങ്ങളും, പ്രാർത്ഥനകളും എനിക്കർപ്പിക്കുക. എന്റെ എല്ലാ മക്കളെയും, പ്രത്യേകിച്ച് പാപം മൂലം എന്നിൽ നിന്നകന്നുപോയവരെയും പീഡിതരെയും നിന്റെ പ്രാർത്ഥനയിൽ അനുസ്മരിക്കുക. ഈ ദൗത്യനിർവ്വഹണത്തിനായി നിന്നെ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.

**ധ്യാനം**

"ആ ദേശത്തെ നശിപ്പിക്കാതിരിക്കേണ്ടതിന് കോട്ട പണിയാനോ കോട്ടയുടെ വിള്ളലിൽ നിലയുറപ്പിക്കാനോ തയ്യാറുള്ള ഒരുവനെ അവരുടെ ഇടയിൽ ഞാനന്വേഷിച്ചു;

എന്നാൽ ആരെയും കണ്ടില്ല" (എസെക്കിയേൽ 22:30). "ജറുസലെമേ, നിന്റെ മതിലുകളിൽ ഞാൻ കാവൽക്കാരെ നിർത്തിയിരിക്കുന്നു. അവർ ഒരിക്കലും രാത്രിയോ പകലോ നിശ്ശബ്ദരായിരിക്കുകയില്ല. അവളുടെ ഓർമ്മ കർത്താവിൽ ഉണർത്തുന്നവരേ, നിങ്ങൾ വിശ്രമിക്കരുത്" (ഏശയ്യ 62:6). "ജോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവനുണ്ടായിരുന്ന ഐശ്വര്യം കർത്താവ് തിരികെക്കൊടുത്തു. അവിടുന്ന് അത് ഇരട്ടിയായി കൊടുത്തു" (ജോബ് 42:10).

### പ്രാർത്ഥിക്കാം

കർത്താവായ ദൈവമേ, അങ്ങ് ഞങ്ങൾക്ക് നൽകിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങയുടെ സ്നേഹത്തിൽ യഥാർത്ഥമായി വിശ്വസിച്ചുകൊണ്ട് എന്റെ എല്ലാ സഹോദരങ്ങളുടെയും, പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഞാൻ അങ്ങേയക്കർപ്പിക്കുന്നു. ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരെ ആശ്വസിപ്പിക്കണമേ. പാപത്തിന്റെ ശക്തിക്കടിപ്പെട്ടതും ദുഃഖസാന്ദ്രവുമായ ഈ ലോകത്തെ അങ്ങേയ്ക്ക് മാത്രമേ രക്ഷിക്കാൻ കഴിയൂ. പിശാചിന്റെ തന്ത്രങ്ങളിൽ നിന്നു മോചനം അങ്ങിൽ മാത്രമാണ് എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അനശ്വരമായ അങ്ങയുടെ സ്നേഹത്തിൽ ഞങ്ങളുടെ പാപങ്ങൾ

ക്ഷമിക്കുകയും, ലോകത്തെ സാത്താന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ.

**നിശ്ശബ്ദമായി പ്രാർത്ഥിക്കുക**

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക.

## ഒൻപതാം ദിവസം

**കർത്താവ് അരുൾചെയ്യുന്നു:**

ദൈവജനമേ, നിങ്ങൾ കീർത്തനങ്ങൾ പാടി സ്തുതിക്കുവിൻ, നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന വരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായവ നിങ്ങളുടെ ജീവനും, ക്രൈസ്തവ വിശ്വാസവുമാണ്. ഞാൻ നിങ്ങളുടെ എല്ലാ പ്രാർത്ഥനകളും ശ്രവിക്കുകയും, യാചനകളുടെ സ്വരം കേൾക്കുകയും ചെയ്യും. നിങ്ങളുടെ പ്രതീക്ഷകളും സ്വപ്നങ്ങളും ഞാൻ ഉചിതമായ സമയത്തും രീതിയിലും നിറവേറ്റിത്തരും. ഈ പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്ന ഞാൻ, ദീർഘദൃഷ്ടിയോടെയും നിനക്കും മറ്റെല്ലാ ജീവജാലങ്ങൾക്കും ഉതകുന്ന രീതിയിലും എന്റെ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യും. ഈ തിരുനടയിൽ കൂടെക്കൂടെ വന്ന് പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. അപ്പോൾ നിന്റെ ദൈനം

ദിന ജീവിതത്തിലെ വിഷമങ്ങളെ ശാന്തമായി നേരിടുവാനും, നിന്റെ ജീവിതം വിജയപ്രദമാക്കുവാനും നിനക്കു കഴിയും. ഈ നവനാളുകളിൽ പങ്കെടുത്ത നിന്നിലൂടെ ഞാൻ അത്ഭുതങ്ങൾ പ്രവർത്തിക്കും. നീയും പോയി എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുക. ക്ലേശിതരും നിരാലംബരുമായ നിന്റെ സഹോദരങ്ങൾക്ക് എന്റെ അളവറ്റ സ്നേഹം നൽകിക്കൊണ്ട് അവരെയും ഈ തിരുനടയിലേക്കാനയിക്കുക.

## ധ്യാനം

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നും പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്തായി 11:28-30). "ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിന്നെ ഉയർത്തിക്കൊള്ളും. നിന്റെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1പത്രോസ് 5:6-7). "കർത്താവ് നിന്നെ അനുഗ്രഹിക്കു

കയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ച് നിനക്ക് സമാധാനം നൽകട്ടെ" (സംഖ്യ 6:24-25).

"നീ ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും നിന്നോടു ഞാൻ കൽപിക്കുന്നു. നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും" (ജോഷ്വ 1:9).

## പ്രാർത്ഥിക്കാം

ഞങ്ങളുടെ കർത്താവായ ഈശോയെ, ഈ ദിവസങ്ങളിൽ ഞാനവിടുത്തെ ഗാഢമായ സ്നേഹം അനുഭവിച്ചറിഞ്ഞു. അവിടുത്തെ സന്നിധിയിൽ അങ്ങയുടെ കാരുണ്യമോർത്ത് സ്തുതികളാലപിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ജീവദായകമായ അങ്ങേ തിരുവചനങ്ങൾ ഞാൻ ശ്രവിച്ചു. പാപിയായ എന്നെ അവിടുത്തെ കാരുണ്യം നിർമ്മലനാ(യാ)ക്കി. മുറിവേറ്റ എന്റെ ഹൃദയത്തെയും ഭാരം വഹിച്ച് ജീവനറ്റ എന്റെ ശരീരത്തെയും അങ്ങ് സുഖപ്പെടുത്തി. അങ്ങയടെ പരിശുദ്ധ കുർബ്ബാന എനിക്ക് ആശാകേന്ദ്രമായി. അങ്ങയുടെ അനുഗ്രഹവർഷത്തിൽ എന്റെ ആത്മാവിന്റെ ഉന്മേഷം ഞാൻ വീണ്ടെ

ടുത്തു. അങ്ങയുടെ അളവില്ലാത്ത കാരുണ്യം അനുഭവിച്ച ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. അവർണ്ണനീയമായ അങ്ങയുടെ എല്ലാ ദാനങ്ങൾക്കും കർത്താവേ അങ്ങേക്ക് സ്തുതി. ആമ്മേൻ.

### നിശ്ശബ്ദമായി പ്രാർത്ഥിക്കുക

കരുണയുടെ ജപമാല ചൊല്ലി നിയോഗങ്ങൾക്കായി സമർപ്പിക്കുക





# അനുദിന പ്രാർത്ഥനകളും ആദ്ധ്യാത്മിക പരിശീലനങ്ങളും (HOME WORK)

ആത്മീയ ജീവിതത്തിൽ വളർച്ച പ്രാപിക്കുവാനും, സ്വയം നശിക്കാതിരിക്കുവാനും, ദൈവത്തിൽ നിന്ന് എല്ലാ അനുഗ്രഹങ്ങളും സ്വീകരിക്കാനും, ദിവസേനയുള്ള പ്രാർത്ഥനകളും ആദ്ധ്യാത്മിക പരിശീലനങ്ങളും മുടക്കം കൂടാതെ ചെയ്യുക. മൂന്നു ഗണങ്ങളിലായി ആകെ 20 ഇനം പ്രാർത്ഥനകളാണ് ഉള്ളത്. ആ മൂന്നു ഗണങ്ങൾ ഇവയാണ്. വ്യക്തിപരമായ പ്രാർത്ഥനകൾ, പൊതുപ്രാർത്ഥനകൾ, സവിശേഷ പ്രാർത്ഥനകൾ.

### 1. വ്യക്തിപരമായ പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള 9 ഘടകങ്ങൾ

1. ആശീർവാദ പ്രാർത്ഥന - CCCc 551
2. ആരാധന - CCCc 552
3. സ്വന്തം ആവശ്യങ്ങൾക്കായുള്ള പ്രാർത്ഥന - CCCc 553
4. മദ്ധ്യസ്ഥ പ്രാർത്ഥന - CCCc 554
5. കൃതജ്ഞത പ്രാർത്ഥന - CCCc 555
6. സ്തുതിപ്പ് - CCCc 556
7. വാചിക പ്രാർത്ഥന - CCCc 569 (അഷ്ടാംഗ പ്രാർത്ഥന)
8. ധ്യാനം - CCCc 570
9. നിദിധ്യാസന പ്രാർത്ഥന- (അതിന്ദ്രിയ പ്രാർത്ഥന)

**CCCc 550 ക്രിസ്തീയ പ്രാർത്ഥനയുടെ അടിസ്ഥാനപരമായ രൂപങ്ങൾ ഏവയാണ്? CCCc 2643 - 2644**

അവ വാഴ്ത്തലും ആരാധനയും യാചനാ പ്രാർത്ഥനയും മദ്ധ്യസ്ഥപ്രാർത്ഥനയും കൃതജ്ഞതയും സ്തുതിയുമാണ്. പ്രാർത്ഥനയുടെ എല്ലാ രൂപങ്ങളും വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

**CCCc 551 വാഴ്ത്തൽ എന്നാൽ എന്താണ്? CCC 2626, 2627, 2645**

ദൈവത്തിന്റെ ദാനങ്ങൾക്കുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് വാഴ്ത്തൽ. നമ്മെ ആദ്യം അനുഗ്രഹിക്കുകയും തന്റെ ദാനങ്ങളാൽ നമ്മെ നിറയ്ക്കുകയും ചെയ്യുന്ന സർവ്വശക്തനെ നാം വാഴ്ത്തുന്നു.

**CCCc 552 ആരാധനയെ നമുക്ക് എങ്ങനെ നിർവ്വചിക്കാം? CCC 2628**

ആരാധന മനുഷ്യന്റെ സാഷ്ടാംഗം പ്രണമിക്കലാണ്. ത്രിശുദ്ധനായ സ്രഷ്ടാവിന്റെ മുമ്പിൽ മനുഷ്യൻ തന്നെത്തന്നെ സൃഷ്ടിയായി അംഗീകരിക്കലാണത്.

**CCCc 553 യാചനാപ്രാർത്ഥനയുടെ വ്യത്യസ്ത രൂപങ്ങൾ ഏവയാണ്? CCC2629, 2623, 2646**

അത് ക്ഷമയ്ക്കുവേണ്ടിയുള്ള ഒരു യാചനയോ നമ്മുടെ ആത്മീയമോ ഭൗതികമോ ആയ എല്ലാ ആവശ്യങ്ങൾക്കും വേണ്ടിയുള്ള എളിമയോടും വിശ്വാസ ആശ്രയത്തോടും കൂടിയ ഒരപേക്ഷയോ ആവാം. എന്നാൽ ദൈവരാജ്യത്തിന്റെ ആഗമനമായിരിക്കണം നാം ആഗ്രഹിക്കുന്ന പ്രഥമ യാഥാർത്ഥ്യം.

**CCCc 554 മദ്ധ്യസ്ഥപ്രാർത്ഥന എന്തിലടങ്ങിയിരിക്കുന്നു? CCC 2634, 2636, 2647**

മറ്റൊരാൾക്കുവേണ്ടി ചോദിക്കുന്നതിലാണ് മദ്ധ്യസ്ഥം അടങ്ങിയിരിക്കുന്നത്. എല്ലാ മനുഷ്യർക്കും വേണ്ടി, സവിശേഷമായി പാപികൾക്കുവേണ്ടി പിതാവിന്റെ പക്കൽ മാദ്ധ്യസ്ഥം വഹിക്കുന്ന യേശുവിന്റെ പ്രാർത്ഥനയോട് അത് നമ്മെ അനുരൂപപ്പെടുത്തുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്നു. മദ്ധ്യസ്ഥപ്രാർത്ഥന ശത്രുക്കൾക്കുവേണ്ടിയും നടത്തണം.

**CCCc 555 എപ്പോഴാണ് ഒരുവൻ ദൈവത്തിന് നന്ദി അർപ്പിക്കേണ്ടത്? CCC 2637, 2638, 2648**

സഭ ദൈവത്തിന് നിരന്തരമായി നന്ദി അർപ്പിക്കുന്നു. സർവ്വോപരി വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് പിതാവിനുള്ള തന്റെ നന്ദിപ്ര

കാശനത്തിൽ പങ്കുചേരുവാൻ ക്രിസ്തു സഭയെ അനുവദിക്കുന്നു. ഓരോ സംഭവവും ക്രിസ്ത്യാനിക്ക് നന്ദി പ്രകാശിപ്പിക്കുവാനുള്ള കാരണമാകുന്നുണ്ട്.

### CCCc 556 സ്തുതിയുടെ പ്രാർത്ഥന എന്താകുന്നു? CCC2639, 2649

ദൈവം ദൈവമാണെന്ന് കൂടുതൽ അടുത്ത് അംഗീകരിക്കുന്ന പ്രാർത്ഥനയുടെ ഒരു രൂപമാകുന്നു സ്തുതി. അതിൽ ഒട്ടും സ്വാർത്ഥ തയില്ല. ദൈവത്തെ അവിടുത്തേക്കുവേണ്ടിത്തന്നെ പാടി സ്തുതി ക്കുന്നു. അവിടുന്ന് ആയിരിക്കുന്നതിന് അവിടുത്തേക്ക് മഹത്വം നൽകുന്നു.

### CCCc 569 വാചിക പ്രാർത്ഥന എങ്ങനെ സവിശേഷമായിരിക്കുന്നു? CCC 2700-2722

ഹൃദയത്തിന്റെ ആന്തരിക പ്രാർത്ഥനയോട് ശരീരത്തെ വാചിക പ്രാർത്ഥന ബന്ധപ്പെടുത്തുന്നു. പ്രാർത്ഥനകളിൽ ഏറ്റവും ആന്ത രികമായവയ്ക്കുപോലും വാചിക പ്രാർത്ഥനയില്ലാതെ നിലനിൽക്കാ നാവില്ല. എങ്ങനെയാണെങ്കിലും വൈയക്തികമായ ഒരു വിശ്വാസ ത്തിൽ നിന്നാണ് അത് നിർഗളിക്കുന്നത്. വാചിക പ്രാർത്ഥനയുടെ സമ്പൂർണ്ണമായൊരു രൂപം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിലൂടെ യേശു നമ്മെ പഠിപ്പിച്ചു.

### CCCc 570 എന്താണ് ധ്യാനം? CCC 2705-2708, 2723

പ്രധാനമായും ബൈബിളിലെ ദൈവവചനത്തിൽ നിന്നാരംഭിക്കുന്ന പ്രാർത്ഥനാപൂർവ്വമായൊരു പരിചിന്തനമാണ് ധ്യാനം. നമ്മുടെ വിശ്വാസത്തെ ആഴമുള്ളതാക്കുന്നതിനും നമ്മുടെ ഹൃദയത്തെ പരി വർത്തിതമാക്കുന്നതിനും ക്രിസ്തുവിനെ അനുഭവിക്കുന്നതിനുമുള്ള നമ്മുടെ ഇച്ഛാശക്തിയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി അത് - ചിന്ത, ഭാവന, വികാരം, ആഗ്രഹം എന്നിവയെ പ്രവർത്തന നിരത മാക്കുന്നു. കർത്താവുമായി സ്നേഹൈക്യത്തിൽ വരുന്നതിനുള്ള ഒരു പ്രാഥമികപടിയാണ് ധ്യാനം.

## CCCc 551 നിദിധ്യാസന പ്രാർത്ഥന എന്താണ്? CCC2709, 2719, 2724, 2739-2741

നിശബ്ദതയിലും സ്നേഹത്തിലും ദൈവത്തിലേക്കുള്ള ലളിതമായ നോട്ടമാണ് നിദിധ്യാസന പ്രാർത്ഥന. അതൊരു ദൈവദാനമാണ്. ശുദ്ധമായ വിശ്വാസത്തിന്റെ നിമിഷവും. അതുവഴി പ്രാർത്ഥിക്കുന്നവൻ ക്രിസ്തുവിനെ അന്വേഷിക്കുന്നു. പിതാവിന്റെ സ്നേഹപൂർണ്ണമായ ഇഷ്ടത്തിന് തന്നെത്തന്നെ വിധേയനാക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ കീഴിൽ ഏകാഗ്രതയുള്ളവനാകുകയും ചെയ്യുന്നു. സൗഹൃദത്തിന്റെ ഗാഢബന്ധമായിട്ടാണ് ആരിലായിലെ വിശുദ്ധ ത്രേസ്യ നിദിധ്യാസനത്തെ നിർവചിക്കുന്നത്. "അതുവഴി നമ്മെ സ്നേഹിക്കുന്നവനായ ദൈവത്തോടൊപ്പം തനിച്ചായിരിക്കാൻ കൂടെക്കൂടെ സമയം കണ്ടെത്തുന്നു."

## വ്യക്തിപരമായ പ്രാർത്ഥനയുടെ ഫലപ്രാപ്തിക്കു വേണ്ടിയുള്ള ആദ്ധ്യാത്മിക പരിശീലനത്തിന്റെ 9 ഘടകങ്ങൾ (pp 10-12)

1. അനുതാപം – P 10
2. അനുരഞ്ജനം – P 11
3. കർത്താവിലുള്ള വിശ്വാസം – P 11
4. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം – P 11
5. ദൈവവചനവും സഭയുടെ പ്രബോധന പഠനവും – P 11
6. കൂദാശ സ്വീകരണം – P 11 (കൂടെക്കൂടെയുള്ള വിശുദ്ധ കുർബാന സ്വീകരണവും കുമ്പസാരവും)
7. കാരുണ്യപ്രവൃത്തികൾ – P 12
8. കൈവയ്പു സ്വീകരിക്കുക – P 12 (സാധിക്കുന്ന അവസരങ്ങളിലെല്ലാം)
9. സഹനങ്ങൾ ദൈവം തരുന്നതല്ല. മറിച്ച് നമ്മുടെ നന്മയ്ക്കായ് ദൈവം അനുവദിക്കുന്നതാണ്. (CCC 412)

## II. പൊതുപ്രാർത്ഥനകൾ (pp 15-32)

**ത്രികാലജപം – P 2 (ദിവസേന 3 പ്രാവശ്യം)**

1. സമർപ്പണ പ്രാർത്ഥന – P 15
2. എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥന– P 18
3. സംരക്ഷണത്തിനും ബന്ധന വിമോചനത്തിനുമുള്ള പ്രാർത്ഥന – P 18
4. വ്യക്തിപരമായ നിയോഗങ്ങളോടുകൂടിയ കരുണയുടെ ജപമാല – P 23
5. നിയോഗങ്ങളോടുകൂടിയ ദൈവമാതാവിന്റെ ജപമാലയും യാമ പ്രാർത്ഥനകളും ചൊല്ലുക – P 31
6. പ്രതിദിനസുവിശേഷ വായന – P 31
7. വായിച്ച വചനഭാഗത്തെക്കുറിച്ച് 5 മിനിറ്റ് ധ്യാനിക്കുക.
8. വി. കുർബ്ബാനയിൽ പങ്കെടുക്കുക. അല്ലെങ്കിൽ ദിവ്യകാരുണ്യ നവനാൾ ജപം ചൊല്ലുക. – P 32 (63-96)

### പൊതുപ്രാർത്ഥനകൾ ഫലപ്രദമായി ചെയ്യുന്നതിനു വേണ്ടിയുള്ള ആദ്ധ്യാത്മിക പരിശീലനത്തിന്റെ 5 ഘടകങ്ങൾ

1. മർക്കോസ് 11:24 പ്രതീക്ഷാനിർഭരമായ വിശ്വാസം.
2. ലൂക്കാ 18:1-8 സ്ഥിരത – ന്യായാധിപനും വിധവയും ഉത്തരം ലഭിക്കുന്നതുവരെ നിരന്തരം പ്രാർത്ഥിക്കുക. – PUSH ( Pray Until Something Happens
3. ലൂക്കാ 18:9–14 – സ്വയം ന്യായീകരണം ഉപേക്ഷിക്കുക – അനുതാപം, അയോഗ്യതയെക്കുറിച്ചുള്ള അവബോധം മുതലായവ.
4. മത്തായി 5:23–24 – നിങ്ങൾ പ്രാർത്ഥന ആരംഭിക്കുന്നതിനുമുമ്പ് ശത്രുക്കളുമായി അനുരഞ്ജനപ്പെടുക.
5. ലൂക്കാ 11:5–8 – വിടാതെയുള്ള മദ്ധ്യസ്ഥപ്രാർത്ഥന

## III. പ്രത്യേക പ്രാർത്ഥനകൾ (ആവശ്യമെങ്കിൽ മാത്രം)

### 1. അതിതീവ്ര പ്രാർത്ഥന (സ്പിരിച്വൽ ഐ.സി.യു. പ്രാർത്ഥന) P-32

നിങ്ങളുടെ ജീവിതത്തിൽ ഗുരുതരമായ പ്രശ്നങ്ങളോ പ്രതിസന്ധികളോ രോഗമോ വരുമ്പോൾ ഒമ്പതു ദിവസത്തെ അതിതീവ്രപ്രാർത്ഥന നടത്തുന്നത് അനുഗ്രഹകരമായിരിക്കും.

#### ചെയ്യേണ്ട രീതി

1. ദിവസവും ഒമ്പതു കരുണക്കൊന്ത ചൊല്ലുക.
2. ദിവസവും സുവിശേഷത്തിൽ നിന്ന് (വി. മത്തായി മുതൽ വി. യോഹന്നാൻ വരെ) ഒമ്പത് അദ്ധ്യായങ്ങൾ തുടർച്ചയായി വായിക്കുക.
3. ദിവസവും ഒരു മണിക്കൂർ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയിലായിരിക്കുക.
4. ഒമ്പതു ദിവസത്തിനുള്ളിൽ ഒരു നല്ല കുമ്പസാരം നടത്തുക.
5. ഒമ്പതു ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുകയും വി. കുർബ്ബാന സ്വീകരിക്കുകയും ചെയ്യുക.

### 2. ലെയോ പതിമൂന്നാം മാർപാപ്പായുടെ ബന്ധന വിമോചന പ്രാർത്ഥന pp -35-40

- പിശാചിന്റെ ഉപദ്രവമോ കൂടോത്ര ശക്തിയുടെ ആധിപത്യമോ ഉണ്ടെന്ന് സംശയമുള്ളപ്പോൾ ഈ ബന്ധനവിമോചന പ്രാർത്ഥന അത്മായ പ്രേഷിതർക്ക് ചെയ്യാവുന്നതാണ്.
- ഈ പ്രാർത്ഥന പ്രസാദവരാവസ്ഥയിൽ ചെയ്യേണ്ടതാണ്.
- ഭൂതോച്ചാടന പ്രാർത്ഥന (Exorcism) വൈദികർക്ക് മാത്രം അനുവദിച്ചിട്ടുള്ളതാണ്. **CIC 1172-1173**

  (ലെയോ പതിമൂന്നാം മാർപാപ്പായുടേത് ഭൂതോച്ചാടന പ്രാർത്ഥന അല്ല വെറും ബഹിഷ്ക്കരണ പ്രാർത്ഥനയാണ്.)

### ബന്ധന വിമോചന പ്രാർത്ഥന

യേശുക്രിസ്തുവിന്റെ അധികാരമുള്ള നാമത്തിൽ തിന്മയുടെ ശക്തികളായ .............., ............., ......... അരൂപികളെ ബന്ധിച്ച് ബഹിഷ്കരിച്ച്, ശാസിച്ച് നിർവ്വീര്യമാക്കി യേശുവിന്റെ പാദപീഠത്തിങ്കൽ ബന്ധിക്കുന്നു (ഹെബ്രാ. 10:13). ഈ ദുഷ്ടശക്തികളെല്ലാം യേശുവിന്റെ രണ്ടാമത്തെ വരവുവരെ അവിടുത്തെ പാദപീഠത്തിങ്കൽ നിത്യബന്ധനത്തിൽ കഴിയട്ടെ. യേശു നിങ്ങളോട് ഉചിതമായി പ്രവർത്തിക്കട്ടെ (യൂദാ. 1:8)

ഈ പ്രാർത്ഥനയ്ക്കുശേഷം ഒരു കരുണകൊന്ത ചൊല്ലുക. (ഈ പ്രാർത്ഥന തനിക്കുവേണ്ടിയും തന്റെ ഒന്നാം തലമുറയിലുള്ള രക്തബന്ധത്തിൽപ്പെട്ടവർക്കുവേണ്ടിയും മാത്രമേ ചെയ്യാവൂ.)

### 3. പാപമോചനം പ്രാപിക്കുക (പാപമോചനം എങ്ങനെ ലഭിക്കും? P-34)

1. ഇനിമേൽ പാപം ചെയ്യുകയില്ല എന്ന ശക്തമായ തീരുമാനമെടുക്കുക (പ്രഭാഷ. 37:17-18)
2. ശിഷ്ടായുസ്സ് വിശുദ്ധിയോടെ ജീവിക്കുക (യോഹ. 5:14)
3. ശത്രുക്കളോട് ക്ഷമിക്കുക (മത്താ. 6:14-15)
4. ഉത്തരിപ്പു കടം വീട്ടുക (ലൂക്ക 19:1-10)
5. ഉപവസിച്ചു പ്രാർത്ഥിക്കുക (യോന 3:4-10)
6. ദാനധർമ്മങ്ങൾ ചെയ്യുക (തോബിത് 4:10-11)
7. വൈദികനോടു കുമ്പസാരിക്കുക (യോഹ. 20:23, യാക്കോ. 5:14-16). **CIC 988** - ഇനമായും എണ്ണമായും 989 - ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുക. **CCCc 305** - മാരക പാപങ്ങളുണ്ടെങ്കിൽ വി. കുർബാന സ്വീകരണത്തിനു മുൻപ് കുമ്പസാരിക്കുക.

(എല്ലാ അക്രൈസ്തവരും പാപമോചനം ലഭിക്കുന്നതിന് ആദ്യത്തെ 6 കാര്യങ്ങൾ ചെയ്താൽ മതിയാകും)

## ആദ്ധ്യാത്മിക പരിശീലനങ്ങൾ

**I. ദൈവത്തെ സ്നേഹിക്കാൻ നാലു വഴികൾ. ദൈവത്തെ എങ്ങനെ സ്നേഹിക്കാം? ആ സ്നേഹം വഴി ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കും. (റോമ 8:28)**

1. ദൈവകല്പനകൾ പഠിക്കുക - ദൈവത്തെ സ്നേഹിക്കുക എന്നാൽ അവിടുത്തെ കൽപനകൾ അനുസരിക്കുകയെന്ന് അർത്ഥം (യോഹ. 5:3). നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും. (യോഹ. 14:5)

2. ശത്രുവിനെ സ്നേഹിക്കുക. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല (1യോഹ. 4:20). ക്രിസ്തുവിൽനിന്ന് ഈ കൽപന നമുക്കു ലഭിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം.

3. സഭയെ സ്നേഹിക്കുക (അപ്പ. 9:4). സഭ യേശുവിന്റെ ഭൗതിക ശരീരമാണ് (കൊളോ. 1:24, CCC 1264 ). യേശുക്രിസ്തുവിൽ സ്നാനമേറ്റ മറ്റു ക്രൈസ്തവ വിഭാഗങ്ങളും ദൈവവിശ്വാസികളായ എല്ലാ മതക്കാരും ഉൾചേർന്നതാണ് യേശുക്രിസ്തുവിന്റെ ഭൗതികശരീരം (CCC 163, 171).

4. പ്രാർത്ഥനയിൽ വസിക്കുക. (CCCc 534).

എന്താണ് പ്രാർത്ഥന? പ്രാർത്ഥനയെന്നാൽ ബോധപൂർവ്വവും നിരന്തരവുമായ ദൈവത്തോടുള്ള സ്നേഹസംഭാഷണവും സ്നേഹത്തിലുള്ള സഹവാസവുമാണ്. ഈ സംഭാഷണവും സഹവാസവും വഴി ദൈവവുമായി ഒരു അഭേദ്യമായ ബന്ധം ഉണ്ടാവുകയും അതിൽ വളരുകയും ചെയ്യുന്ന ഒരു പ്രക്രിയ യാണ് പ്രാർത്ഥന. ഇത്തരത്തിലുള്ള ബന്ധത്തിന് സഹായകര മാണ് pp 91-112 വരെയുള്ള പ്രാർത്ഥനകളും 14 ആദ്ധ്യാത്മിക മനോഭാവങ്ങളും പരിശീലനങ്ങളും.

## II.. 4 മാർഗ്ഗങ്ങൾ : നമ്മെ അലട്ടുന്ന 6 മേഖലകളിലെ പ്രശ്ന ങ്ങളെ അതിജീവിക്കുവാൻ 4 മാർഗ്ഗങ്ങൾ അവലംബിക്കുന്നത് ഉചിതമായിരിക്കും.

1. വചനം ശ്രവിക്കുക (1കോറി. 1:21), പഠിക്കുക, വചനം കേട്ട് അതു പഠിച്ച് പ്രാവർത്തികമാക്കുക. (ലൂക്ക 11:28-29). പ്രശ്നപ രിഹാരം വരെ ഇപ്രകാരം ചെയ്യുക.

2. ഇടയന്മാരുടെ പ്രാർത്ഥന സ്വീകരിക്കുക (ഉൽപ. 20:17). നിത്യവും ബലിയർപ്പണത്തിലുള്ള ഭാഗഭാഗിത്വം അഭിഷിക്ത രുടെ പ്രാർത്ഥന ലഭിക്കാൻ സഹായകരമാണ്.

3. ശാസ്ത്രീയ പ്രതിവിധികൾ അന്വേഷിക്കുക (പ്രഭാ. 38:1-14).

4. പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കുക (1യോഹ. 2:27)

**മൂന്നു ഗണം ആളുകൾ സൗഖ്യത്തിലേക്ക് വരുന്നത് കണ്ടിട്ടില്ല.**

1. മരണസമയം അടുത്തവർ അല്ലെങ്കിൽ ജീവന്റെ ദൈർഘ്യം തീർന്നവർ (സങ്കീ. 139:16). ഈ ആളുകൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ സൗഖ്യത്തിനു പകരം ആശ്വാസവും കൃപാവരങ്ങളും വിശ്വാസവർദ്ധനവും ലഭിക്കാൻ ഇടയാകുന്നു.

2. പരിശുദ്ധാത്മാവിന്റെ സവിശേഷ കൃപാവരം സ്വീകരിച്ചവർ ഇവർ വേദനകളിലൂടെ ദൈവസ്നേഹത്തിൽ വളർന്നവരും മറ്റുള്ളവർക്കായി വരദാനഫലങ്ങൾ ഉപയോഗിക്കുന്നവരുമാണ്. (2കോറി. 12:9). ഉദാ. : വി. കൊച്ചുത്രേസ്യ, വി. അൽഫോൻസാമ്മ മുതലായവർ.

3. വിശ്വാസവർദ്ധനവ് നടക്കാത്തവർ (1പത്രോ. 4:12-14, മർക്കോ. 9:24). ശതാധിപൻ പറഞ്ഞു എന്റെ വിശ്വാസം വർദ്ധിപ്പിക്കണമേ. അപ്പോൾ അവന്റെ വിശ്വാസം വർദ്ധിക്കുകയും മകൻ സുഖം പ്രാപിക്കുകയും ചെയ്തു. മേൽപറഞ്ഞ മൂന്നു ഗണത്തിൽപ്പെടുന്ന ആളുകൾക്ക് അതിസ്വാഭാവികമായ ആദ്ധ്യാത്മിക സൗഖ്യമാണ് ലഭിക്കുന്നത്. ഇവരുടെ സംഖ്യ വളരെ വിരളവും 1 ശതമാനത്തിൽ താഴെയുമായിരിക്കും.

**III.** ഉചിതമായ പ്രവർത്തിക്കുള്ള അഞ്ചു പൊതുതത്വങ്ങൾ, ഇത് മാനസാന്തരപ്പെട്ട ജീവിതത്തിന്റെ തെളിവു കൂടിയാണ് (മർക്കോ. 1:15).

1. എല്ലാം ദൈവമഹത്വത്തിനായി ചെയ്യണം. (1കോറി. 10:31).

2. എല്ലാ പ്രവർത്തികളും ആത്മാക്കളുടെ രക്ഷയ്ക്കുകം മനുഷ്യ രക്ഷയ്ക്കുമായി ചെയ്യുക (മത്താ. 18:6)

3. എല്ലാം സ്വയം വിശുദ്ധീകരണത്തിനുവേണ്ടിയായിരിക്കണം (മത്താ. 16:26).

4. എല്ലാം വേദപുസ്തകപ്രകാരം ചെയ്യുക (മത്താ. 22:29).

5. എല്ലാ പ്രവർത്തികളും സഭയുടെ പ്രബോധനത്തോട് നിരക്കുന്നവയായിരിക്കണം. ഞങ്ങളിൽ നിന്നു നിങ്ങൾ ശ്രവിച്ച ദൈവ വചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിന്റെ വചനമായിട്ടാണ് നിങ്ങൾ സ്വീകരിച്ചത് (1തെസ 2:13).

മുകളിൽ പറഞ്ഞപ്രകാരം നമ്മുടെ പ്രവർത്തികളെയും ചിന്തകളെയും സംസാരത്തെയും ക്രമീകരിച്ചാൽ നമ്മുടെ പ്രവർത്തികൾ ദൈവസന്നിധിയിൽ ശരിയായവയാണ്.

## IV. സൗഖ്യത്തിന്റെയും വിടുതലിന്റെയും 10 ആത്മീയ സ്രോതസ്സുകൾ.

1. ദൈവം (പുറ. 15:26) - എന്തു പ്രശ്നം ഉണ്ടായാലും രോഗം വന്നാലും ദൈവസന്നിധിയിൽ ഇരുന്ന് ദൈവത്തോട് നേരിട്ട് പ്രാർത്ഥിക്കുക. അപ്പോൾ സൗഖ്യവും വിടുതലും ലഭിക്കും (ലൂക്ക. 8:4344).

2. ദൈവവചനം (സങ്കീ. 107:20) - ദൈവം തന്റെ വചനം അയച്ച് വിനാശത്തിൽ നിന്ന് അവരെ വിടുവിച്ചു. അവരുടെ രോഗങ്ങൾ സുഖമാക്കുകയും ചെയ്തു. അതായത് വചനപ്രകാരമുള്ള ജീവിതം സൗഖ്യത്തിനും വിടുതലിനും അനുഗ്രഹപ്രാപ്തിക്കും ആവശ്യമാണ്.

3. യേശുവിന്റെ പരിശുദ്ധ കുർബാനയിലെ സാന്നിധ്യം (CCC 1509).

4. സൗഖ്യശുശ്രൂഷ (CCC 1508) - ദൈവം ചിലർക്ക് തന്റെ പുത്രന്റെ ഉയിർപ്പിന്റെ മഹത്വം വെളിപ്പെടുത്താൻവേണ്ടി രോഗശാന്തിവരം നൽകിയിട്ടുണ്ട്. ചില സമയങ്ങളിലെങ്കിലും രോഗശാന്തിവരമുള്ളവരുടെ പ്രാർത്ഥന കൂടാതെ സൗഖ്യപ്പെടുക അസാധ്യമാണ്.

5. വിശുദ്ധരും അവരുടെ തിരുശേഷിപ്പുകളും (LG 11). വിശുദ്ധരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകളും അവരുടെ തിരുശേഷിപ്പിന്റെ വണക്കവും അനേകരെ സൗഖ്യത്തിലേക്കും വിടുതലിലേക്കും നയിക്കും.

6. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും ജപമാലയും - വേളാങ്ക ണ്ണിയിലും, ലൂർദിലും, ഗ്വാഡലപ്പയിലും, ഫാത്തിമായിലും മറ്റു മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിലും ജപമാല പ്രാർത്ഥനയിലും അനേകർ സൗഖ്യവും വിടുതലും പ്രാപിക്കുന്നുണ്ട്.

7. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടനകേന്ദ്രങ്ങൾ (യോഹ 5 - ബേത്സഥാ കുളം) - ചില സ്ഥലങ്ങളെയും ചില വസ്തുതകളെയും ദൈവം തന്റെ മഹത്വം പ്രകടിപ്പിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അവിടെ അത്ഭുതങ്ങളും വിടുതലും നട ക്കുന്നു.

8. വൈദ്യശാസ്ത്രവും സാങ്കേതിക വിദ്യകളും വഴി സൗഖ്യവും വിടുതലും ലഭിക്കുന്നുണ്ട് (പ്രഭാഷ. 38: 1-14).

9. നമ്മുടെ പ്രാർത്ഥനകളും വിശ്വാസത്തോടെയുള്ള പ്രവർത്തി കളും (മർക്കോ. 8:22-24) - അന്ധനായ മനുഷ്യൻ യേശു പറ ഞ്ഞതനുസരിച്ച് സീലോഹായിൽ പോയി കണ്ണു കഴുകി സൗഖ്യപ്പെട്ടു തിരിച്ചുവന്നു. വിശ്വാസത്തോടെയുള്ള അവന്റെ പ്രവൃത്തി രോഗശാന്തിക്കും വിടുതലിനും കാരണമായി ഭവിച്ചു.

10. ഏഴു കൂദാശകൾ - വിശിഷ്യ കുമ്പസാരവും കുർബാനയും നമ്മെ സൗഖ്യത്തിലേക്ക് നയിക്കുന്നു. കുമ്പസാരത്തെയും രോഗീലേപനത്തെയും സൗഖ്യദായക കൂദാശകളായി സഭ പ്രഖ്യാപിക്കുന്നു (CCC 295).

## V. 20 ശുശ്രൂഷകൾ

നമ്മുടെ സമയവും കഴിവും സാഹചര്യവുമനുസരിച്ച് ഉചിതമായ പ്രേഷിതവേലകൾ ചെയ്യുന്നത് സൗഖ്യത്തിലേക്കും ആത്മീയവിടുതലിലേക്കും നയിക്കും. വരങ്ങളെല്ലാം വ്യക്തികൾക്കും, രാജ്യത്തിനും, സഭയ്ക്കും ശുശ്രൂഷ ചെയ്യാൻ വേണ്ടിയാണ് നൽകപ്പെട്ടിരിക്കുന്നത് (CCC 160).

### വ്യത്യസ്ത ശുശ്രൂഷകൾ (1കോറി. 12:28-30)

1. അപ്പസ്തോലിക ശുശ്രൂഷ – മെത്രാന്മാർ
2. പൗരോഹിത്യ ശുശ്രൂഷ
3. സന്യാസ ശുശ്രൂഷ
4. പ്രഘോഷണം – റോമ. 10:15, 1കോറി. 9:16
5. ഉപദേശം (കൗൺസലിംഗ്) – പ്രഭാ. 25:4-5
6. മദ്ധ്യസ്ഥപ്രാർത്ഥന – 1തിമോ. 2:1-3
7. രോഗശാന്തി ശുശ്രൂഷ – മർക്കോ. 16:18
8. ആന്തരികസൗഖ്യ ശുശ്രൂഷ
9. വിടുതൽ ശുശ്രൂഷ – ലൂക്കാ 13:10-17
10. സാമ്പത്തികക്ലേശ വിടുതൽ ശുശ്രൂഷ – ജോഷ്വാ 1:8, നിയമാ. 28:1-14
11. കുടുംബ സൗഖ്യ പ്രാർത്ഥന – അപ്പ. 16:31 & 37
12. പ്രേഷിത ശുശ്രൂഷ – ഇടവകയിൽ, സഭാസ്ഥാപനങ്ങളിൽ, ധ്യാന കേന്ദ്രങ്ങളിൽ.
13. മതാദ്ധ്യാപനം
14. ദൈവരാജ്യവേലയുടെ സംഘാടനം (പ്രാർത്ഥനാ ഗ്രൂപ്പുകൾ, കൺവെൻഷൻ, ധ്യാനം തുടങ്ങിയവ)

15. ശുശ്രൂഷാമേഖല (അഗതിമന്ദിരം, വൃദ്ധമന്ദിരം, ആരോഗ്യ കേന്ദ്രം, ഭക്ഷണ വിതരണം തുടങ്ങിയവ)

16. ഗാനശുശ്രൂഷ - 2രാജ. 3:15

17. സാക്ഷ്യപ്പെടുത്തൽ - അപ്പ. 1:8

18. ദൈവരാജ്യ പ്രചാരണശുശ്രൂഷ - മറ്റുള്ളവരെ ധ്യാന കേന്ദ്ര ങ്ങളിലേക്ക് പറഞ്ഞുവിടുക - യാക്കോബ് 5:20

19. ദൃശ്യശ്രാവ്യ ശുശ്രൂഷ

20. ദശാംശ ശുശ്രൂഷ - മലാക്കി 3:8-10, ഉല്പ. 14:17-20, ഫിലി. 4:16-20

## മറ്റുള്ളവരെ എങ്ങനെ രക്ഷിക്കാം?

താഴെ കാണുന്ന 3 കാര്യങ്ങൾ ചെയ്താൽ രക്ഷിക്കപ്പെടുവാനോ സൗഖ്യപ്പെടുവാനോ താൽപര്യമില്ലാത്തവരെകൂടി വിശ്വാസത്തി ലേക്കും രക്ഷയിലേക്കും സൗഖ്യത്തിലേക്കും നയിക്കുവാൻ സാധി ക്കും.

1. അവരെ എന്നന്നേയ്ക്കുമായി കർത്താവിന്റെ കരുണയുടെ പെട്ട കത്തിൽ സമർപ്പിക്കുക (ഉൽപ. 8:1).

2. ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന നിത്യേനയുള്ള സമർപ്പണ പ്രാർത്ഥന അവർക്കുവേണ്ടി ചെയ്യുക. – P15.

3. അവർക്കുവേണ്ടി ദിവസവും ഒരു കരുണക്കൊന്ത ചൊല്ലി കാഴ്ച വയ്ക്കുക. – pp. 20-23.

## പൂർവ്വികരുടെ പാപങ്ങൾ നിങ്ങളെ സ്വാധീനിക്കുകയില്ല. (റോമ. 8:1, CCC 1472)

1. വേദപാരംഗതനായ വി. തോമസ് അകിനാസ് ഇങ്ങനെ

പറയുന്നു. പിതാവിന്റെ പാപം മക്കളെ സ്വാധീനിക്കുന്നില്ല (Summa 1427-1429).

2. എസെക്കിയേൽ 18:19-23-ൽ പറയുന്നത് പൂർവ്വിക ശാപമില്ല.

എസെ. 18:19 - പിതാവിന്റെ ദുഷ്ടതകൾക്കുള്ള ശിക്ഷ പുത്രൻ അനുഭവിക്കാത്തതെന്ത് എന്ന് നിങ്ങൾ ചോദിച്ചേക്കാം. പുത്രൻ നിയമാനുസൃതവും ന്യായപ്രകാരവും വർത്തിക്കുകയും എന്റെ കൽപനകൾ അനുസരിക്കുന്നതിൽ ശ്രദ്ധ വയ്ക്കുകയും ചെയ്താൽ അവൻ തീർച്ചയായും ജീവിക്കും.

എസെ. 18:20 - പാപം ചെയ്യുന്നവൻ മാത്രമായിരിക്കും മരിക്കുക. പുത്രൻ പിതാവിന്റെ തിന്മകൾക്കു വേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കു വേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല. നീതിമാൻ തന്റെ നീതിയുടെ ഫലവും ദുഷ്ടൻ തന്റെ ദുഷ്ടതയുടെ ഫലവും അനുഭവിക്കും.

## Abbreviations

1. CCCc - Compendium of the Catechism of the Catholic Church
2. CCC- Catechism of the Catholic Church
3. CIC- Codex Iuris Canonici (Code of Canon Law) Canon Law
4. P- Page from the book “ Infilling, Healing and Deliverance” written by Rev. Dr. Jose Vettiyankal VC

**For more prayers, contact**

**Rev. Dr. Jose Vettiyankal VC**
Email: frjosevet@gmail.com
facebook.com/Fr Jose Vettiyankal
twitter.com/frjosevet
Blog-http://frjosevettiyankal.wordpress.com
www.frjosevettiyankal.org